

# ചാംബ്രട്ട...



ഫാറൂഖ് കോളേജ് മാഗസിൻ 2010–2011



**കി**തച്ചു കൊണ്ട് ഓടുന്നവയും,
അങ്ങനെ കുളമ്പ് കല്ലിൽ ഉരസി തീപ്പൊരി പറപ്പിക്കുന്നവയും,
എന്നിട്ട് പ്രഭാതത്തിൽ ആക്രമണം നടത്തുന്നവയും,
അന്നേരത്ത് പൊടിപടലം ഇളക്കിവിട്ടവയും
അതിലൂടെ ശത്രു സംഘത്തിന്റെ നടുവിൽ
പ്രവേശിക്കുകയും ചെയ്യുന്ന കുതിരകൾ തന്നെ സത്യം.
തീർച്ചയായും മനുഷ്യൻ തന്റെ രക്ഷിതാവിനോട്
നന്ദികെട്ടവൻ തന്നെ.

*(**വിശുദ്ധഖുർആൻ**: 100: 1–6)*

# Editorial




*ചീഫ് എഡിറ്റർ*
**പ്രൊഫ. ഇ.പി. ഇമ്പിച്ചിക്കോയ**

*സ്റ്റാഫ് എഡിറ്റർ*
**ഡോ. എം.എ. സാജിദ**

*സ്റ്റുഡന്റ് എഡിറ്റർ*
**അനസ്. എൻ.പി**

*കവർ ഡിസൈൻ*
**ലുഖ്മാൻ മൊറയൂർ**

*ഡി.ടി.പി. ലേഔട്ട്*
**അഷ്ക്കർ**
ഹൈടെക് ക്രിയേറ്റീവ് ഡിസൈ
നേഴ്സ്/ **9947414647**

*പ്രിന്റിംഗ്*
എ - വൺ ഓഫ്സെറ്റ്, രാമനാട്ടുകര




## നന്ദി...

ഹൈടെക് സുഹൃത്തുക്കൾക്ക്


അശ്വതി ആർ. നായർക്ക്

ഫർസാനക്ക്

ഷംനഹമീദിന്

അബൂജുനൈജിന്


വസീമിന്




LokpalBill


CORRUPTION

## സമർപ്പണം



ഓട്ടോ ഗാരേജുകളിൽ തൂക്കിവിൽപനയുടെ
ഊഴവും കാത്ത് കരിപുരണ്ട കട്ടപ്പുറങ്ങളിൽ
നീതി തേടുന്ന ലാംബട്ട്ര?



# ചീറിപ്പായുന്ന ലാംബട്ര?

**ലാ**ബട്ര... ഒരു കാലത്ത് നഗരവീഥികളെ ശബ്ദമുഖരിതമാക്കിക്കൊണ്ട് ചീറിപ്പാഞ്ഞിരുന്ന ഈ മുച്ചക്ര വാഹനത്തിന് ഇന്ന് പുതിയോരു ലേബൽ നൽകേണ്ടിയിരിക്കുന്നു; വംശനാശത്തിന്റെ നിറം മങ്ങിയ ലേബൽ. ക്രമാനുഗതമായ ജീവിതമാറ്റം ലാംബട്രയെ പരിണാമപ്രക്രിയയിലൂടെ മാറ്റിയെടുത്തു. കുരങ്ങിൽ നിന്ന് മനുഷ്യനിലേക്കെന്നപോലെ ഇവിടെയും പരിണാമസിദ്ധാന്തം സാംക്രമികമായ പരിവേദനത്തിലൂടെ പ്രയോഗിക്കപ്പെടുന്നു. അതെ, ഇന്ന് ലാബട്ര കട്ടപ്പുറത്താണ്. ക്ലാവുപിടിച്ച പണിശാലകളുടെ കരിപുരണ്ട സ്റ്റോറുകളിൽ നീതിയും കാത്ത്... പാവം, കാലങ്ങളോളം നിർജീവമായി കിടക്കുന്നു.


അർത്ഥത്തിൽ ഞാനും നീയും ഇതുപോലെ ലാബട്രകൾ തന്നെയാണ്. മനുഷ്യശരീരം ജീവിതത്തിന്റെ പരിപൂർണ്ണമായ നാലവസ്ഥകളിലൂടെയും കടന്നു പോകുന്നു. ബാല്യത്തിന്റെ കുന്നായ്മയിലും കൗമാരത്തിന്റെ ചാഞ്ചല്യത്തിലും യൗവനത്തിന്റെ സൗകുമാര്യതയിലും ശേഷം ലാബട്രപോലെ വലിച്ചെറിയപ്പെടുന്ന വാർദ്ധക്യത്തിന്റെ ഒറ്റപ്പെടലിലും നാം എത്രയോ മുച്ചക്രവാഹനമായി രൂപാന്തരപ്പെടുന്നു. പ്രപഞ്ചം, ലോകം, പ്രകൃതി.. എല്ലാം ലാംബട്രകളായി പരിണമിക്കുന്നു. ഒരുകാലത്ത് ഹൃദയത്തുടിപ്പോടെ സജീവ സാന്നിദ്ധ്യമായി, മറുകാലത്ത് ആരോരുമില്ലാതെ ഒറ്റപ്പെട്ട് ഓർമ്മകളിൽ മറഞ്ഞമറവിയെപ്പോലെ.. ലാംബട്രകളായി ഓരോ പരമാണുവും.

ലാബട്ര! ഓട്ടോറിക്ഷയുടെ പൂർണ്ണനാമത്തിൽ അറിയപ്പെടുന്ന എന്നാൽ വിസ്മൃതിയിൽ അലിഞ്ഞുചേർന്ന ഇവയ്ക്ക് അപൂർവ്വതയിൽ നിന്നും പൂർവ്വതയിലേക്ക് വിസ്മൃതിയിൽ നിന്ന് ചേതനയിലേക്കെത്താൻ ഒരു പിടിവള്ളിയെന്നോണം ഈ മാഗസിൻ...



# കേളികൊട്ട്

വേദിനിറഞ്ഞു തുടങ്ങിയിരിക്കുന്നു. കലാലയ കവാടത്തിലൂടെ സർഗ്ഗ പ്രതിഭകൾ കടന്നുവന്നുകൊണ്ടിരിക്കുന്നു. ഗ്രീൻറൂമിൽ ആടയാഭരണങ്ങളുടെയും ചായത്തിന്റെയും വർണങ്ങൾ പ്രഭചൊരിഞ്ഞുകൊണ്ടിരിക്കുന്നു. എണ്ണത്തിരിയുമായി വെളിച്ചം തൂവാൻ നിങ്ങൾ വേദിയിലേക്ക്.... കലാലയത്തുടിപ്പിലേക്ക്.... അരങ്ങിലിനി സർഗ്ഗാത്മകതയുടെ നയന വിരുന്നുമായി കലാകാരന്മാർ



അടിവസ്ത്രത്തിനുള്ളിൽ ഒളിപ്പിച്ചുവെച്ച മാരക
ഹൈഗ്രേഡ് മാരകായുധത്തിന്റെ രാസപരിണയ
ത്തിൽ ദോഹം നോവുന്ന ചാവേറുകളുടെ
മാനസികപിരിമുറുക്കങ്ങൾ....
നിനക്കും എനിക്കും കാണാവിദൂരത്താണ്.



# AT THE PERIPHERY

I stared at Chaliyaras the bus sped along the span this viaduct is not an unfamiliar one. Built in 1883, the old bridge at Feroke is a reminder of a conquest by the Union Jack that spreads in the annals of history and diffuses on to the present. Tippu,s Farookabad now Feroke on the banks of Chaliyar, is an industrial hub. Among the many buses stationed at the bus stand, one board announced my destination. Caught in a tide of commonfolk, I said to the man in uniform "Farook College"

The only first grade college in Central Malabar at the time of its inception, Farook College, a name commemorative of Khalifa Uimar Al Farook and Tipp Sultan's Farookabad was declared open on August 12, 1948.

The bus took a 'u' turn, it was the last stop. I stepped out in front of Raja Gate. Many had walked past that corridor, some in their pursuit to form an identity, some whose resonance echo the revival of spring and yet others who stay on to absorb the hues that they have spilled in the compus.

We dream and then we walk to realise those dreams. Years post sitting on an arm-chair, at the verge of a fairytale, this journey of life become moments to Cherish.

While we knocked at the small doors of a big house, my mind drew the portrait of a Principal; tall, thin, inquisitive eyes that stares at you thought spectacles misplaced upon the nose Former Principal of Farook College, K.A. Jaleel Sir was as we had imagined him to be but the, Shakespere's second childhood had applied pancakes upon this man of eighty eight. His alto had the aging physic. He greeted us as we were travellrs from the archaic olden day who had come to remind him of an age experienced. His words and observations about life commanded respect years of profession and the monotonous retired life ** had chiseled emotions, expressions and experiences onto this life . His shared his past with the present A native of Ernakulam, he completed his graduation from Kerala and there-upon went to Tamil Nadu to make a living.

"It was difficult to initiate a self reliant existence"- He says .

When he joined farook College, he met with problems of transportion till 1951, he was a frequent vistor to his ancestral house. In 1951he owned a house and become a part of Farooke College forever.

Now a days, because of poor health, he find it difficult to take a walk outdoor. He cited that we should change our attitude with passing years. During his time, there were Only limited opportunities to procure a govt service. His friends have parted. WE felt the melachony strain of solitude.





Someone rang the bell; it was his old student, an clement of the past. We took lea
for a teacher and a student to ride back on the string of memories.

Jaleel Sir is a venerable person and his neighbour, enthusiastic and energe
.U.Muhammed sir and his sweet flowering plants greeted us with pleasure Sir had spent
years of his life in the College compus,3 year as a student of B.A Mathematics an
teacher afterwards.

As the leaves shedded from the tree of time, mathematics has become a scier
rather an arts subject. He worked in Central Secrctariat, New Delhi for 10 years bef
joining Farook College Education sector in 20th century was not this advanced a
Mr.U.Muhammed rooled at Areacode had to avoid the suggestions of 20th century was r
this advanced and Mr.U.Muhammed rooled at Areacode had to avoid the suggestions
may , not to fall in the grave of such a profession where there is neither pension r
gratuity. But his passion towards teaching paved his way to Farook College and this add
upto the prosperity of Farookabad . This decision never made him regret.

He was a student to Jaleel Sir.Transformations from being collegues to have ended
in the rare meeting during an evening walk to 'paruthipara' and the wore out footsteps
peers flashed on his face as if a girl is screaming for her lost love.


A person very fond of books was experieng the change in educational field from 2(
to 21st century. Before the introduction of higher secondary, Pre-degree was more dis
pline oriented, he recollects. girls were permitted to acquire admission in college or

after 12 years of esstablishment of Farook College. Iillthen the only lady to the college was the milk maid of North East hostel. Greater discordance arrive as the girls prove to be a majority today. Jurning over the pages of book of life at Farook College, the images of college premises seems empty.

We descended the steps with dense trees on either sides to knock a four streaked door. Gopinathan sir invited us in. His face taught us that the signs of old age are the alfluents of long and deep experiences. Thought we cannot control the lenght of out life, we can mould its bredth and depth; his appearance reminded

Swinging back on the rope of memories, he reached the stable of 'Moonnilakam' The foundation stone of a very reputed college in South India is laid in the underfoot of a cattle shd!! Under the supremacy of first Principal Mr.Sayed Moideen Shah, with the help of many weaithy and alfiuent residers of Chungam, the college present poshition where thre borne only acres of casew plantation and on old temple. the first building Farook College had only the size of present Abussabah Library Complex.

Mr. Gopinathan was professor of Bsc. Mathematics since 1952. The college acquired many fecilities soon after it eatablishmen. For him, College never means many building beavtifully, but a place for developing all types of inbon and acguired skills of a student. " I love tennis rother than ***. I was a champion for 17 years. New generation has no interest towards tenni. They just love spending house hearing cricket commentaries and do they play?? Never...?? he leughts





When we expressed our covetousne
to the unripen mangoes in his orchard,
asked, "how can you live without trees?

"Retired life is very interesting in t
sense that you have no serious works
do.You can spare thime in the things y
love and I love singtseeing" He sail.

The only transport vehicle Faro
College a van type bus during the 195
'JANAKI RAM MOTORS', has now left the pl
form, paving the way for many to play th
roles in moulding.

When he was asked about his frier
and collegues, with a faded sm
Gopinathan Sir anwered that his friends h
left to merge with their desting


The aura radiated rays of divinty.

Andrew sir was short, with his nea
combed hair. Heoppeared belor us in wh
clothes. His house which stood near
Temple alluring. When he opened the do
we came acroos a number of photogra
hung across the bredth of the room. Th
snapshots of the past fits into the fact
memories mean a lot to this being wh
rowing to wards the blazing horizon.

Andrews Sir joined Ferook Colleg
1953. Before joining this institution,
worked in Allepey

St. Joseph's College Devagiri. It
Jaleel Sir who brought him here. Andr
Sir evoked nostalgia in his speaking. He
ollected the old college building and
fence wood that surrounded the colleg
was he who designed the starsho
foutain in front of the college. He recogni
Jaleel Sir agood administrator Alove
books, he has got a collection of writinas that descened from the course of thim. He gav
a Copy his autobiography "First Person." His innocence somewhere hidden in this coll

one the parements in the Farookian villege, created and maintained by the scho
of Farookebad, we met Aboobacker Hajee. Aboobacker Hajee owned and managed
Cnteen thajched wth palm leaves when Mr. Pasha was the Principal. The self ser



system and token system commenced during the 1966, is in praclice till date.

Can we ever imagine a tea for 6 paise and meals for 12 paise. But there are many who could enjoy this privilege at Farook College. The Former Principal Mr. A. Kutty Alikutty, present principal, Mr. Imbichkoya, Mr.Yousuf Ali(Dept of Eco), Mrs. Zuhara(HOD-Chemistry), Mr.Siraj (HOD,Computer Saience) are a few among them who had changed their role from being listerners to become speakes.

A multitude grown and rooted beyond the circumference of Farook College, have found their place in the antecedents. Their name will be revealed to those who vouch for the history of Farookabad.

We wre slowly realising that their foutsteps are carved so deeply in each sand granulrs of Farook College thatthecorridors breath there reminiscence each time the breeze blows.

The narrow paths thought which Janaki Ram Motors played hide and seek has widen to the amending wares from the great sea of knowledge-Farook college and its premises-AFarookion Village



# ഒരു നൊസ്റ്റാൾജിയൻ വസന്തം

**ഇ**ന്നലെ പെയ്തു തീർന്ന മഴയിൽ കുളിരുകൊണ്ട ഓർമ്മകൾ ഇടവഴിയിൽ നിന്നം
മാറുമ്പോൾ കാറ്റിന്റെ മറുമൊഴിയുണർത്തുന്ന വിദ്യാലയ സ്മരണകൾ ഉള്ളിൽ കോറിയ
നിറമുള്ള നിമിഷങ്ങൾ.അതിലൂടെ ഒലിച്ചിറങ്ങിയ കാലത്തിന്റെ അനുസരണം. മണ്ണിലാഴ്
ങ്ങിയ ആ തുള്ളികളുടെ ഞരമ്പിലൂടെയുള്ള ആ മറുയാത്ര ശിഥിലീകരിക്കപ്പെട്ട മോഹ
ങ്ങളെ വീണ്ടും ഉയർത്തുകയാണ്.

ഓരോ കല്പടവും കടന്ന്കയറി അവസാനം എത്തിയത് ആ ഓർമ്മകുടീരത്തിന്റെ
മുന്നിലാണ്. പച്ചപ്പ് നിറഞ്ഞ ഇടനാഴികളും, പുൽനാമ്പ് കതിരണിഞ്ഞ ഈറൻവഴികളി
സംഗീതത്തിന്റെ മാധുര്യം കാത്തുവെച്ച പുഴയോരകളനാദവും ആ നിർവൃതിയിൽ വെ
വീശി. മണ്ണപ്പംചുട്ട് നിന്റെ കൈയ്യും പിടിച്ചുനടന്ന 'ബാല്യവും മണ്ണിൽ മാങ്ങയണ്ടി കുഴ
വെള്ളം തേവിയ നാളുകളും അതിൽ ഓർമ്മകൊണ്ടു. കാലത്തിന്റെ കുത്തൊഴുക്കിൽ
പരസ്പരം കയ്യകലം ദൂരെയായ് പിന്നെ കാണാമറയത്തായ്. അങ്ങിനെ പരസ്പരം രണ്
യിലകളായ് കാറ്റിൽപറന്നു. ഒരോ നാഴികയും വിനാഴികയും കടന്ന് നമ്മൾ മനസ്സിൽ ക
രുക്കിയിരുന്നു. ആശകളും പറയാൻ മറന്ന ഇണക്കങ്ങളും, പിണക്കങ്ങളും അതിന്റെ ഭി
യിൽ കരുത്ത് പകർന്നു.

വാതിൽ തുറന്നു തന്ന ഓരോ മനസ്സിലും അവസാനമായികുറിച്ചിടാൻ ഒരു വരിമാത്രമേ ഉണ്ടാവുവുകയുള്ളൂ ഇനിയെന്ന് കാണും ക്യാമ്പസ് ജീവിതത്തിന്റെ അവസാന നിമിഷങ്ങൾ പങ്കിടാൻ മാത്രം വിധിയൊരുക്കുന്ന. സുഹൃത്തുക്കൾ ഓരോ ഇലപൊഴിയുമ്പോഴും ദല മർമ്മരം കേൾക്കുമ്പോഴും ഓർമ്മയുടെ മാധുര്യം അർഥപൂർണ്ണമാവുകയാണ്. അന്ന് കുടകീഴിൽ ചൂടുള്ള കാപ്പിയൂതി കുടിച്ചപ്പോൾ കണ്ണിൽ നിന്നും മാഞ്ഞുമറിഞ്ഞ് പോയത്. സ്വപ്നങ്ങൾ കൂടൊരുക്കിയ നിമിഷങ്ങളാണ്. ഊതിവീർപ്പിച്ച ബലൂണിൽ മൊട്ടുസൂചികുത്തിയതു പോലെ ഒരു പിരിമുറുക്കത്തിൽ എല്ലാം അവസാനിക്കാൻ പോവുകയാണ്.

കണ്ണീരും കാലത്തിന്റെ അടയാളമാവുകയാണ്. ഓരേ ബെഞ്ചിൽ, ഓരേ ശബ്ദങ്ങൾ, ഒരേ  മുഖങ്ങൾ, അവ പരസ്പരം അറിയാതെയലുമ്പോൾ മനസ്സിൽ കുപ്പിവളകിലുക്കം നിലക്കുകയാണ്. തോങ്ങലായ് തലോടലായ് കൂടെയെത്തുന്ന ഗുരുകണങ്ങളും കൈവിടീത്ത സ്നേഹത്തോടെ ഓടിയെത്തുന്ന സ്മരണൾക്കും മുന്നിൽ വിധിയണയുകയാണ്. സമയം വൈകിവരുന്നവേളയിലും ഓരോ മുഖത്തിന്റെയും പുഞ്ചിരിയകന്ന് പോയിതുടങ്ങും. ഇളം വെയിലകന്നാൽ തളർന്നാടുന്ന സൂര്യകാന്തിപൂക്കളെപോലെ ഓരോ സുഹൃത്സുമങ്ങളും വാടിതുടങ്ങും. അപൂർണ്ണതയാണ് ജീവിതത്തിൽ ആകർഷണീയത എന്ന് ***പോലെ ഓരോരുത്തരും പറഞ്ഞുതുടങ്ങും സങ്കീർത്തനങ്ങളിൽ നിന്ന് കോട്ടകന്ന ഈരടികൾ മാത്രമായ് ഇവിടെ നമ്മെ കാലം ഓർമ്മിയ്ക്കും അതിന്റെ വായ്ത്താരിചെല്ലുകൾ അയവിറക്കി കൊണ്ട് ചില ഗുരുനക്ഷത്രങ്ങൾ പിന്നെയും നമ്മെ സ്മരിക്കും. അതിൽ മന്ത്രമായി ഒതുങ്ങുന്ന അക്ഷരങ്ങളായിമാറാൻ ഈ ഈരടികൾക്ക് വീണ്ടും അവസരമൊരുങ്ങും.

കടൽകടന്ന ഓർമ്മകളിൽ നങ്കുരമിട്ട് സ്മരണകൾ പുതുക്കാൻ പിന്നെയുമോരു പൂർവ്വ വിദ്യാർത്ഥി സംഘമമെത്തുമ അന്ന് അതിൽ വന്നണയുന്ന കുരുവികൾക്ക് കുഞ്ഞുകുരുവി ** ഉണ്ടായേക്കാം. പിന്നെയാദ്യം കണ്ട ഞെട്ടലായ് കൊച്ചു കൊച്ചു പുഞ്ചിരിയാ





യിൽനിന്നും ഒരു കെട്ടിപിടുത്തത്തിന് വകയൊരുങ്ങും അപ്പോൾ കണ്ണിൽനിന്നും ഒരു തുള്ളി കണ്ണുനീർ മിഴിയിലൂടെങ്ങനെ ഒലിച്ചിറങ്ങും ആ കെട്ടിപിടുത്തത്തിന് ആഴം കൂടും

അതെ, അവസാനമായ് പറയാൻമറന്നതും പറയാൻ  കൊതിച്ചതും ആ ഇത്തിരിവേളയിൽ പറഞ്ഞുതീർക്കാൻ ശ്രമിച്ചും പക്ഷോ ആ ഇത്തിരികൂടിയുള്ള നിമിഷങ്ങൾ ആകാശത്തെക്കാൾ വലുതായി വരും അതിൽ എല്ലാം അങ്ങനെ ലയിച്ചടങ്ങും അന്ന് നമ്മൾ കുഴിച്ചിട്ട മാങ്ങ.ണ്ടിയ്ക്ക് പരിവർത്തനം സംഭവിച്ചിരിക്കുന്നു. അതിന്റെ ചില്ലകൾ സ്നേഹത്തോയെ താഴ്ത്തി ഊഞ്ഞാലിടാൻ നമ്മെ മാടിവിളിക്കയായ്. മരം വളർന്നു അംബരത്തേക്കാൾ ഉയർന്നു മേഘങ്ങളുമായ് കുശലം ചൊല്ലി. ചുംബനംകൊണ്ടു, അങ്ങിനെ തലപൊന്തിച്ച് ഉന്നമൗനയിനിൻക്കുന്ന കാഴ്ച്ചയിൽ സ്വയംമറക്കുന്ന നമ്മുടെ ഓർമ്മകൾ.

വാൾത്തലപ്പിന്റെ ധ്വനിയും രക്തവർണ്ണത്തന്റെ ചായവും പിന്നെ കണ്ണീർകോട്ടയും തേടി അയാൾ വരും. സമയത്തിന്റെ രഥത്തിലേറി മരണം. നമ്മുടെ വൻമരത്തെ മണ്ണിൽനിന്നും പിഴുതെടുക്കാൻ രോക്ഷംകൊണ്ടു.' പക്ഷെ വാൾത്തലപ്പിൽ ആ തണ്ടുകൾ രക്തം പൊഴിക്കാൻ ശ്രമിച്ചപ്പോൾ എന്റെ ഹൃദയം വല്ലാതങ്ങ് പിടഞ്ഞു. നിന്റെ, എന്റെ ഓർമ്മക്കായ് തളിർത്തു പന്തലിച്ച അതിന്റെ ശാഖകൾ അഗാധമായ നമ്മുടെ സ്നേഹത്തിന് അടയാളമല്ലേ. വീണ്ടും ദിനങ്ങൾ കടന്നുപോകുമ്പോൾ അതിന്റെ സാക്ഷ്യത്വം ഇല്ലാതാക്കാൻ പോകുന്നില്ലല്ലോ നമ്മുടെ മനസ്സിൽ നിന്നും ഇവിടെ വൻമരമായി രൂപംകൊണ്ട

സുഹൃത്സ്നേഹത്തെ നമ്മളല്ലാതെ മറ്റാരും തിരിച്ചറിഞ്ഞില്ല. എന്നാൽ ഇതുപോലെ ആരും കാണാതൊളിപ്പിച്ച സ്നേഹബന്ധങ്ങൾ വൻമരമായ് പൂച്ചെടികളായ് രൂപംകൊള്ളുന്നു. അവസാനം അതിന്റെയെല്ലാം തലപ്പത്ത് കാാരവെയ്ക്കുകയല്ലേ നമ്മൾ നീയ്യും ഞാനും ഉൾകൊള്ളുന്ന ഈ പ്രപഞ്ചത്തിൻ നമ്മളല്ലാതെ മറ്റാരും ഈ സൗന്ദര്യം അറിഞ്ഞിട്ടുള്ളത്. നമ്മുടെ കാൽപെരുമാറ്റം അകന്ന ക്യാമ്പസിന്റെ ഇടനാഴികളിൽ ഇനിയും ഒരു പുതിയ ബാച്ച് രൂപംകൊള്ളും. അവിടെയും ഇത്തരം ഓർമ്മകൾ നിഴലിക്കും ഒരു നോൾസ്റ്റാൾജി കത പോലെ

കളിപ്പാട്ടം വിട്ടകന്ന പിഞ്ചോമനയുടെ കേഴൽപോലെ എന്തോ ഒന്ന് മനസ്സിന്റെ ഉൾവനയിൽ രൂപപ്പെടുന്നത് അറിയാതെയല്ല. മനസ്സിന്റെ ആഴ്ന്ന നിരപ്പിൽ നിന്നും എന്തെല്ലാമോ പിഴിഞ്ഞെടുത്തപോലെ? ആരെല്ലാമോ കുറിച്ചിട്ട് വരികൾപോലെ.

നിന്നെക്കുറിച്ചുള്ള ഓർമ്മകൾക്ക്

അന്തിമുല്ലകൾ പൂക്കുന്നഗന്ധമാണ്

നിന്നെക്കുറിച്ചോർക്കുമ്പോൾ

കണ്ണീരുവാർക്കുന്ന നിനവാണ്.

ഹാ! ഈ വിങ്ങൽ എത്ര ഹൃദയവേജ്യമാണ്. ഇനി ഇത്തിരിനേരം നമ്മുക്ക് മിണ്ടാതിരിക്കാമല്ലേ. ഈ ശൂനിയതയിലും ഓർമ്മകളുടെ മണിമുഴക്കത്തിന് വേണ്ടി കാതോർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

എന്ന്
ഓത്തിരിസ്നേഹത്തോടെ
നിന്റെ കൂട്ടുകാരി.





# വിശപ്പിന്റെ രാഷ്ട്രീയം

**P. Muhammad Rasheed**
Dept of Economices, Farook College.

*"Proverty is not just a matter ot being relatively poorer then others, but of not having basic opportunitie of material a being, the failure to have ceatain minimum capabilities"*

*Dr. Amartya Sen*

**വി**കസനത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോകുന്ന, ഗ്ലോബൽ വില്ലോജ് ആശയങ്ങൾ ഒളിഞ്ഞും സാമൂഹ്യജീവിതത്തെ സ്വാധീനിക്കുന്ന ഈ 3ജ യുഗത്തിലും ചൂടേറിയ ഒരു അക്കാദമിക- സാമ്പത്തിക-രാഷ്ട്രീയ വിഷയം എന്ന നിലയിൽ പട്ടിണി ഇന്നും ഒരു കീറാമുട്ടിയായി അവശേഷിക്കുന്നു. പട്ടിണിമരണത്തിന്റെ വിളയാട്ടത്തിന് അൽപമെങ്കിലും കടിഞ്ഞാണിടാൻ കഴിയുമ്പോളാണ് ജനാധ്യപത്യ വ്യവസ്ഥയിലെ ക്ഷേമ സങ്കൽപം ഒരുപരിധിരെ ഫലവത്താവുന്നത്. കേരളത്തിലാകട്ടെ ദ്ദാരിദ്യം എല്ലാക്കാലത്തും ഭരണ  പ്രതിപക്ഷങ്ങൾക്ക് അതിജീവനത്തിന്റെ ഒരു ചവിട്ടുപടിയാണ്.

സമൂഹത്തിനു വെളിച്ചം വീശുന്ന അക്കാദമിക് പ്രവർത്തകരെല്ലാം ഈ വിഷയത്തിൽ എല്ലായിപ്പോഴും ഉന്മേഷവാൻമാരായി കാണപ്പെടുന്നു. ദാരിദ്ര്യത്തെ കുറിച്ചുള്ള വിവിധ സമീപനങ്ങൾ വ്യത്യസ്ഥങ്ങളായ സൈദ്ധന്തിക പരിപ്രേക്ഷ്യങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്

വിവിധ സമീപനങ്ങളുടെ ഫലമായി പലപ്പോഴും ദാരിദ്ര്യരേഖക്ക് മുകളിലുള്ളവർ താഴേക്ക് ഊർന്നിറങ്ങുന്നതും താഴെയുള്ളവർ മുകളിലേക്ക് കുതിച്ചുവരുന്നതും കണ്ടുവരാറുണ്ട്.

ഉയർന്ന ഭക്ഷ്യോൽപാദനം വഴി ദീർഘകാല ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനു പകരം ചുരുങ്ങിയ കാലത്തേക്ക് ഭക്ഷ്യവിതരണം നടത്താനാണ് ഭരണകൂടം ശ്രദ്ധപതിപ്പിക്കുന്നത്. ഈ ഇരുട്ടടഞ്ഞ സമീപനം പട്ടിണി സൃഷ്ടിക്കുന്ന ഊരാക്കുടുക്കിൽ വീണ്ടും നമ്മെ അകപ്പെടുത്തിന്നു. ഈ അവരത്തിൽ ഉയർന്നുവരുന്ന ശ്രദ്ധേയമായ ഒരു ചോദ്യം മാനവ വികസന സൂചിക Homan Development India) HDI, ഏറ്റവും ഉയർന്നു നിൽക്കുന്ന കേരളത്തെപ്പോലെ ഒരു സംസ്ഥാനത്ത് എന്തുകൊണ്ടാണ് ദാരിദ്ര്യം ഇത്രമാത്രം പിടിമുറിക്കുയിരിക്കുന്നത് എന്നാണ്. ഉത്തരം വ്യക്തമാണ്, ശക്തമായിരുന്ന പൊതുവിതരണ സമ്പ്രദായത്തെ അടിമേൽ മറിച്ചിട്ടത്താണ്. ഇതാകട്ടെ തികച്ചും ആത്മഹത്യാപരവും.

സാമ്പത്തിക ശാസ്ത്രസിദ്ധാന്തങ്ങൾ പ്രകാരം വികസനം സമൂലമായ അർത്ഥത്തിൽ യാഥാർത്ഥ്യമാവുമ്പോൾ ദാരിദ്ര്യം വഴിമാറുന്നു. വികസനം സാധ്യമാകുന്നത് അസൂത്രണത്തിലൂടെയോ ഉദാരവൽക്കരണത്തിലൂടെയോ ആണല്ലോ? എന്നാൽ ദീർഘകാലത്തെ ദാരിദ്ര്യ നിർമ്മാർജ്ജന യഞ്ജങ്ങൾക്കൊടുവിലും ഒരുപാട് വിളറിയ മുഖങ്ങളെ നാം അങ്ങിങ്ങ് കാണേണ്ടിവരുന്നു.

എല്ലാഅശകൾക്കും വിരമമിടണമെന്ന ലഭ്യത്തിലാണ് ഇന്ത്യൻ ഭരണകൂടം നവ സാമ്പത്തിക നയങ്ങളെ അശ്ലേഷിച്ചത്. ഉയർന്ന ഉത്പാതനക്ഷമതയും മത്സരശേഷിയും തുറന്ന വിപണിയും സാമ്പത്തിക വ്യവസ്ഥയെ പൂർവ്വാദികം ശക്തിമത്താക്കും എന്ന വാദഗതിയാണ് ഇതിനെതിരെയുള്ള വിമർശ്ശനങ്ങളെ നേരിടുന്നന് അന്നത്തെ സർക്കാർ ഉപയോഗിച്ചത്. എന്നാൽ കമ്പോളമെന്നത് മികച്ച രീതിയിൽ വിഭവങ്ങളുടെ വിതരണം സാധ്യമാക്കുന്ന പൊതു ഇടം എന്നതിന് പകരം പണമുള്ളവന് ആവശ്യമപോലെ വിൽക്കാനും വാങ്ങാനും കഴിയുന്ന ദരിദ്രനെ ദരിദ്രനായും ധനികനെ ധനികനായും വേറിട്ടു നിലനിർത്തുന്ന ഒരു കേന്ദ്രീകൃത വ്യവസ്ഥയാണിവിടെ സൃഷ്ട്ടിക്കപ്പെട്ടത്


എത്ര അനുഭവ പരിചയമുള്ള ഡ്രൈവർക്കുമ നല്ലപാതകളുണ്ടെങ്കിലേ കഴിവ് തെളിയിക്കാനാവൂ. എന്നാൽ ഒരു വസ്തുത നാം മറന്നുകൂട. നല്ലപാതയുണ്ടാകേണ്ടത്

സാമ്പത്തിക ശാസ്ത്രസിദ്ധാന്തങ്ങൾ പ്രകാരം വികസനം സമൂലമായ അർത്ഥത്തിൽ യാഥാർത്ഥ്യമാവുമ്പോൾ ദാരിദ്ര്യം വഴിമാറുന്നു. വികസനം സാധ്യമാകുന്നത് അസൂത്രണത്തിലൂടെയോ ഉദാരവൽക്കരണത്തിലൂടെയോ ആണല്ലോ? എന്നാൽ ദീർഘകാലത്തെ ദാരിദ്ര്യ നിർമ്മാർജ്ജന യഞ്ജങ്ങൾക്കൊടുവിലും ഒരുപാട് വിളറിയ മുഖങ്ങളെ നാം അങ്ങിങ്ങ് കാണേണ്ടിവരുന്നു.

ഗവൺമെന്റിന്റെ ബാധ്യതയാണ്. എവിടെ എത്ര രൂപത്തിൽ പാത നിർമ്മിക്കണമെന്നത് തീരുമാനിക്കുന്നത് അനുഭവ സമ്പത്തുള്ളവരുടെ അഭിപ്രായം സ്വരൂപിക്കുന്നതിന് ഭരണ കൂടവും കമ്പോളവും വിദഗ്ദരും കൈകോർത്തുകൊണ്ടുള്ള കൂട്ടായ ഒരു ശ്രമമാണ് ആവശ്യം.

മാനവ വികസന സൂചിക പ്രകാരം പശ്ചിമ ഏഷ്യയിലെ ജനസംഖ്യയുടെ 40%വും പട്ടിണിയിലകപ്പെട്ടത് ആഗോളവത്കരണകാലഘട്ടത്തിലാണ്. ഈ റിപ്പോർട്ട് തന്നെ പിന്നീട് പരാമർശിക്കുന്നത് ആഗോളവത്കരണനയങ്ങളെ ആശ്ലേഷിച്ച പശ്ചിമേഷ്യൻ രാജ്യങ്ങൾ ഒന്നുംതന്നെ അവിടെയുള്ള ദരിദ്ര ജനവിഭാഗത്തെ പരിഗണിച്ചില്ലന്നും ഇന്ത്യ പോലുള്ള രാഷ്ടങ്ങളിൽ 70കളിലും 80 കളിലും ദാരിദ്ര്യ നിർമാർജ്ജനത്തിനു വേണ്ടി കൈക്കൊണ്ട നടപടികൾ പരിഷ്കരണവിധേയമാക്കുന്നതിന് പകരം 90 കളോടെ പൂർണ്ണമായി നിലച്ചുപോയി എന്നുള്ളതാണ്. ഇവിടങ്ങളിലൊക്കെയും, ഉള്ളവരും ഇല്ലാത്തവനും തമ്മിലും നഗരവാസിയും തമ്മിലും ഉള്ള അന്തരം വർദ്ദിക്കുകയാണ് ചെയ്തത്. ലോകത്തിന്റെ 80% വരുമാലവും 20% വരുന്ന സമ്പന്നരുടെ കയ്യിലാണ് ഇപ്പോഴും കുടികൊള്ളുന്നത്. സാർവ്വത്രികമായി നാം കണ്ടിരുന്നതെല്ലാം ദുർലഭമായതൊക്കെയും സാർവ്വത്രികമാവുകയും ചെയ്തതാണ് ഉദാരവത്കരണം സമൂഹത്തിലുണ്ടാക്കിയ പ്രധാന മാറ്റം. ഇതുകൊണ്ടെക്കെയാവാം അമർത്യസെൻ തന്റെ വിശകലനങ്ങൾ വികസന സാമ്പത്തിക കാഴ്ചപ്പാടിൽ നിന്നും ക്ഷേമ സാമ്പത്തിക ശാസ്ത്രത്തിലേക്ക് പ്രത്യക്കമായിതന്നെ ചുവടുമാറ്റിയത്.

അമർത്യാസെന്നിനെ സംബന്ധിച്ച് ദാരിദ്ര്യം വിനാശകാരിയായ ആഴത്തിൽ പോരുകളുള്ള ഒരു സമസ്യയാണ്. അത് ഭക്ഷ്യവിഭവങ്ങളുടെ ദൗർലഭ്യം കൊണ്ടല്ല മറിച്ച് ലഭ്യമായ വിഭവങ്ങളുടെ ക്രിയാത്മകമായ വിതരണത്തിന്റെ അഭാവം മൂലമാണ് സൃഷ്ടിക്കപ്പെടുന്നത്. ഇത് ക്ലാസിക്കൽ സാമ്പത്തിക ശാസ്ത്രജ്ഞനായ മാൽരുഷ്യൻ സിന്താദ്ധങ്ങൾക്ക് വിരുദ്ധവുമാണ്. സാമ്പത്തികവ്യവസ്ഥയെ ദോഷകരമായി ബാധിക്കുന്ന വിതരണ അസമത്വങ്ങളെ പൂർണ്ണമായി നിഷ്കാസനം ചെയ്യാത്തിടത്തോളം കാലം വികസനം എന്നത് ദാരിദ്ര്യത്തെ തുടച്ചു നീക്കാനുള്ള ഒരു ഒറ്റമൂലിയായി കാണാൻ കഴിയില്ല. രാജീവ്ഗാന്ധി അഭിപ്രയപ്പെട്ടതുപോലെ ഒരു രൂപ വികസനത്തിനു വേണ്ടി ചിലവഴിക്കുമ്പോൾ അതില് അഞ്ചു പൈസമാത്രമാണ് പാവപ്പെട്ടവരിലെത്തുന്നത്. കമ്പോളവ്യവസ്ഥയെ ഒരു വികസനോപാധിയായി നാം അവരോധിക്കുമ്പോൾ ഈ ലോകത്തെ നമ്മൾ രണ്ടായി വിഭജിക്കുന്നു- നേടുന്നവന്റെ ലോകവും നഷ്ടപ്പെടുന്നവന്റെ ലോകവും



## ലാംബ്രെട്ട...

പട്ടിണി വെറും സാമ്പത്തികവിഷയം മാത്രമല്ല മറിച്ച് ഒരു സാംസ്കാരിക ഉത്പന്നം കൂടിയാണ്. ആഗോള സാമ്രാജ്യത്വം പടച്ചുവിടുന്ന സാംസ്കാരിക അധിനിവേശങ്ങളെ ചെറുത്തുതോൽപ്പിക്കുന്നതിന് ഈ പട്ടിണി നമ്മുക്കൊരു വിലങ്ങുതടിയായിക്കൂട. ഭക്ഷ്യസുരക്ഷ ഔദാര്യമല്ല അവകാശമാണെന്ന് ശക്തമായി ഉദ്ഘോഷിക്കാൻ നമ്മുക്കാവണം ദാരിദ്ര്യനിർമ്മർജ്ജനത്തോടൊപ്പം പൊതുജനശാക്തീകരണവും സാധ്യമായാൽ മാത്രമേ വയറിനു മുമ്പ് തലച്ചോറുകൾ ചലിക്കുന്ന ഒരു സാമൂഹ്യ വ്യവസ്ഥ ഇവിടെ സാധ്യമാവൂ.


തലനാരിഴക്കീറി പരിശോധിക്കുമ്പോൾ ദാരിദ്ര്യ നിർമ്മാർജ്ജന യജ്ഞങ്ങളെല്ലാം തന്നെ പട്ടിണിക്കാരുടെ തലയെണ്ണം കുറച്ചുകൊണ്ടുവരുന്നതിനുള്ള ശ്രമം മാത്രമാണ്. കേരളത്തിന്റെ അവസ്ഥ എടുത്തുനോക്കൂ. ഒരു ഉപഭോക്തൃ സംസ്ഥാനം എന്ന നിലക്ക് കേരളം പട്ടിണിക്കാരോട് യാതൊരു പരിഗണനയും കാണിച്ചിട്ടില്ല. പക്ഷേ പൊതുവിതരണ സമ്പ്രദായം വഴി സൈദ്ധാന്തിക പരമായ സോഷ്യലിസത്തെ പ്രയോഗവത്കരിക്കുന്നതിൽ വളരെ വിജയം കൈവരിച്ചിട്ടുണ്ട്. അത് ത്വരിത ഗതിയിലാക്കുന്നത് വഴി പ്രയോജനം എത്താത്തിടങ്ങളിലെത്താനും അതുവഴി ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ഇടവരുത്തും. പക്ഷെ പൊതുവിതരണ സമ്പ്രദായത്തെ എക ആശ്രയമെന്ന നിലയിൽ തെറ്റദ്ധരിക്കുന്നത് മറ്റൊരു പരിഹാരം കണ്ടെത്താൻ കഴിയാത്തതിന്റെ നിസ്സഹായതയാണ് വെളിവാക്കുന്നത്. വിലനിലവാരത്തെ പിടിച്ചുനിർത്താനുള്ള ഒരു മാധ്യമം മാത്രമാണ് പൊതുവിതരണ സമ്പ്രദായം. ഇത് ഒരു മാർഗം മാത്രമാണ്. ലക്ഷ്യമല്ലെന്നോർക്കുക.

പട്ടിണി വെറും സാമ്പത്തികവിഷയം മാത്രമല്ല മറിച്ച് ഒരു സാംസ്കാരിക ഉത്പന്നം കൂടിയാണ്. ആഗോള സാമ്രാജ്യത്വം പടച്ചുവിടുന്ന സാംസ്കാരിക അധിനിവേശങ്ങളെ ചെറുത്തുതോൽപ്പിക്കുന്നതിന് ഈ പട്ടിണി നമുക്കൊരു വിലങ്ങുതടിയായിക്കൂട. ഭക്ഷ്യസുരക്ഷ ഔദാര്യമല്ല അവകാശമാണെന്ന് ശക്തമായി ഉദ്ഘോഷിക്കാൻ നമ്മുക്കാവണം ദാരിദ്ര്യനിർമ്മർജ്ജനത്തോടൊപ്പം പൊതുജനശാക്തീകരണവും സാധ്യമായാൽ മാത്രമേ വയറിനുമുമ്പ് തലച്ചോറുകൾ ചലിക്കുന്ന ഒരു സാമൂഹ്യ വ്യവസ്ഥ ഇവിടെ സാധ്യമാവൂ. അവശൻമാർ, അർത്ഥൻമാർ, ആലംബഹീനൻമാർ അവരുടെ സങ്കടം ആരറിവൂ എന്ന ചങ്ങമ്പുഴയുടെ വരികളിലെ സമീപനം അധികാരികൾ മാറ്റിയേ മതിയാവൂ ഈ ശാക്തീകരണം ഏറെക്കുറെ നേടിയെടുക്കാൻ കേരളത്തിനായിട്ടുണ്ട്

ആസൂത്രണമായാലും ഉദാരവത്കരണമായാലും സാമൂഹ്യലക്ഷ്യങ്ങൾ നേടി എടുക്കുന്നതിൽ വ്യവസ്ഥ എത്രമാത്രം വിജയിച്ചിരിക്കുന്നു എന്ന തലത്തിലേക്ക് ചർച്ചകൾ ഉയർന്നു വരുന്നത് വരെ നാം പരാജിതർ മാത്രമാണ്. ഈ തിരിച്ചറിവ് ഊർജ്ജമാവുന്ന തരത്തിലേക്ക് സമൂഹവും ഭരണകൂടവും നയതന്ത്രജ്ഞരും മാറുമെന്ന് നമ്മുക്ക് പ്രത്യാശിക്കാം.

പുതിയൊരു ലോകം വിദൂരത്തിലല്ലെന്ന് മാത്രമല്ല
എനിക്ക് അതിന്റെ ഹൃദയമിടിപ്പുകൾ കേൾക്കാം

*അരുന്ധതി റോയി.*




# തോന്ന്യാക്ഷരങ്ങളുടെ കാണാപ്പുറങ്ങൾ


**ഷിലുജാസ്. എം**

**സോഷ്യോളജി ഡിപ്പാർട്ട്മെന്റ്**

**സ്വ**യത്തെ നോക്കി കൊഞ്ഞനം കുത്തുന്ന.ഒരു കൂട്ടുകാർക്ക് ഓതി നൽകുന്ന ഉപദേശത്തിന്റെ ചുവയോ അവരെ നിയന്ത്രിക്കുന്നതിനുള്ള താക്കീതിന്റെ സ്വരമോ ഇല്ലാതെ പറഞ്ഞാൽ, സ്വയം സ്രഷ്ടിക്കുന്ന തടവറയിലേക്ക് ഒതുങ്ങിപ്പോകുന്ന ഒരു വിഭാഗം വിദ്യാർത്ഥികളുടെ മനസാക്ഷിയോടുള്ള സംവേദനംമാത്രമാണിത്.

പരീക്ഷഹാളുകളിലെ ബെഞ്ചുകളിലും, ഡെസ്കുകളിലും, ചുവരുകളിലും പ്രത്യക്ഷപ്പെ

ടുന്ന തോന്ന്യാക്ഷരങ്ങൾ, അവയുടെ കാണാപ്പുറങ്ങളെകുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിച്ചത് ചിന്തയും കൗതുകവും ഉണർത്തുന്ന ഒരു വാർത്തയാണ്. കോപ്പിയടി കണ്ടെത്താനുള്ള ഒരു വെബ്സൈറ്റിനെകുറിച്ചായിരുന്നു അത്. വാക്കുകൾ മാറ്റിയാൽ പോലും പിടിക്കുന്ന ഒരു വില്ലൻ വെബ് സൈറ്റ്. കോപ്പിയടി തൊഴിലാക്കിയ വിദ്യാർത്ഥികളുടെ പെരുമാറ്റച്ചട്ടം നിരീക്ഷിക്കാനിറങ്ങിയ ഇന്റർനെറ്റിലെ പരീക്ഷാകൺട്രോളറായ 'ടേൺ ഇറ്റ് ഇൻ' എന്ന സോഫ്റ്റ്വേറിനെ കുറിച്ചായിരുന്നു ആ വാർത്ത. ഗവേഷണ വിദ്യാർത്ഥികൾ സമർപ്പിക്കുന്ന തിസീസും, ഡിസർട്ടേഷനുമൊക്കെ കോപ്പിയടിച്ചതാണോ എന്നു മാത്രമല്ല ഏതെങ്കിലും അദ്ധ്യായമോ, ഖണ്ഡിക്കുകയോ, വ്യാഖ്യാനമോ മറ്റേതെങ്കിലും ഗ്രന്ഥ-പ്രബന്ധങ്ങളിൽ നിന്നും അതുപോലെ എടുത്തതാണോയെന്നും കണ്ടെത്തലാണ് ഈ വെബ് സൈറ്റിന്റെ പ്രവർത്തനം. ചിന്ത അവസാനിക്കുന്നതിങ്ങിനെ, ഇത്തരമൊരു വെബ്സൈറ്റ് നമ്മുടെ കോളേജിലേയോ, യൂണിവേഴ്സിറ്റിയിലേയോ പരീക്ഷാ നടത്തിപ്പിൽ ഉപയോഗിച്ചാൽ എന്തായിരിക്കും പരിണിതി? കോപ്പിയടിയെന്ന മാനസികാടിമത്തം ഉണ്ടാകുന്ന നിർജ്ജീവാവസ്ഥ അത്രകണ്ട് ഭീകരമാണ് നമ്മുടെ വിദ്യാർത്ഥികളിൽ.



കൈവെള്ളയിലേയും, കൈത്തണ്ടയിലേയും കുനുകനെയുള്ള അക്ഷരങ്ങളും, കടുക് വലിപ്പത്തിൽ അടർത്തിയെടുത്ത അക്ഷരങ്ങൾ ഭംഗിയായി ചിട്ടപ്പെടുത്തിയ വളരെ ചെറിയ വലിപ്പത്തിലുള്ള ഫോട്ടോസ്റ്റാറ്റ് കോപ്പികളും അരയിലും, പോക്കറ്റിലും തിരുകി വരുന്ന തുണ്ടുകളും ഉത്തരക്കടലാസിനടിയിൽ ഒളിപ്പിച്ചു വെച്ച കഷ്ണങ്ങളും, പിന്നെ അയൽവാസിയുടെ പേപ്പറിലേക്ക് ഒളിക്കണ്ണിട്ട് നോക്കിന്നതും അവസരം കിട്ടിയാൽ അതു

# ലാംബ്രേട്ട...


കാലം മാറിയപ്പോൾ കോപ്പിയെന്ന പാപ്പരത്തത്തിന് തണലായി പുതിയ സാങ്കേതികതകൾക്കൂടി കടന്നുവെന്നത് പകൽ പോലെ വ്യക്തം. കാൽക്കുലേറ്റർ, വാച്ച്, പേജർ, വയർലെസ്, വീഡിയോ ക്യാമറ, മൊബൈൽ ഫോൺ, മൈക്രോഫോൺ റെക്കോർഡർ, വയർലെസ് മോണിറ്റർ, വോക്ക്മേൻ എന്നിങ്ങനെ നീളുന്നു കോപ്പിയടിയുടെ അത്യാധുനിക സാങ്കേതികതകൾ.! രീതി പഴഞ്ചനായാലും ആധുനികമായാലും ഹാളിലെത്തുന്ന വിദ്വാന്റെ മട്ടും ഭാവവും ചേഷ്ടയുമെല്ലാം കണ്ടാലറിയാം അവനോ അവളോ വൻ ആസൂത്രണങ്ങൾ നടത്തിയിട്ടുള്ള വരവാണന്ന്.

കൈക്കലാക്കുന്നതുമൊക്കെ പഴയ ട്രെൻഡാണെങ്കിലും ഇന്നു പ്രചാരത്തിലുണ്ട്. കോഴിക്കോട്ടെ പ്രശസ്തമായ വിദ്യാലയത്തിൽ പരീക്ഷാഹാളിന്റെ ടെറസ്സിനുമുകളിൽ നിന്ന് നൂലിൽകെട്ടി താഴെയിറക്കിയ തുണ്ടു കടലാസ് ജനലിലൂടെ നിഷ്പ്രയാസം കൈപ്പറ്റിയ പരീക്ഷാർത്ഥിയെ പരീക്ഷാകൺട്രോളർ പിടിച്ച വാർത്ത നമ്മൾ വായിച്ചിട്ടുണ്ട്. ഹാളിലേക്ക് കൊണ്ടു വരുന്ന പേനയിലും പെൻസിലിലും റബ്ബറിലും വാച്ചിലും കണ്ണട ഫ്രെയിമിലും, ബെൽറ്റിലും, കൈ നഖങ്ങളിലും, ഷൂവിലും, ചെരിപ്പിലും, തൊപ്പിയിലും, വസ്ത്രഭാഗങ്ങളിലും സർവ്വാംഗങ്ങളിലും വരെ കോപ്പിയടിക്കാരന്റെ കലാവിരുത് തെളിയാം. ഈ പറഞ്ഞ അത്രയും സ്കൂൾ പ്രായത്തിന്റെ പ്രവണതയാണെന്ന് കരുതിയാൽ തെറ്റി. അവനോ അവളോ ഉന്നത വിദ്യാഭ്യാസത്തിലേക്ക് കടക്കുമ്പോഴും ഈ രീതികളൊക്കെ തന്നെയാണ് നിർദാക്ഷിണ്യം തുടരുന്നു എന്നതാണ് സത്യം.

കാലം മാറിയപ്പോൾ കോപ്പിയെന്ന പാപ്പരത്തത്തിന് തണലായി പുതിയ സാങ്കേതികതകൾക്കൂടി കടന്നുവെന്നത് പകൽ പോലെ വ്യക്തം. കാൽക്കുലേറ്റർ, വാച്ച്, പേജർ, വയർലെസ്, വീഡിയോ ക്യാമറ, മൊബൈൽ ഫോൺ, മൈക്രോഫോൺ റെക്കോർഡർ, വയർലെസ് മോണിറ്റർ, വോക്ക്മേൻ എന്നിങ്ങനെ നീളുന്നു കോപ്പിയടിയുടെ അത്യാധുനിക സാങ്കേതികതകൾ.! രീതി പഴഞ്ചനായാലും ആധുനികമായാലും ഹാളിലെത്തുന്ന വിദ്വാന്റെ മട്ടും ഭാവവും ചേഷ്ടയുമെല്ലാം കണ്ടാലറിയാം അവനോ അവളോ വൻ ആസൂത്രണങ്ങൾ നടത്തിയിട്ടുള്ള വരവാണന്ന്. ഒരു നല്ല അധ്യാപകന് മനസ്സുവെച്ചാൽ ഇത്തരക്കാരെ എളുപ്പത്തിൽ തിരിച്ചറിയാം. എന്നാൽ മനസ്സുവെച്ചാലും പിടിക്കപ്പെടാതെ വഴുതിമാറുന്നവരുണ്ട്. അവരിലെ പ്രധാനവില്ലന്മരാണ് ചുവരെഴുത്തുകാരും ബെഞ്ചെഴുത്തുകാരും. എത്രവെടിപ്പിലും വൃത്തിയിലും കൃത്യതയിതയിലും കുറിച്ചിട്ട വാക്കുകളാണവ. പോയിന്റുകൾ ക്രമത്തിൽ അടുക്കിപ്പെറുക്കി എഴുതി തയ്യാറാക്കാൻ അവൻ ചിലവഴിച്ച സമയവും ശ്രമവും ഒന്നു മാറ്റി ചെലവഴിച്ചിരുന്നെങ്കിൽ ഒരു പക്ഷേ അത് മനഃസാക്ഷിയോടുള്ള ഒരുനീതി പുലർത്തലെങ്കിലും ആകുമായിരുന്നു. പുതിയ തലമുറയുടെ ക്രിയാത്മകതയും കലാബോധവും ക്ലാസ്സ് മുറിയിലേയും പരീക്ഷാർത്ഥികളിലേയും ചുമരുകളിലും ബെഞ്ചുകളിലും ഡെസ്കുകളിലും മായാതെ കിടക്കുന്നത് ഒട്ടും അഭിമാനിക്കാൻ വക നൽകുന്നില്ല. മറിച്ച് ഈ വികട കലാബോധം ഒരു outsider ഉടെ ശ്രദ്ധയിൽപ്പെട്ടാലുള്ള അവസ്ഥ ഒന്ന് ആലോചിച്ചു നോക്കൂ. യാതൊരു തെളിവുമില്ലാതെ അവശേഷിക്കപ്പെടുന്ന ഈ എഴുത്തുകൾ അവയുടെ സൃഷ്ടാവിനെ എക്കാലവും മറച്ചുവെച്ചുകൊണ്ട് ഓരോ സ്വയത്തേയും നോക്കി കൊഞ്ഞനം കുത്തുന്നു.

കോപ്പിയടിയിൽ നമ്മുടെ പെൺകുട്ടികളും ഒട്ടും പിറകിലല്ലെന്നും ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ പരീക്ഷിക്കുന്നത് പെൺകുട്ടികളാണെന്നും അധ്യാപകർ അനുഭവം പങ്കുവെക്കുന്നുണ്ട്. പരീക്ഷ കൺട്രോളറായി എത്തുന്നത് ഒരു പുരുഷനാണെങ്കിൽ ഇനിയൊരു പീഢനാരോപണം കൂടി വേണ്ടാന്നു കരുതി ചിലപ്പോൾ മൗനം പാലിച്ചേക്കാം, അങ്ങിനേയും ഒരു നാട്ടുനടപ്പുണ്ടല്ലോ ഇന്ന്. കർശനമായ പരീക്ഷാനടത്തിപ്പിൽ എക്കാലവും സ്ത്രീ അധ്യാപകർ തന്നെയാണ് മുൻപന്തിയിലെന്ന് അഭിപ്രായപ്പെടുന്ന വിദ്യാർഥികളുണ്ട്.

സാംസ്കാരികതയിലും സാക്ഷരതയും ഒന്നാം സ്ഥാനത്തെന്ന് അവകാശപ്പെടുമ്പോഴും മൂല്യാധിഷ്ഠിത വിദ്യാഭ്യാസമെന്ന ഗാന്ധിയൻ ആശയത്തോട് നമ്മൾ ഒട്ടുതന്നെ നീതി പുലർത്തുന്നില്ലെന്ന് പറഞ്ഞുവെക്കുന്നതാണ് വിദ്യാർത്ഥികളിലെ ഈ പാപ്പരത്തം. ഈയടുത്ത് കോഴിക്കോട് തന്നെ മറ്റൊരു വിദ്യാഭ്യാസ സ്ഥാപനത്തിൽ നടന്ന സംഭവങ്ങൾ ഞെട്ടി



പ്പിക്കുന്നതാണ്. ഡെ.ഡി.സി പരീക്ഷയ്ക്ക് കോപ്പിയടിച്ച വിദ്യാർത്ഥികളെ തടഞ്ഞ അധ്യാപികക്കെതിരേ മുദ്യാവാക്യം വിളിച്ചും അവരെ തടഞ്ഞുവെച്ചും മിടുക്ക് തെളിയിച്ചു ആ വിദ്യാർത്ഥിക്കൂട്ടം. അവരെ നയിച്ച വികാരമെന്തായിരിക്കുമെന്ന് വെറുതെ ആലോചിച്ചു. 2010-ൽ രാജ്യത്തിനാകമാനം കളങ്കം വരുത്തിവെച്ച ഒരു കോപ്പിയടി നാറ്റക്കേസ് നമ്മൾ ഇനിയും മറന്നിട്ടില്ല. വാറംഗലിൽ ഒന്നാം വർഷ മാസ്റ്റർ ഓഫ് ലോ പരീക്ഷ എഴുതുന്നിനിടയിൽ കോപ്പിയടിച്ച 5 ജഡ്ജിമാരെ ആന്ധ്രപ്രദേശ് ഹൈക്കോടതി സസ്പെൻഡ് ചെയ്ത മഹാകൃത്യം. നീതി നടപ്പാക്കേണ്ടവനും സത്യം പരിരക്ഷിക്കേണ്ടവനും കാണിക്കുന്ന ഇത്തരം ഉളുപ്പില്ലായ്മകളെ താരതമ്യംചെയ്ത് ചെറുതായി കാണേണ്ട കുഞ്ഞുകുട്ടി തെറ്റുകളെല്ല നമ്മുടെ വിദ്യാർത്ഥികളും ചെയ്ത് കൊണ്ടരിക്കുന്നത്.

## ലാംബ്രട്ട...

പുതിയ പാഠങ്ങളും സിലബസും പഠനരീതികൾ ചിന്തനീയമെങ്കിൽ എന്തുകൊണ്ട് ഒരു പുതിയ പരോക്ഷ സമ്പ്രദായത്തെക്കുറിച്ചും ചിന്തിച്ചുകൂടാ. അധ്യാപകൻ നോക്കി നിൽക്കേ വട്ടം കറങ്ങി തൊട്ടുരിറകിലിരിക്കുന്നവൻ ചർദ്ദിച്ചത് ഭക്ഷിക്കുന്ന കൈനനയാ മീൻപിടുത്തക്കാരനേക്കാൾ അഭിമാനം, ശൂന്യമായ ഉത്തരകടലാസിലേക്ക് പെരുമഴയായി കിനിഞ്ഞിറങ്ങുന്ന ഒരു ശരാശരിക്കാരന്റെ നന്മയ്ക്കുണ്ട്. ചീത്തവഴിയിലൂടെ ജയിക്കുന്നതിലും നല്ലത്, നല്ല വഴിയിലൂടെ തോൽക്കുന്നതാണെന്ന നെഹ്റുവിന്റെ വാക്കുകൾ നമ്മളിൽ നടേണ്ടത് തിരിച്ചറിവിന്റെ വിത്താണ്.


വേറിട്ടതും നൂതനവുമായ ആശയങ്ങളേയും മനസ്സിജമായതിനേയും സ്വയം വിലക്കുന്ന മൂഢബുദ്ധികൾ അവനവന്റെ കടയ്ക്കൽ തന്നെ കോടാലിവെക്കുന്നു. അവരുടെ ഏറ്റവും ക്രിയാത്മകമായ ഒരു പ്രായത്തിൽ വിദ്യാഭ്യാസമെന്നാൽ പാഠപുസ്തകങ്ങളിൽ നിന്നുള്ള അറിവ് മാത്രമല്ല, നന്മതിന്മകളെ തിരിച്ചറിയുവാനുള്ള മനസ്സിന്റെ കരുത്താണത്. മാനസിക ശാരീരിക ശേഷികളെ നേരാംവണ്ണം ഉപയോഗിക്കുവാനുള്ള കെൽപ്പാണ് അറിവ്. ഇനം തിരിച്ചു ശേഖരിച്ചു വെച്ചിരുന്ന കേവലം അറിവുകൾ അപ്പാടെ പകർത്തുന്നതോ പഠിക്കുന്നതോ ആണ് വിജയത്തിന്റെ മാനദണ്ഡമെന്നത് കാലഹരണപ്പെട്ട ഒരു പ്രത്യയശാസ്ത്രമാണ്. അറിവ് പകരുന്ന ഊർജ്ജം പാകപ്പെടുന്നത് മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിൽ നിന്നാണ്. അനുഭവങ്ങളുടെയും നിരീക്ഷണങ്ങളുടെയും സംശയങ്ങളുടെയും അജ്ഞതയുടെയും മൂശയിൽ ചുട്ടെടുക്കുന്ന തിരിച്ചറിവ്, വളർച്ചയും രൂപവും പ്രാപിക്കുന്ന അതിശയകരവും മനോഹരവുമായ ഒരു പ്രക്രിയയാണ് വിദ്യാഭ്യാസം.

തോന്ന്യാക്ഷരങ്ങൾ എഴുതുന്ന കൈകളും അതിലൂടെ പായുന്ന കണ്ണുകളും സ്വയത്തെ ജഡമാക്കുന്നതോടൊപ്പം തന്നെ വിദ്യാഭ്യാസമെന്ന സങ്കൽപ്പത്തെയും നിഷ്ക്രിയമാക്കുന്നു.

പുതിയ പാഠങ്ങളും സിലബസും പഠനരീതികൾ ചിന്തനീയമെങ്കിൽ എന്തുകൊണ്ട് ഒരു പുതിയ പരോക്ഷ സമ്പ്രദായത്തെക്കുറിച്ചും ചിന്തിച്ചുകൂടാ. അധ്യാപകൻ നോക്കി നിൽക്കേ വട്ടം കറങ്ങി തൊട്ടുരിറകിലിരിക്കുന്നവൻ ചർദ്ദിച്ചത് ഭക്ഷിക്കുന്ന കൈനനയാ മീൻപിടുത്തക്കാരനേക്കാൾ അഭിമാനം, ശൂന്യമായ ഉത്തരകടലാസിലേക്ക് പെരുമഴയായി കിനിഞ്ഞിറങ്ങുന്ന ഒരു ശരാശരിക്കാരന്റെ നന്മയ്ക്കുണ്ട്. ചീത്തവഴിയിലൂടെ ജയിക്കുന്നതിലും നല്ലത്, നല്ല വഴിയിലൂടെ തോൽക്കുന്നതാണെന്ന നെഹ്റുവിന്റെ വാക്കുകൾ നമ്മളിൽ നടേണ്ടത് തിരിച്ചറിവിന്റെ വിത്താണ്. കോപ്പിയടിച്ച് സ്വയത്തെ പറ്റിക്കുന്നത് ഒരാളുടെ മനസ്സാക്ഷിയുടെ ഏറ്റവും നീചമായ അന്ത്യമാണെന്നതും അത് സ്വയം അയാളെ മൊത്തമായും കൊലപ്പെടുത്തലാണെന്നും ആരെങ്കിലും ഇനിയെങ്കിലും അവരോടു പറഞ്ഞു കൊടുക്കേണ്ടേ. കൊടുത്തേ മതിയാവൂ..!




ഒരു നെല്ലിക്ക... ആർദ്രതയിൽ അതു നിനക്ക്
നാവിൽ മധുരമായിരിക്കാം. പക്ഷേ മധുരത്തിനുമ
പ്പുറം ചവർപ്പനുഭവപ്പെടുന്ന അതിന്റെ രാസമാറ്റ
ത്തിൽ പ്രതിഷേധങ്ങൾ കുമിളകളായി പൊങ്ങാറു
ണ്ട്.. നമ്മുടെ നാവുകളിൽ തന്നെ.



ശോഷണം
ആദ്യം കട്ടെടുത്തത്
അവളുടെ വസ്ത്രങ്ങളായിരുന്നു
പിന്നെ ശരീരവും




എനിക്കും നിനക്കും
നമ്മുടെ രണ്ടു മക്കൾക്കുമിടയിൽ
ജംഗ്ഷൻ
വന്നതെപ്പോഴാണ്?
അവൾ: "എനിക്കൊത്തിരി
തിരക്കുണ്ട്, സമാജം തീരാൻ
വൈകും, ഞാൻ പോവാണ്.
ഇന്റർവ്യൂ നടത്താൻ കണ്ടനേരം....."
മകൾ: "അച്ചൻ വല്ലാണ്ട്
വിയർക്കുന്നുണ്ടല്ലോ,
ഫ്രിഡ്ജിൽ കൂൾഡ്രിംഗ്സുണ്ട്
പോയി എടുത്തു കുടിക്ക്......"
......"ഹായ് മനു, വാ നമുക്ക് മുറിയിലേക്ക്
പോകാം".....
മകൾ കാമദേവനേയുംകൊണ്ട് മുറിയിലേക്കു
പോവുന്നത് കണ്ട് അന്തം വിട്ടു അച്ചൻ.
മകൻ: "അപ്പൊ, അച്ചന് അച്ചന്റെ വഴി
അമ്മക്ക് അമ്മയുടെ വഴി
എനിക്ക് എന്റെ വഴി
ഞാനിറങ്ങ്വാണ്,




എവിടെയെങ്കിലും വെച്ച് കാണാം
ഗുഡ് ബൈ"
നൂൽകൊണ്ട് തീർത്ത
ജീവിതത്തിൽ
ജംഗ്ഷൻ വന്നതെപ്പോഴാണെന്ന്
അയാൾക്ക് ബോധ്യമായി.



# പഴം

ഉടലിൽ നിന്ന്
പടലയായുരിഞ്ഞെടുത്ത്
തൊലിയുരിഞ്ഞ്
നഗ്നയാക്കി
ഒറ്റ വിഴുങ്ങൽ





# മെലിഞ്ഞപെണ്ണ്

**കോ**ടതിമുറിയിലെ മേശക്കുമേൽ
കറുപ്പുകൊണ്ട് കണ്ണുമൂടിയത്
എന്തിനായിരിക്കും?
ചിലപ്പോൾ
സാക്ഷിപറഞ്ഞതിന്
'അധികാരികൾ' കണ്ണുമൂടിക്കെട്ടി
ശിക്ഷിച്ചതായിരിക്കും
അല്ലെങ്കിൽ
പ്രതിക്കൂട്ടിലെ
നിഷാദയുഗത്തിന്റെ
കരിമ്പടങ്ങൾ കാണാനാവാതെ
മിഴിപൊത്തിയതായിരിക്കും.

ആസ്മാൻ ഓടക്കൽ

# അവൻ വരുന്നു

നിലാവില്ലാത്ത രാത്രികളിൽ
ഒരു കൈവിളക്കുമായ് നിങ്ങൾ
വഴിവക്കിൽ ചെന്നു നിൽക്കുക
ചിലപ്പോൾ അതുവഴി
അവൻ വരുന്നുണ്ടാകും...
വെളിച്ചമില്ലാതെ, നിറമില്ലാതെ,
ശബ്ദമില്ലാതെ
അരൂപനായ ഒരു
നിഴൽപ്പാടായ്

**Athika Mattath**
4th Sem BSc Chemistry

# അരങ്ങിലെ കോമാളി


മഴയുടെ മിഴികൾ അടയാതെ പാടി
കാറ്റിന്റെ തലോടൽ തുടർന്നുകൊണ്ടിരുന്നു
തിരശ്ശീലക്കു പിന്നിൽ ഞാൻ കരഞ്ഞുകൊണ്ടിരുന്നു.
അരങ്ങിൽ കോമാളിയായി
നഷ്ടം ആർക്കു സംഭവിച്ചു.....!?
കൂട്ടി കുറക്കാൻ മെനക്കെട്ടില്ല...., അതെനിക്കുതന്നെ
കരങ്ങളിൽ നിന്ന് വേർപ്പെട്ടുപോയ അക്ഷരങ്ങൾ
തുന്നിചേർത്ത് ഈണമിട്ടു
അതിനെ സംഗീതമെന്നാരോ വിളിച്ചു
നഷ്ടമെന്ന് ഞാൻ ഉറക്കെ അലറി
ഇടിയുടെ ഗാംഭീര്യം അതിനെ അറുത്തുതിന്നു
ശബ്ദം നഷ്ടപ്പെട്ടു...
ആത്മാവും അകന്നുപോയി
നിഴലും വെറുക്കാൻ തുടങ്ങി
രാത്രിയുടെ പുതപ്പ് പകലിലും
കണ്ണിന്റെ കൂട്ടുക്കാരനായി
ഭ്രാന്തിനെ സ്നേഹിച്ചു
അടക്കമില്ലാതെ ജീവിച്ചു....മരവിച്ചു....???!!
അഭിപ്രായമില്ല പരാധികളില്ല
പരിഭവങ്ങളില്ല ആശങ്കകളില്ല
നാഡികളെന്നെ വിട്ടകന്നു....
സന്ധ്യകളെ ഞാൻ പ്രണയിച്ചിരുന്നു....,
അതിന്റെ സമയം അസ്തമിച്ചു കഴിഞ്ഞു
തിയ്യതികളെ ഞാൻ പുണർന്നിരുന്നു...,
അതിന്റെ കണക്കു ഞാൻ മറന്നു കഴിഞ്ഞു
സ്നേഹമില്ല...ദേഷ്യമില്ല
സങ്കടമില്ല സഹതാപമില്ല.....
മരവിച്ച നിമിഷങ്ങളും മയക്കങ്ങളും....
പുഴുതിന്നു ജീർണ്ണിച്ച ഭൂതകാലങ്ങളും മാത്രം

ഫെബ്ന മൂർക്കത്ത്

# ദൂരം




എന്നിൽ നിന്നും നിന്നിലേക്ക് പിന്നിപ്പഴകിയ
ഒരു 10 രൂപ നോട്ടിന്റെ ദൂരമുണ്ടായിരുന്നു
ചിലപ്പോഴൊക്കെ മടക്കി ചുരുട്ടിയ പത്തിന്
പതിന്മടങ്ങ് നീളമേറിയപോലെ
രണ്ട് അഞ്ചുകളായി വേർപ്പെടാനുള്ള ഒറ്റനോട്ടിന്റെ
വെമ്പൽ
പഴകിയ ചുരുളിൽ വരഞ്ഞപോറലുകൾ....
പത്തിന്റെ ഒരറ്റത്ത് തെളിഞ്ഞും മറ്റേയറ്റത്ത് മറഞ്ഞിരുന്നും
ഗാന്ധിത്തല എന്തോ പറയാൻ ബാക്കിവെച്ച പോലെ...
പിന്നെ പിന്നെ നോട്ടിന്റെ നീളം കുറഞ്ഞ് കുറഞ്ഞ്
ഇരുവശം രണ്ടുപേർക്ക് നിൽക്കാൻ കഴിയാതായപ്പോൾ
10നെ പകുത്ത് 1 നിനക്ക് സമ്മാനിച്ച്
പൂജ്യവുമായവൾ നടന്നകന്നു



Subeena Banu K.K

# കാത്തിരിപ്പ്....?


ഒരുപറ്റം നല്ല ഓർമ്മകൾമാത്രം ബാക്കി നൽകി
എങ്ങുപോയ് മറഞ്ഞു നീ.....?
ഒന്നുകാണാൻ തുടിക്കുന്ന എൻ മനം
ഒന്നുരിയാടാൻ ഉഴറുന്നു എൻ സ്വരം
ഒന്നു കാണണം ഒന്നു മിണ്ടണം
അത്രമാത്രം മനസിന്റെയുള്ളിൽ
എന്നെ നീ തനിച്ചാക്കി മറഞ്ഞതെങ്കിലും
നല്ലഓർമ്മകൾ താങ്ങായി തണലായി
ജീവിതയാഥാർത്ഥ്യത്തെ തേടിയ എനിക്ക്
അനുഭവങ്ങൾ ഗുരുവായി മാറി!
ഭൂമിയുടെ അനേകം കോണുകളൊന്നിൽ
ഒരിക്കൽ കണ്ടുമുട്ടുമെന്നെൻ മനം
അന്ന് നാം വീണ്ടും സമ്മേളിച്ചീടും
അന്നു ഞാൻ കൊച്ചു നിഷ്കളങ്ക
ഇന്നുഞാൻ ജീവിതം പഠിച്ചവൾ
എത്രകാലം വേണേലും കാത്തിരിപ്പ് തുടരാം....
എത്രകാലം വേണേലും ജീവിതം നയിക്കാം...
എന്തുവേണേലും സഹിക്കാൻ തയ്യാർ
എന്തുവേണേലും ക്ഷമിക്കാനും തയ്യാർ
ഒടുക്കം വരെ മാനസത്തിൽ
ഒന്നുമാത്രം മനസ്സിന്റെയുള്ളിൽ
ഒന്നുകാണണം ഒന്നു മിണ്ടണം
പ്രത്യക്ഷപ്പെടില്ലേ? ഒരിക്കൽ നീ...
എന്റെ മുൻപിൽ മാലാഖയെപ്പോൽ
എന്റെ ആഗ്രഹം പൂവണിയിക്കാൻ
അന്നുഞാൻ ചിരിക്കും സ്വയം മറന്ന്.....
ആഹ്ലാദിക്കും ഭൂവിനെ മറന്ന്.....




# പ്രണയം വർക്ക്ഷോപ്പിലാണ്

**Farzana. A.M**

ഒരു ചിരിയിൽ
ഒരു വസന്തം കണ്ടപ്പോഴാണ്
പ്രണയം
ധാവണിയുടുത്തത്
പിന്നെ, ശരീരവും മനസും
അതിനായി
'പാക'പ്പെടുത്തുകയായിരുന്നു.
പുറംമോടിക്കായ്
നെട്ടോട്ടമോടുകയായിരുന്നു പിന്നെ.
പക്ഷെ,
ഓട്ടത്തിനിടയ്ക്ക് ഒരു ചക്രം
ഊരിത്തെറിച്ച്
ഗട്ടറിൽ വീണു
പ്രണയത്തിന്
ഗട്ടറിൽ വീണ ചക്രത്തിന്റെ
പിടച്ചിലാണെന്ന് അന്ന്മനസ്സിലായി
ഫോർഡ്ഡാ!
നല്ലയിനം കാറ്
അടുത്താൽ....കോളടിച്ചു മച്ചാ...
ശിശിരം
വസന്തത്തിനായ് വീണ്ടും
വഴിമാറിയപ്പോൾ
അറിയാതെ പൂത്തുപോയ്...
പക്ഷെ,
മച്ചാനു വസന്തം
'നിത്യവസന്ത'മായപ്പോൾ
'ഓവർലോഡ്'
ടയറിന്റെ ശരീരം മെലിയിച്ചു
വീണ്ടും ടയർ പഞ്ചർ.
പുത്തൻ പ്രണയത്തിന്റെ
സാധ്യതകൾ



ചാറ്റിംഗ് തുറന്നപ്പോഴാണ്
പ്രണയം, പുതിയ വഴിത്തിരിവിലേക്ക്
നീങ്ങിയത്
ആദ്യം,
'സുഹൃദ്ബന്ധം'
സുരക്ഷാകവചമായെങ്കിലും
ഇരുഹൃദയങ്ങൾ തമ്മിൽ
അറിയാതെ അടുക്കുകയായിരുന്നു.
ഫോട്ടോ അയച്ചുകൊടുക്കണമെന്നായി
കണ്ടപ്പോൾ
നേരിട്ടു കാണണമെന്നായി
പ്രണയം
അതിർത്തി രേഖ ലംഘിച്ചപ്പോൾ
സേന
തോക്കുകൊണ്ട് ഒറ്റവെടി!
വീണ്ടുമൊരു ടയർകൂടി പഞ്ചർ.
ഒരു പിൻനിലാവിൽ
തകർന്ന പ്രണയവുമായി
പോകുമ്പോൾ
വഴിവിളക്കായ്
മറ്റൊരു കാമനകൂടി
വന്നു, അടുത്തു...
ഉടൻ വിവാഹം കഴിക്കണമെന്നായി
നാളുകൾ അടുത്തുവന്നു
ലവ് മാരേജ്
'ലോ'മാരേജ് ആയപ്പോൾ
അവൻ അവന്റെ വഴിക്കുപോയി
നിയമവും,
ചക്രം താനെ
ഉരിഞ്ഞുപോയി
ഇന്ന് ഞാൻ
'വർക്ഷോപ്പിൽ.
ഓൺലി ഫോർ 4 വീലര്'
പഞ്ചറായ പ്രണയം
കട്ടപ്പുറത്താണ്.





# പ്രണയവും വിരഹവും

**Sruthi. T**
IInd sem B.A. Economics

[illegible] വീണക്കമ്പികൾ മീട്ടുമ്പോൾ
[illegible]ന്നു വിരഹത്തിൻ വേദനകൾ
ഇളംതെന്നലായ് പൊഴിയുന്ന
ആഹ്ലാദസ്പർശവും
കുളിരായ് തലോടുന്ന
സ്നേഹാശംസകളും
എന്നെന്നേക്കുമായ് എന്നെ
വിട്ടകലുന്ന കാഴ്ചയെ കാണാൻ
വിടപറയുന്ന സ്വരത്തിൽ
നൊമ്പരം കേൾക്കാൻ
ഒരു തവണയെങ്കിലും
നീ വന്നെങ്കിലെന്നു ഞാൻ
വെറുതേ മോഹിച്ചുപോയ്......
നിശ്ശബ്ദമാം ഹൃദയത്തെ
തഴുകിയകന്നുപോയ നിൻ,
നേർത്ത സംഗീതമാം
മാനസസരോവരമായ് ഞാൻ
തനിയെ നിന്നപ്പോൾ,
ഒരു വാക്കുപോലും മിണ്ടാതെ
എൻ മനം അറിഞ്ഞപ്പോൾ
ഒരു തവണയെങ്കിലും നീ
വന്നെങ്കിലെന്നു ഞാൻ
വെറുതേ മോഹിച്ചുപോയ്.....
കിളികൾതൻ കൊഞ്ചലും
കാറ്റിൻ കരൾ സ്പർശവും
മഞ്ഞുതുള്ളിപോലെയെൻ
മനസ്സിനെ ഈറനണിയിക്കവേ
നിൻ സ്വരം മായ്ക്കുന്നുവോ
എന്റെ മിഴികളിൽ നിന്നുതിരും
കണ്ണുനീർ തുള്ളികളെ....
എന്റെ കുഞ്ഞുമനസ്സിലെ
മയിൽപ്പീലിത്തണ്ടുകളായ്
നിൻ സ്നേഹം ഇന്നും ഞാൻ
സൂക്ഷിച്ചുവെക്കുമ്പോൾ
നീ അറിയുന്നുവോ എൻ
ഹൃദയത്തിൻ നൊമ്പരങ്ങൾ
ഇന്നും അറിയാതെ അറിയുന്നുവോ
ഞാൻ നിന്റെ ഹൃദയത്തെ?
ഓർക്കുക ഒന്നു മാത്രം
വെറുക്കില്ല ഞാൻ നിന്നെ
എൻ ജീവിതത്തിൽ
തിരിച്ചും പ്രതീക്ഷിക്കുന്ന
ഇതേ വാക്ക്......

**Prajna**
**M.A English**



# പാസ്‌വേഡ്

എത്രപെട്ടെന്നാണ്
എന്റെ ഡസ്ക്ടോപ്പിൽ
നീയൊരു
ഫോൾഡറായത്
നിമിഷങ്ങളെ
കോപ്പി ചെയ്ത് ഞാൻ
പേസ്റ്റ് ചെയ്തുകൊണ്ടിരുന്നു
ഒരു മൗസ്ക്ലിക്കിൽ
എല്ലാം വ്യക്തം
എന്നിട്ടും
ഓർമ്മകൾ അടുക്കിപെറുക്കി
നീ ഡിലീറ്റ് അമർത്തി
വൈറസ് കയറിയ
നിന്റെ സോഫ്ട്‌വെയർ
ഫോർമാറ്റ് ചെയ്തപ്പോൾ
നീ സ്വതന്ത്രൻ
അപ്പോഴും ഞാൻ
നിന്റെ സിസ്റ്റം ഫയലിന്റെ
പാസ്‌വേഡ് തെരയുകയായിരുന്നു.






# അരങ്ങുകേളി

പ്രതികരണശേഷി നശിച്ച സമൂഹത്തെയും, ക്ലാവ് പിടിച്ച
ഭരണ യന്ത്രത്തേയും ഉടച്ചു വാർക്കുന്ന യുവത്വത്തെ
സൃഷ്ടിക്കുന്ന ഇന്നിന്റെ കലാലയത്തിൽ സർഗ്ഗാത്മകത
യുടെയും ആവേശത്തിന്റെയും അലയൊലികൾ സമ്മിശ്ര
മായി നിലനിൽക്കുന്നു....

അരങ്ങിൽ കളിയാട്ടത്തിനുള്ള
ഒരുക്കങ്ങൾ പൂർത്തിയായി....
ഇനി പകർന്നാട്ടങ്ങളുടെ മേളപ്പൊരുക്കങ്ങൾ മാത്രം...


ആരോചകമായ അവ
സ്ഥകൾക്കു മുന്നിൽ
സ്കിൻലോഷൻ പുരട്ടി
രണ്ടു കണ്ണും കൂമ്പിയട
ക്കുന്ന യുവതലമുറക്ക്
അപ്രാപ്യമാകുന്നത്....



# മിഴികളിലൂടെ

ഹുദ. സി
BSc Physics IInd sem

"ഏയ്........"

"എന്നെയാണോ?"

"അതെ. നിങ്ങളെത്തന്നെ. പേര്?"

"എന്റെ പേര്......പേര്.....അയ്യോ എന്റെ പേര്......അറിയില്ല!"

"കണ്ണുകൾ തമ്മിൽ സംസാരിക്കുമെന്ന് നോവലുകളിൽ വായിച്ചിരിക്കുന്നു. പക്ഷേ, അത് യാഥാർത്ഥ്യമാവുകയോ? എനിക്ക് വിശ്വസിക്കാനാവുന്നില്ല!"

"അതെ നമ്മുടെ കണ്ണുകൾ തമ്മിൽ സംസാരിക്കുന്നു"

"എനിക്ക് കരച്ചിൽ വരുന്നു"


"എനിക്കും. പക്ഷേ കരയാൻ എനിയ്ക്കെന്റെ പീലികളും കൺപോളകളും നഷ്ടപ്പെട്ടിരിക്കുന്നു. നിങ്ങൾക്ക് തലയോട്ടിയുടെ ഒരു ഭാഗമെങ്കിലും ബാക്കിയുണ്ടല്ലോ....."

"എങ്ങനെ ഇവിടെ?"

"ഒരു ബിസിനസ്സ് ടൂറിനു വന്നതാ. ദേ, അതുകണ്ടോ നമ്മെപ്പോലെ ശരീര ഭാഗങ്ങളെല്ലാം നഷ്ടപ്പെട്ട ഒരു പാവയെ"

"ഉം"

"അത് ഞാനെന്റെ മോൾക്ക് വേണ്ടി വാങ്ങിയതാ... നോക്കൂ എനിയ്ക്കെന്റെ മിഴിനീരിനെ തടുക്കാനാവുന്നില്ല."



"അരുത്. ഒരു പക്ഷെ അത് ഈ കണ്ണുകളെ പൂർണ്ണമായും ഇല്ലാതാക്കും"

"നിങ്ങൾ?"

"ഞാനിവിടുത്തുകാരനാ. സ്ഫോടനങ്ങൾ ഇവിടെ പതിവാ. പക്ഷേ ഞാനിതു പ്രതീക്ഷിച്ചില്ല....!"

"ആരാ ചെയ്തത്?"

"അറിയില്ല. ഭീകരവാദികളാണെന്നാ പോലീസുകാരുടെ സംസാരം."

"ദേ.... അവിടെ.... ആ സ്റ്റാന്റിന്റെ മുകളിൽ ഒരു ടി.വി."

"ആ കണ്ടു"

"നമസ്കാരം, പ്രധാന വാർത്തകൾ.......

ബാംഗ്ലൂരിൽ സ്ഫോടനം. 18 പേർ കൊല്ലപ്പെട്ടു. മരിച്ചവരിൽ അഞ്ച് മലയാളികൾ. തോമസ് മാത്യു. ജോർജ്ജ് വിന്റ്സൺ, ഹക്കിം, ദിനീഷ്, സരിത എന്നിവരാണ് കൊല്ലപ്പെട്ട മലയാളികൾ..."

"അതിൽ നമ്മുടെ പേരും ഉണ്ടായിരിക്കും. അല്ലേ?"


"ഉം. അതെ"

"മന്ത്രിയല്ലേ വരുന്നത്?"

"അതെ. കൂടെ കുറേ പോലീസുകാരും. അപലപിക്കാൻ വന്നതാവും!"

"നോക്കൂ പോലീസുകാർ എല്ലാ അവശിഷ്ടങ്ങളും പെറുക്കിയെടുത്തു കഴിഞ്ഞു. ഇനി നമ്മുടെ അടുത്തേക്കാണെന്ന് തോന്നുന്നു"

"അരുത്..... എന്നെ കൊണ്ടുപോകരുതേ......."



# ഒന്നങ്ങട്ട് മാറിനിക്കോ....?

**സനു അദീബ വി**
BSc Chemistry

**"ഈ** തട്ടലും മുട്ടലും കൊണ്ട് മനുഷൻ തോറ്റ്......ഇന്നെക്കൊണ്ടാവൂല ഇങ്ങനത്തെ തെരക്ക്ള്ള ബസ്സ്ക്കേറാൻ...... ഒത്തിരി സൊയ്ര്യം തെരൂലാച്ചാല്......" അവരുടെ ശബ്ദം ഇടറിയിരുന്നു. അവർ സാരിത്തലപ്പുകൊണ്ട് കണ്ണുനീരുതുടച്ചു, മൂക്കുചീറ്റി, പടപടാ ശബ്ദമുണ്ടാക്കിക്കൊണ്ട് ബസ്സിൽ നിന്നിറങ്ങിപ്പോയി. പൂവാലശല്യമാണ് റീസൺ എന്നു കരുതിയെങ്കിൽ തെറ്റി മോനേ..... നടന്നത് എന്താന്നു വെച്ചാൽ: സീറ്റിലിരുന്ന് സുഖമായി ഉറങ്ങുകയായിരുന്നു ഈ ലേഡി. തൊട്ടടുത്തുതന്നെ തോളിൽ ബാഗുമായി കഷ്ടപ്പെട്ടു കമ്പിയിൽ തൂങ്ങി ഒരു വിദ്യാർത്ഥിനിയും. ബാഗിന്റെ ഇടയ്ക്കിടെയുള്ള 'തട്ടലും മുട്ടലും' നമ്മുടെ ലേഡിയുടെ ഉറക്കത്തെ അലോസരപ്പെടുത്തി. അതിന്റെ റിസൽട്ടാണു മോനേ ആദ്യംകേട്ടത്. തന്റെ സുഖനിദ്രയ്ക്ക് ഭംഗം വരുത്തിയ കശ്മലയെ മാത്രമല്ല, ബസിലെ തൂണിനെയും സീറ്റിനെയും വരെ ചീത്തവിളിച്ചു പൂതിതീർത്തിട്ടാണ് മൂപ്പത്തി ഇറങ്ങിപ്പോയത്. 'ഇങ്ങിനെയും മനുഷ്യരോ' എന്ന് ആശ്ചര്യപ്പെട്ട് മൂക്കത്ത് വിരൽവെക്കും, പലരും. എന്നാൽ, ദിവസവും കിലോമീറ്ററുകൾ താണ്ടി സ്കൂളുകളിലും കോളേജിലുമെത്തുന്ന വിദ്യാർത്ഥികൾക്ക് ഇതൊന്നും പുത്തരിയല്ല മോനേ, പുത്തരിയല്ല.

ബസ് ജീവനക്കാർക്കും വിദ്യാർത്ഥികളും തമ്മിലുള്ള ഗുസ്തി ഒരു സ്ഥിരം കാഴ്ചയാണ്. എന്നാൽ സഹയാത്രികർകൂടി വിദ്യാർത്ഥികൾക്ക് എതിരായാലോ?"കൊറച്ചങ്ങട്ട് മാറി

നിന്നൂടെ?", "ഓ ഈ ബാഗിനെക്കൊണ്ട് നിക്കാൻ സ്ഥലല്യ", "സാരി ചുളിക്കല്ലേ പെണ്ണേ..."തുടങ്ങിയ സ്ഥിരം ഡയലോഗുകൾക്കു പുറമെ ഒരു ഒന്നൊന്നര കിലോ തലക്കനവും. മതി.... ഇത്രയും അടയാളങ്ങൾ മതി, സ്ത്രീകളും ബസ്സ്യാത്രക്കാരുമായ മല്ലൂസിനെ ഏതു നട്ടപ്പാതിരയ്ക്കും തിരിച്ചറിയാൻ.

പാസ് ഉണ്ടായിട്ടും ടിക്കറ്റ് എടുക്കുന്നവരാണ് ('ടിക്കറ്റ്' എന്നു പറയുന്നത് ഉചിതമല്ല. വിദ്യാർത്ഥികൾ നൽകുന്ന ഒരു രൂപയ്ക്കും അൻപതുപൈസയ്ക്കും വരെ ടിക്കറ്റ് ഉണ്ട്. പിന്നെ നമുക്കെല്ലാം പരിചയമുള്ള ഒരേയൊരു ടിക്കറ്റ്, 'ഫുൾടിക്കറ്റ്' ആയതുകൊണ്ട് തൽക്കാലം അതിനെ മാത്രം ടിക്കറ്റ് എന്നും ബാക്കിയുള്ളവയെ എസ്. ടി എന്നും വിളിക്കാം) മറ്റൊരു പാര. ഇത്തരക്കാർ, നിർത്തിയിട്ട ബസ്സിൽ നേരത്തേ കയറിയിരിക്കും. ക്യാഷ്കൊടുത്ത് ടിക്കറ്റ് വാങ്ങും. അപ്പോ ആ മുഖത്തേക്കൊന്നു നോക്കണം മോനേ.... ബസ്സിന്റെ വാതിലിനു കാവൽ നിൽക്കുന്ന സകല 'എസ്.ടി'ക്കാരോടും 'പോടാ പുല്ലേ' എന്ന ഭാവമായിരിക്കും. ഇവിടെയും പെണ്ണുംപിള്ളമാർ തന്നെയാണ് ദുഷ്ടകഥാപാത്രങ്ങൾ

> എന്റെ മോനേ, ശരിക്കും അതൊരു ജീവൻമരണ പോരാട്ടമാണ്. ഡ്രൈവർ സാറ് ബസ്സിൽ സീറ്റിലിരുന്ന് ബസ്സ് സ്റ്റാർട്ടുചെയ്താൽ നമുക്കുള്ള സിഗ്നലായി. പിന്നെ ഉന്തും തള്ളും പിടിച്ചുവലിക്കലും...ആകെ ബഹളമയം. അപ്പോഴേക്കും ബസ്സ് ഓടിത്തുടങ്ങുകയായി. പിന്നെത്തെകാര്യം പറയാതിരിക്കുകയാഭേദം. എന്നാലും പറയാം.

**എന്ന് എടുത്തുപറയേണ്ടതില്ലല്ലോ.**

അയ്യയ്യോ... പറഞ്ഞുപറഞ്ഞ് വന്നപ്പോ പ്രധാനപ്പെട്ടവരെ വിട്ടുപോയി. 'അതാരാണപ്പാ ഇത്രേം വേണ്ടപ്പെട്ടവര്' എന്നാണോ ചോദിക്കുന്നത്? എന്തുചോദ്യമാണിഷ്ടാ ഇത്? നമ്മുടെ സ്വന്തം ബസ്സ് ജീവനക്കാരുതന്നെ. ഡ്രൈവർക്കു വലിയ റോളൊന്നുമില്ല. ബെല്ലടിക്കുമ്പോൾ ബസ്സ്എടുക്കണം, പിന്നേം അടിക്കുമ്പോൾ നിറുത്തണം. പക്ഷേ ഈ കണ്ടക്ടറ്, കണ്ടക്ടറ് എന്നുപറയുന്നവരും കിളി കിളി എന്നു പറയുന്ന ക്ലീനർമാരുമുണ്ടല്ലോ, ലവന്മാര് പുലികളാ. ബസ്സിന്റെ താല്ക്കാലിക മുതലാളിമാർ എന്നു വേണമെങ്കിൽ പറയാം. "അലോ.... എസ്. ടി കേറാനായിട്ട്ല്യട്ടോ....കൊറച്ച് ഫുള്ളങ്ങട്ട് കേറിക്കോട്ടെ....", "ഇത്തിരി വയിങ്ങട്ട് മാറിക്കൊട്ത്താ.... ആ ടിക്കറ്റൊക്കെ കേറട്ടെ..." (ഇതൊക്കെ ആ ചേട്ടന്മാരുടെ അഭിനയമാണുകേട്ടോ, മറ്റുള്ളവരെ കാണിക്കാൻ. ഉള്ളില് 'ഭയങ്കര' സ്നേഹമാ. അത് ബസ്സിൽ കയറിക്കഴിഞ്ഞാൽ കാണാനുമുണ്ടാകും. കൈയും കലാശവും കാണിക്കുന്നതും തൊട്ടുരുമ്മുന്നതും


# ലാംബ്രെട്ട...



തോണ്ടുന്നതും, എന്തിന് ബ്രേക്കിടുമ്പോൾ 'അറിയാതെ' ദേഹത്തേക്ക് വന്നു വീഴുന്ന
തുപോലും സ്നേഹപ്രകടനമാണ്. നല്ല പെൺപിള്ളേരാണെങ്കിൽ അതൊക്കെ അങ്ങു
കണ്ടില്ല എന്നു നടിക്കും; നടിക്കണം. അവരെ ഈ ചേട്ടന്മാർക്കു നല്ലകാര്യമാണ്.
അവർക്ക് ഇരിക്കാൻ സീറ്റ്കൊടുക്കും, അവരോട് തമാശപറയും. ചുരുക്കിപറഞ്ഞാൽ,
അവർ ചേട്ടന്മാരുടെ കണ്ണിലുണ്ണികൾ. പിന്നെ വേറെ ചില പെൺപിള്ളേരുണ്ട്. ബുദ്ധിയി
ല്ലാത്തവളുമാർ. അവർക്ക് ഇത്തരം സ്നേഹപ്രകടനമൊന്നും പിടിക്കില്ല. എന്നു മത്രമല്ല,
അവരു നമ്മുടെ ചേട്ടന്മാരോട് ചൂടാവും. സാരമില്ല. അത്തരക്കാർക്ക് ഇരിക്കാൻ സീറ്റ്
തരപ്പെടില്ല എന്നുമാത്രം. ചേട്ടന്മാരുടെ കണ്ണിലെ കരട് എന്നോ മറ്റോ പറയാം. അനുഭ
വിക്കട്ടെ,ല്ലേ?) എല്ലാ കാത്തിരിപ്പും കഴിഞ്ഞ് ബസ്സിൽ കയറുന്ന കാര്യം പറയുകയാണെ
ങ്കിലോ.... എന്റെ മോനേ, ശരിക്കും അതൊരു ജീവൻമരണ പോരാട്ടമാണ്. ഡ്രൈവർ
സാറ് ബസ്സിൽ സീറ്റിലിരുന്ന് ബസ്സ് സ്റ്റാർട്ടുചെയ്താൽ നമുക്കുള്ള സിഗ്നലായി. പിന്നെ
ഉന്തും തള്ളും പിടിച്ചുവലിക്കലും...ആകെ ബഹളമയം. അപ്പോഴേക്കും ബസ്സ് ഓടിത്തു
ടങ്ങുകയായി. പിന്നെത്തെകാര്യം പറയാതിരിക്കുകയാ ഭേദം. എന്നാലും പറയാം.
ഫുട്ബോർഡിന്റെ അടുത്തുള്ള കമ്പി പിടിച്ച് (അല്ലെങ്കിൽ പിടിക്കാതെ) ബസ്സിനൊപ്പം
ഒരു ഓട്ട മത്സരം. അതിനിടയ്ക്ക് ചെരിപ്പുപോയാലും വേണ്ടില്ല, ഷാൾ അഴിഞ്ഞു
വീണാലും വേണ്ടില്ല, ഇനി മാനമോ ജീവനോ തന്നെ പോയാലും വേണ്ടില്ല, ബസ്സിൽ
കയറിയാൽ മതി. ഇരുപത്പേർ ഡോറിനടുത്ത് വായും പൊളിച്ചു നിൽപ്പുണ്ടെങ്കിൽ
അഞ്ചുപേർ മാത്രം 'കയറ്റം' പ്രതീക്ഷിച്ചാൽ ബാക്കി ആളുകൾ അടുത്ത ബസ്സിന്റെ
വാതിലിനരികിലേക്ക്.

ബസ്സിനകത്തെത്തിക്കിട്ടിയാലോ? രക്ഷപ്പെട്ടെന്ന് കരുതാൻ വരട്ടെ മോനേ....അവി
ടെയും കാണും നൂറുകൂട്ടം ഫോർമാലിറ്റീസ്. സീറ്റുകളങ്ങിനെ ഒഴിഞ്ഞുകിടക്കുകയാ
ണെങ്കിലും ഇരിക്കാൻ പാടില്ല. ഇനി ഏതെങ്കിലുമൊരു വിവരദോഷി അറിയാതെ ഇരു

## ചാംബ്രട്ട...




ന്നുപോയാൽ(അതിലുംഭേദം പാണ്ടിലോറിക്ക്
തലവെക്കുന്നതായിരിക്കും) അയാൾ നോട്ടപ്പുള്ളി
യായി. അടുത്തസ്റ്റോപ്പിൽ നിന്ന് ആരുകയറി
യാലും അവരെ ബഹുമാനിക്കണം, അഥവാ
എണീറ്റ് സീറ്റ് കാലിയാക്കണം. വരുന്നവന് ഇപ്പടി
ചെയ്യാൻ തോന്നിയില്ല. മൂപ്പർ രണ്ടും കൽപിച്ച്
സീറ്റിൽ തന്നെ ഇരുന്നു. അപ്പോൾ ദേ വരുന്നു
പത്താംക്ലാസിൽ പത്തുകൊല്ലം തോറ്റ കണ്ടക്ടർ
സാറിന്റെ സിനിമാ സ്റ്റൈൽ ഡയലോഗ്:"തോളി
ലൊരുഭാഗും കൈയ്യില് ഒരുറുപ്യേംണ്ടായാല്
എന്തുതോന്ന്യാസവും ആവാംന്നാവും വിചാരം."
അതും നാലാള് കേൾക്കെ."ശ്ശോ, കേട്ടവന്റെ
തൊലി ഉരിഞ്ഞുപോയിട്ടുണ്ടാവും" എന്നാണോ
കരുതുന്നത്? നെവർ...ഇതൊക്കെ ഒരു രണ്ടു
ദിവസം കേട്ടുകഴിഞ്ഞാൽ പിന്നെ ശീലമായില്ലേ...
മൂന്നാമത്തെ ദിവസം ഉളുപ്പും മാനവുമില്ലെങ്കിലും
നല്ല തൊലിക്കട്ടി ഉണ്ടാകുമെന്നുറപ്പ്. (സ്ട്രഗ്ഗ്ൾ
ഫോർ ദി എക്സിസ്റ്റന്സ് ആൻഡ് സർവെവൽ ഓഫ് ദി ഫിറ്റസ്റ്റ്. എന്നുവെച്ചാൽ
തൊലിക്കട്ടി ഇനിയും ഉണ്ടാകാത്തവർ പിന്നെ ഈ പണിക്കു നിൽക്കരുത്, അഥവാ
പഠിപ്പു നിർത്തി വീട്ടിലിരിക്കുക.) ഇതൊന്നും പരിചയമില്ലാത്ത ചില മനുഷ്യസ്നേ
ഹികൾ ചിലപ്പോൾ നമുക്കുവേണ്ടി വാദിക്കും. "പാസ് നിങ്ങളുടെ അവകാശമാണ്,
ഇവരുടെ ഔദാര്യമല്ല" എന്നൊക്കെ പറഞ്ഞ് നമ്മളെ ബോധവൽക്കരിക്കും. വിദ്യാ
ഭ്യാസ സ്ഥാപനങ്ങളുടെ സാന്നിധ്യം കൊണ്ടുമാത്രം ബസ്സിന്റെ ടാക്സിൽ വൻ
ഇളവു ലഭിക്കുന്നുണ്ടെന്നും അതു വിദ്യാർത്ഥികൾക്കുവേണ്ടി മാത്രമാണെന്നും മന
സ്സിലാക്കിത്തരാൻ അവർ ശ്രമിക്കും. "വിദ്യാർത്ഥികൾ അവസാനമേ ബസ്സിൽ കയ
റാവൂ", "സീറ്റിലിരിക്കാൻ പാടില്ല" തുടങ്ങിയ വിഡ്ഢി നിയമങ്ങൾ ഉണ്ടാക്കിവെ
ച്ചതും പ്രോത്സാഹിപ്പിക്കുന്നതും ആരാണ് എന്ന് അവർ ചോദിക്കും. ബസ്സിലെ മറ്റ്
യാത്രക്കാരും വിദ്യാർത്ഥികളും എന്തുകൊണ്ട് പ്രതികരണശേഷി നഷ്ടപ്പെട്ടവരാ
കുന്നു എന്ന് അവർ വ്യാകുലപ്പെടും. വിദ്യാഭ്യാസത്തിന്റെ മൂല്യവും പ്രാധാന്യവും,
അത് അറിയാത്ത പാവപ്പെട്ടവർക്ക്, അവർ പറഞ്ഞുകൊടുക്കും 'ടിക്കറ്റും''എസ്.ടി'
യും തമ്മിലുള്ള വിവേചനം, പണക്കാരനും പാവപ്പെട്ടവനും തമ്മിലുള്ള വിവേചന
മാണെന്ന് അവർ വിശ്വസിക്കും. ബസ്സ് ജീവനക്കാരുടെ ഈ അല്പത്തരവും തെരു
വിൽ ഭിക്ഷയാചിക്കുന്നവരെപ്പോലും തോല്പിക്കുന്ന വിധം, പണത്തിനോട്
അവർക്കുള്ള ആർത്തിയും, "പണത്തിന് മീതെ പരുന്തും പറക്കില്ല" എന്ന
ചൊല്ലിനെ അന്വർത്ഥമാക്കുന്നു എന്നോർത്ത് അവർ ദുഃഖിക്കും, വിലപിക്കും.

പക്ഷേ, മോനേ......ഇതെല്ലാം കേട്ട് പ്രചോദനമുൾക്കൊണ്ട്, അവർക്കൊപ്പം
ചേർന്ന് വാദിക്കാൻ നിൽക്കല്ലേ..... ഡെയ്ലി ഇതേ ബസ്സിൽ കയറാനുള്ളതാ,
അതോർമ്മവേണം. മൗനം വിദ്വാനുമാത്രമല്ല, വിഡ്ഢിക്കും ഭൂഷണം തന്നെ. അതു
കൊണ്ട് ഞാനും നീയും ഇക്കാര്യത്തിൽ "ആൾവേയ്സ് നെവർ മൈൻഡ്"....പ്രതി
കരണശേഷിയില്ലെങ്കിലും സാരമില്ല; ഇപ്പോൾ വീട്ടിലെത്തിയാൽ മതി.

ദേ, 'അമാന' വരുന്നു....ചാവാൻ, സോറി, ഓടാൻ റെഡിയായിക്കോ......

**Nimmi A.P**
II Sem, Sociology



# നവജാതശിശു

ഡെലിവറി കഴിഞ്ഞശേഷം ആ 'സ്ത്രീ' നവജാതശിശുവിനെ അച്ഛനെയേൽപ്പിച്ചു. അച്ഛൻ തന്റെ കയ്യിലെ ക്രെഡിറ്റ് കാർഡ് ആ 'സ്ത്രീ'യ്ക്ക് കൈമാറി. എന്നിട്ട് ശിശുവിനോടായി "Sorry darling your mummy is very busy now. she is Australia" ശിശു തന്റെ വായിലെ നിപിളിൽ നിന്ന് വീണ്ടും എന്തോ പ്രതീക്ഷിച്ചുകൊണ്ടിരുന്നു.



# പകലിനുശേഷം

പകലിന്റെ ആഘോഷമൊഴിഞ്ഞപ്പോഴാണ് ഇരുട്ടിന്റെ കനത്തെപ്പറ്റി ആ രണ്ടുകുട്ടികൾക്ക് ബോധ്യമുണ്ടായത്. അവരിരുവരും കടൽത്തീരത്തെത്തി രാത്രിയിലും തുടരുന്ന തിരകളെപ്പറ്റി സംസാരിച്ചു. പകലവസാനിച്ചിട്ടും ആഘോഷം മതിയാക്കാത്ത യുവാക്കളെ പരിഹസിച്ചു. പുലർച്ചയ്ക്ക് വേണ്ടി കാത്തിരിക്കുന്ന നാടോടികൂട്ടങ്ങളെപ്പറ്റി കവിതകളെഴുതി. ചവറ്റു കൂനയിലെ ഉച്ഛിഷ്ടത്തിനു കടിപിടികൂടുന്ന തെരുവുനായ്ക്കളുടെ കുരയുടെ ലക്ഷ്യമില്ലായ്മയെപ്പറ്റി ഓർത്തു ചിരിച്ചു.

ഇടയ്ക്കിടെ വന്നുപോകുന്ന മിന്നൽ വെളിച്ചത്തെക്കുറിച്ച് വലിയ പുലരിയുടെ സ്വപ്നങ്ങൾ നെയ്തു. അർധരാത്രിയുടെ കനത്തഭീതിയിലും അവർ പിറ്റേന്നത്തെ പ്രഭാതത്തെ വരവേൽക്കുന്നതിനെപറ്റി പദ്ധതികൾ തീർത്തു. പ്രകാശത്തിന്റെ മാസ്മരികതയെ സ്നേഹിച്ചുകൊണ്ട്, അവ തുറന്നു തരുന്ന വർണങ്ങളുടെ അനേകം കൂടിച്ചേരലുകളെ മനസിൽ പുതിയൊരു ലോകം തുറന്നിട്ട് ചക്രവാളം നോക്കി കാത്തിരുന്നു.

പ്രഭാതവും പ്രദോഷവും ആകാശത്തിന്റെ അതിരുകളിൽ വരഞ്ഞിട്ടുപോകുന്ന അരുണിമ, മാറ്റത്തിന്റെ അടയാളങ്ങളാണെന്ന് അവർ നിരൂപിച്ചു. ആ അടയാളങ്ങൾ ചക്രവാളത്തിന്റെ ഒരറ്റത്തു



നിന്നും ആകാശം നിറയെ വ്യാപിക്കുമെന്നും പ്രത്യാശിച്ചു.

അങ്ങനെ ഉഷസ്സിനെ വരവേൽക്കാൻ പക്ഷിക്കൂട്ടങ്ങളുടെ കാഹളം അവരെ ഉന്മേഷവാരാക്കി. ചെഞ്ചോപ്പിൽ നിന്ന് സ്വർണവർണം വിതറി പുലരി പിറന്നു. ആ പ്രകാശരശ്മികൾ നീലത്തിരമാലകളെ അത്യന്തം സൗന്ദര്യമുള്ളതാക്കി.

എന്നാൽ പുലരി കഴിഞ്ഞും സൂര്യരശ്മിയിൽ നിന്നും കണ്ണെടുക്കാതെ നിന്ന ഇരുവരും അന്ധരായി മാറി. എന്നാൽ ഇരുവരും കാഴ്ച നഷ്ടമായത് അന്യോന്യം അറിയിച്ചില്ല. സായാഹ്നത്തിലും, വൈകാതെ വന്ന അനിവാര്യമായ രാവിലും അവർ പകലിലാണെന്ന് ഉറക്കെ പുലമ്പിക്കൊണ്ടിരുന്നു. അവർ പിന്നീടുള്ള രാവുകളിലത്രയും പകലിനെപ്പറ്റി പാട്ടുകൾ പാടി. എന്നാൽ ഇനിയുണരാത്ത ആ രാത്രിയിലും അവരുടെ പാട്ട്കേട്ട് നാടോടികൾ അഭ്യാസങ്ങൾ നടത്തി.

തെരുവുനായ്ക്കളത്രെയും കിട്ടാത്ത പകലിനു കാവലിരുന്നു. പക്ഷിക്കൂട്ടങ്ങളപ്പോഴും പകലിനെ സ്തുതിച്ച് ഗീതങ്ങൾ പാടിക്കൊണ്ടിരുന്നു. എന്നാൽ ഇരുട്ടിലും മിന്നൽ വെളിച്ചത്തിന് അവരുടെ കൃത്രിമ പകലിനോളം ശക്തിയില്ലായിരുന്നു. എന്നാലും ഇരുണ്ട കാർമേഘങ്ങൾ തിങ്ങിനിറയുമ്പോൾ മിന്നലുകൾ വെളിച്ചം വിതറിക്കൊണ്ടിരുന്നു. ആ ഇടിമുഴക്കത്തെ കേൾക്കാതിരിക്കാൻ തെരുവുനായ്ക്കളും പക്ഷിക്കൂട്ടങ്ങളും ഉറക്കെയുറക്കെ ശബ്ദമുണ്ടാക്കിക്കൊണ്ടിരുന്നു.

കുട്ടികൾ വൃദ്ധരായതും അവരുടെ തലമുറ രാവിനെ പകലെന്ന് പേരിട്ടുവിളിച്ചതും അക്കാലത്താണ്.



മാംസത്തിന്റെ കൊഴുപ്പനുസരിച്ച് തൂക്കി
വിൽക്കുന്ന ശരീരത്തിന്റെ വിലപേശലുകൾ
നമ്മുക്ക് പരിചിതം ചുവന്ന തെരുവുകളിൻ
മാത്രം. പക്ഷെ നിയമത്തിന്റെ കറുത്തമുറിയിൽ
നുറുങ്ങുവെട്ടത്തിന്റെ കാഴ്ചയിൽ മാംസവും
മജ്ജയും അളന്നു തിട്ടപ്പെടുത്തുന്ന തട്ടകം
നമ്മുടെ പരിധിക്കപ്പുറത്തു തന്നെ!!



ഇരുട്ടുപുതപ്പിലാകാശം
ചുരുണ്ട്കൂടി വിശ്രമംകൊണ്ട നേരം
കറണ്ട് കട്ടിലെപ്പോഴോ
എന്നെ മുറുക്കിപ്പിടിച്ച
കറുത്തകൈകൾക്കുള്ളിൽ നിന്നും
കുതറിമാറാൻശ്രമിച്ചപ്പോൾ
അത് ജന്മം തന്ന പിതാവാണെന്ന്
കണ്ണീർഗോളങ്ങളുലകം നനച്ച്
മണ്ണോട് ചേർന്ന്
ആ വൃശ്ചിക തണുപ്പിൽ
പൊട്ടിച്ചിരിച്ച കുപ്പിവളകൾപിന്നെ ചിരിച്ചില്ല.
ഞെട്ടറ്റ പൂമൊട്ടുപോലെ
ഇടവഴികളിൽ കിടന്ന എന്നെ
പിന്നെയാരൊക്കെയോ ചേർന്ന്ചവിട്ടിയരച്ചു.

# പ്രവാസം

കാത്തിരിപ്പിന്റെ
മരീചികപോലെയാണ് പ്രവാസം
ഒരായുസിന്റെ പച്ചയുമായി
പ്രതീക്ഷക്കുട നിവർത്തി
അത്
ജീവിതത്തെ വല്ലാതെ പ്രലോഭിക്കും....
അടുക്കുമ്പോൾ
ഒരായുസിന്റെ തിരിച്ചടികളുമായി
ദാഹങ്ങളുടെ കണക്കു പറയും....
അവസാനം,
ഏതെങ്കിലുമൊരു തടവറയിൽ
ജീവിതകാലം മുഴുവൻ....
നാട്ടിൽ,
'പ്രവാസ ലോകത്തിൽ'
കണ്ണീരൊഴുക്കി
വീട്ടുകാരും.



## ലാംബ്രട്ട...




# ലോട്ടറി

**Farzana. A.M**

മിന്നുന്നതെല്ലാം
പൊന്നെന്നു കരുതി
ലോട്ടറി വാങ്ങിക്കൂട്ടിയത്
അമ്മയുടെ ശവം പൊതിയാനായിരുന്നു
ആദരാഞ്ജലികൾ
അർപ്പിക്കാൻ
പ്രസിഡണ്ട് എത്തിയപ്പോൾ
കയ്യിൽ കരുതിയ റീത്തിനും
പത്തുരൂപാ ലോട്ടറി നോട്ടിന്റെ
അലങ്കാരം.
എല്ലാം കഴിഞ്ഞ്
ശവദാഹത്തിനായ്
തീകൊളുത്തിയതും
നോട്ടിലായിരുന്നു.
ആളിപ്പടരുന്ന തീനാളങ്ങളിൽ
കണ്ടു ഞാൻ
അമ്മയുടെ ചിത്രം പതിഞ്ഞ
ലോട്ടറി ടിക്കറ്റ്!

# ചാംബ്രട്ട...



Dilruba. K


ഞങ്ങളുടെ കാമ്പസിൽ
മഴപെയ്യാറില്ല!
എങ്കിലും
നനഞ്ഞുകുതിരാറുണ്ട്,
പെർഫ്യൂം മണക്കുന്ന ക്ലാസ്-
മുറിയുടെ പിന്നിലിരുന്ന്
ചുരിദാറിന്റെ കീറലൊളിപ്പിക്കു
മവളുടെ ചിതൽ-
മണക്കുന്ന നോട്ടു പുസ്തകം
മഴനനച്ച് കാറ്റാടി മരം
പോലെ തിളങ്ങാറുണ്ട്,
കുതിരപോയ കുട നിവർത്തുമ്പോൾ
അവളുടെ കണ്ണുകൾ...
ഒഴിഞ്ഞ ചോറ്റുപാത്രത്തിൽ-
നിന്നൊലിക്കുന്ന ശൂന്യത
തൊട്ടുകൂടുമ്പോൾ
ഞങ്ങളെനോക്കി
തെളിഞ്ഞ മിന്നലുപോലൊരു പുഞ്ചിരി




കരുതിവെച്ചത്
കിനാവ് കണ്ടത്
കാതൊർത്തിരുന്നത്
എല്ലാം
നിനക്കായിരുന്നെന്ന്
കരഞ്ഞിരിക്കാൽ
ഞാൻ
നിന്റെ ആരുമല്ല
കുത്തകൾക്കിടയിൽ
പൂരിപ്പിക്കാൻ
നീ ബാക്കിവെച്ച
ചിത്രം
എന്റേതാണെന്ന്
വിശ്വാസവുമില്ല
വിപ്ലവം, പ്രത്യയശാസ്ത്രം
രാഷ്ട്രീയം
ബുദ്ധിജീവികളുടെ
കുറ്റകൃത്യങ്ങളിൽ
നിന്റെ വിരലടയാളം
പതിഞ്ഞിട്ടില്ല.
ആർത്തു ചിരിച്ച്

പഷ്ണി മാറ്റിയ
നാളിൽ
വേനൽ ചോറ്
കൊത്തിയിട്ട കാക്ക
നിന്നെക്കുറിച്ച്
പറഞ്ഞിരുന്നു
ഉടുത്തൊരുങ്ങിയ
പെങ്ങൾ
ചെറുക്കന്
ചായ ഉപ്പിട്ടത്
ഒരു കപ്പ്
പലഹാരങ്ങൾ
എരിവുള്ളതും
മധുരം നിറച്ചതും
കൊടുത്തു
തിരികെ വരുമ്പോൾ
ഞാൻ നിന്നെ കണ്ടിരുന്നു
തെരുവിൽ
ഭ്രാന്ത് കുടിച്ച്
മൗനമിറക്കി
എന്റെ ഇടം കണ്ണിലേക്ക്
നീ ചിരിച്ചുകൊണ്ടേയിരിക്കുന്നു

# കള്ളൻ



**നി**ന്റെ കവിതകളുടെ
പിറകിൽ
എന്നും ഞാൻ പതുങ്ങി
നിൽപ്പുണ്ടാവും
വരികൾക്കിടയിലൂടെ
ഞാൻ ഊർന്ന്
വീഴുന്നതും കാത്ത്...!





# ആത്മാവിന്റെ ശ്മശാനം


Sonu

കരയുന്നില്ലെങ്കിലും- നിന്റെയുള്ളിലെ
കയലിന്റെ തിരയിളക്കം
എനിക്ക് കേൾക്കാം
എന്റെ ഹൃദയത്തിലെ
കരിയില നിറഞ്ഞ
വഴിയിലൂടെ നടന്നാൽ
ശ്മശാനത്തിലെത്തും
നിന്റെ കണ്ണീരിന്റെ
ഉപ്പുകട്ടയും കാത്ത്
എന്റെ ആത്മാവുണ്ടവിടെ
-കല്ലറ പണിയാൻ-



# ഡ്രൈവർ

ഒരു ആബുലൻസ്
ഡ്രൈവർ
ആയതിനീലാവാം
നിർവികാരതയോടെ
നിന്നിലേക്ക് വരാനായത്
നിലാവുപോലെ
വിളറിയ കൈകൾ
തട്ടിമാറ്റാത്തത്,
ചതഞ്ഞ ചുണ്ടുകൾ
ചുംബനം കൊതിക്കുന്നത്
കണ്ടുപിടിക്കാനായത്
അതിലുപരിയായ്
എന്തുകൊണ്ടെന്നെനിക്കറിയില്ല
പുകചുരിളിലൂടെ നിന്നെ കണ്ടപ്പോൾ
ഉള്ളിൽ
ഉപ്പുരസം
കിനിഞ്ഞിറങ്ങിയത്




## (പ്രണയത്തിൽ)
## ഇരുൾ വീഴും മുൻപേ


**നി**ന്റെ വാക്കുകൾക്കും നോക്കു
കൾക്കും
മുൻപേ നടന്നു തുടങ്ങിപ്പോൾ-
അന്നാണ്
ആദ്യമായ് ഞാനെന്റെ
കവിതയെ കണ്ടത്
പണ്ട്
താഴെ വീഴുമെന്നറിഞ്ഞിട്ടും-
പൊടിഞ്ഞുതുടങ്ങിയ
ചിത്രശലഭ ചിറകിനു പിറകെ
നമ്മൾ
അന്നും ഇരുളിനു മുൻപേ
വീട്ടിലെത്താൻ
നീ പിണങ്ങി ഓടി.
രാത്രി,
മഴയുടെ കിലുക്കത്തിൽ
നീ സ്വപ്നം കാണുമ്പോൾ
എന്റെ മഞ്ഞ്
എവിടെയോ കാത്തിരുന്നു.

പിന്നീടെപ്പോഴോ
കരിയിലനിറഞ്ഞ
ഇടവഴിയിലൂടെ വെയിൽ
കരഞ്ഞ് തളർന്ന
നട്ടുച്ചയ്ക്ക്
നീ എന്നിൽ നിന്നും
ഇറങ്ങിപ്പോയി
അവസാനമായി ഞാനെന്റെ
കവിതയെ കണ്ടത്
സന്ധ്യയിൽ
-ഇരുൾ വീഴും മുൻപ്
പേരില്ലാത്ത ഒരു ലവൽക്രോസിന
ടുത്ത് വച്ചാണ്
ആരും കാണാതെ അവൾ പാളത്തിൽ
കയറി കിടക്കുകയായിരുന്നു.



# പുഴയോട്

മഴയ്ക്കു മുൻപേ
ആലിപഴങ്ങളായി
ഞാനെന്റെ സ്വപ്നങ്ങൾ
നിനക്കു തന്നു-
അതിനുമുൻപേ
ബാഷ്പമായ് നീ എന്നിലേക്ക്
വന്നത് ഞാനറിഞ്ഞില്ല
സത്യം




# കവിതയുടെ ജനനം

**നി**ന്റെ ആത്മാവിൽ
ഒരു മുറിവുണ്ടാക്കി
അക്ഷരങ്ങളെ
ഞാൻ അതിലിട്ടു മൂടി
കാത്തിരുന്നു
മുള വരുന്നതും കാത്ത്.




# സ്വപ്നം

ഇതുവരെ ഞാൻ
കാണാത്തൊരു സ്വപ്നത്തിലായിരിക്കും
നീ എന്നെ കണ്ടത്
അതിലെ
നിന്റെ റോസാപൂവും
അതിന്റെ ഗന്ധവും
ഇന്നുമെനിക്കറിയില്ല
കാരണം
ഇന്നുഞാനാസ്വപ്നം
കാണുമ്പോൾ
അവിടെ പൊഴിഞ്ഞ
ഇതളുകളെ ഉണ്ടായിരുന്നുള്ളൂ.



# കനൽ

മുമ്പെ നടന്നവന്റെ
കാപട്യങ്ങളായിരുന്നു
പിന്നിൽ തീർക്കപ്പെട്ടത്
അതിനാൽ
ഞാൻ തിരയുന്നത്
അവന്റെ
രക്തക്കറപുരണ്ട കാലടികളായിരുന്നു....
കാരണം,
ഒരുപാട് സാക്ഷ്യജീവിതത്തിന്റെ
കനലെരിയുന്ന
സത്യങ്ങളായിരുന്നു
അതിൽ
മൺമറഞ്ഞത്.



ഊടുവഴികളിലെ
കരിയിലകൾക്ക്
ചൂടുള്ള ചവിട്ടുകളുടെ
വേദനകളായിരുന്നു
പങ്കുവെക്കാനുണ്ടായിരുന്നത്
എനിക്കോ?
'ആഗോള ഗ്രാമ'ത്തിന്റെ
പൊള്ളുന്ന വിലയുള്ള
മാർക്കറ്റിന്റെ
ഇഴയടുപ്പിക്കാനാവാത്ത
ജീവിത നിമിഷങ്ങളും.






# കോടി

**അ**ന്ന്
പിറന്നുവീണ ജന്മത്തിന്റെ
സുകൃതങ്ങളെ മാനിച്ച്
പിറന്നാൾ സമ്മാനമായ് നീ തന്നു
സ്വർണക്കരയുള്ള ഒരു കോടി.
വിഷുവിന്,
ഒരു കൂടക്കണിക്കൊന്ന തൻ
വസന്തത്തിൽ
കൈനീട്ടമായ് തന്നതും
കസവുകോടി.
പിന്നെയെന്റെ മംഗല്യനാളുകൾ
നിറംചാർത്താൻ
ദേഹമണിഞ്ഞതും
പൊൻകോടി.
ഇന്നെന്റെ,
മൃതദേഹം പൊതിയാൻ
നീ കരുതിയതും
വിളറിയ വെള്ളകോടി
നാളെയെന്റെ
ചരമവാർഷികത്തിൽ
പൊടിപിടിച്ച് പെട്ടിയിൽ
ശ്രാദ്ധദിനമാചരിക്കുന്ന
മരണക്കോടി.






"And so it was I entered the broken world
to trace the visionary company of love, its voice
An instant in the wind (I know not whither hurled)
But not for long to hold each desperate choice"

"The Broken Tower" by Hart Crane Campus is the storehouse of energy, dreams, aspiration, revolutions. It's a 24 hour factory where the workers, supervisors and managers are trapped in the two-dimensional frame of space and time. Nostalgia is thus the dominant feeling an associate has for this temple of knowledge and education.

College life is a celebration of the youthfulness exploring one's potential as well as the coming of age where students recogise that they are responsible aduits of society. Its here that we equip one selves with life skills to conquer the world Compus always is evalnated in retrospecction and Nostalgia replaces the sometimes living of college Days. His-story of man often contains numerous payes on College Life only because then he was the King of his Dream Land(College)

But now colleges are frozen. Its winter time. Campus buzzes with life at nine o clock in the morning but that ends at 9.10 am which is the ultimatum for entering classrooms. Semesterisation of the grauation and post graduation courses and continous Evaluation method have brought much change in College Life. It has brought


Exams followed by more external and internal exams, deprived students of the free time and exploits only the memory proves and patience of students.


College was never a bitter experience for the past generation as they enjoye life there to grow up to attain adulthood. But the stifling college education syster now is producing veining school children instead of aduts who are responsible t society. The campus (the trees, the birds chirping an trees, college ground, can teen, library, the sun and each every twig of natural world) a waits in door classes the military discipline and the academic calender is so structured that it ensures th students to be eternal students by learning heart books on exam eve to reproduc on paper.

Students never turn up to be true in this atmosphere for the fear of enragin the authority or there teachers. They never let lose the hushed up feeling.Campu will be fragmented meemory of depressions and mind shocks, "a broken tower" fo a new generation student. They lose their dreams, hopes and love for life to end u as introverts living in their shells of fragmented memories.

Arts fest, cultural activities and sports event are the only exceptional celebra tions where students mingle to dissolve their ego. There activities enhance thei team spirit and the feasting and wirth can bring in the community feeling. Compuse should develop as active debate centres whene students are exposed to contempo rary issues. 'Ego' shuold be dissolved and should feel that this is an opportunity t express their potential.

After every winter, there is a spring Campus can be lively again with activities Its always happening.





**Anusree R.S**
M.A English, IV. Semester


# '0'- Zero

**'0'**- Zero is not hollow
But pregnant now...

At a time
She was worthless
Without '1' behind her
And those digits made her
Incomplete and silent.

But now
She is pregnant with
Talents
Courage
Intelligence
She is happy
With cuts movements
From her ripened belly.

But
What to do?
To the word
She is just a 'Muted hollow'



**Nadeen Nizar**
Ist BA English

# Is there Peace Anywhere?

Is there peace anywhere?
Only battles and wars everywhere!

Lives lost, follow beings homeless
b'coz they were careless

Of their home their earth
Not giving it half a penny's worth
Minds of human beings ferry away
To catch their grccds far away
But why the earth to be treated like a knight
In a battle that never lasts a day or a night
Our poor feathered- friends in lages
famished for no wages
After all these chaos are bound
There still arises a question in my mind
Is there peace anywhere?
Only battles and wars everywhere.

**Nadeen Nizar**
Ist B.A. English

# A Prayer


As autumn faded away and winter set in,
I walked in the forest, crying within
Thoughts pasts deeds overflowed my mind,
The pain it left in its trail numbed my mind
Oh! God, I pray for guiddnce
To make me a person of valuable substance
To make me a teader who leads all
Who brightens up the life of big and small.

Make me a spark in the ignorant dark
Let my speech be sweet like that of a lark
Make me a helping hand that guides though confusion
for silent tears of the older gcneration.

Let me be a shining star in the ignorant dark
Let me turn their live into days, sunny and stark
Let me be a spring of knowledge in this arid land
Make my words revolutionary, but none to offend.




# She who opened the door of my life




**Farzana Parveen.E.K.P**
Ist B.A English

I was in a dark room
in my own world thought right
I enjoyed the darkness
but as the years passed
I wished to fey
to world of adventure
to explore its beauty
to the world of joy and love
but I realized
I am trapped in darkness
I saw men and woman of no words
I heard silent crying of an unknown friend
it tached my heart
I held her hand, I wondered
I could see the world though her eyes
she told.... ...let us fly
I promised we will the friends forever
it was she who opened
the door light to my life.





## Tear Drops


Life is a thirsty dessert
where tear drops quie imefert
like a mirror of the heart
my eyes reject the pain
they shine and glitter with beauty
as tear drops appear again




In the long journey
of my life
I sew you
like a full moon
In the blue sky
of they heart
stans of my dreams
when I was unbeared
lay the heat of sun
your cool shadow
only was my relief
when the raindrops
fell of me
you motected me
under you umbrella
oh my dear friend
you game me all years
I only have to return you
is my pure love








Zayan Asif

# The Unseen Mirror

**O**ne object you never see
Even when you look at it
is the mirror;
You see the reflection, beauty or beastliness
But never the truthful reflecor
If remains invisible to the eye;
Cracks are noticed, but only across the face
The mirror is never judged bad-looking
An open heart, like a plain mirror
Reflects everything but itself
From out of it, you discover everything
All but the reality of its existence
You catch its image in all places
Like a sudden pool of clear water, by the road
By abrupt chance, they become your moments of truth
Unprepared moments are always the moments of folly
Mirrors in the hearts are ever more precious
Then the unmoving mirrors on the well
Let there be more, and let the bath the world
In the light caught from their mutual reflections.

**Prajna**
**M.A. English**



# നോ സ്മൈൽ പ്ലീസ്....

എനിക്ക് ഫോട്ടോകൾ
ഇഷ്ടമാണ്....
മറവിയുടെ,
കാണാക്കയങ്ങളിൽ
ഉപേക്ഷിക്കപ്പെട്ടവർ
ഫോട്ടോയിലൂടെ
പുനർജനിക്കട്ടെ....
ആൽബങ്ങൾ
വെറുതെയെങ്കിലും
മറിക്കുമ്പോൾ
കണ്ണിൽ കുരുങ്ങുന്ന
ചില സ്നാപ്പുകൾ
ചലനങ്ങൾ സൃഷ്ടിക്കട്ടെ
ഫോട്ടോയിൽപെടാത്തവർ
മരിച്ചതായ് കാണുന്ന
ലോകത്ത്, എനിക്കും
വേണമൊരാൽബം
പക്ഷേ,
നേരിനെവെള്ളപൂശി
കൺകെട്ട് നടത്തുന്ന
ചിത്രങ്ങളല്ല.....
സത്യത്തിന്റെ
തനിപകർപ്പ്.......



കാലം തെറ്റി പെയ്ത
നരച്ച മഴയത്ത്
പുള്ളികുടയുടെ കീഴെ എന്റെ
കറുത്ത ഫ്രെയിമിട്ട
കണ്ണാടിചില്ലിലൂടെ നോക്കിയപ്പോൾ
പീടികതിണ്ണയിലെ
ത്രാസിലാടിയ വെള്ളപ്പൂക്കൾക്ക്
കേട്ടു ദ്രവിച്ച
മുത്തശ്ശികഥകളിലെവിടെയോ കണ്ട
തുമ്പപ്പൂവിന്റെ
ഛായയുണ്ടായിരുന്നു.
ഓർമ്മയിലെ വസന്തം




മരം ചുറ്റിപ്രേമം നിനക്കന്യമായിരിക്കും. വേണമെ
ങ്കിൽ മിഴിസല്ലാപവും എന്നാൽ നിന്റെ മൊബൈൽ
പ്രണയത്തിന് എത്ര സെക്യൂരിറ്റി കോഡുണ്ട്?!!
അപ്പോൾ സൈബർ കുരുക്കഴിക്കുന്നനിന്റെ പ്രണയ
നേക്കാൾ എത്രയോ നിർഭയത്വം എന്റെ പഴഞ്ചൻ
പ്രേമത്തിനു തന്നെ.



രൗദ്രം

ചർച്ചകൾ ദ്രുത താണ്ഡവമാടുകയാണ്. വേഷങ്ങൾ തിമിർത്താടുന്നു. നവരസങ്ങളിൽ രഞ്ജിപ്പിന്റെയും, അനുരഞ്ജനത്തിന്റെയും ഭിന്നിപ്പിന്റെയും ലാഞ്ജനകൾ... മേളപ്പദവും ചെണ്ടകൊട്ടും മുറുകുമ്പോൾ അക്ഷരങ്ങൾ രൗദ്രഭാവം പൂണ്ട് അരങ്ങുതകർക്കുന്നു. സർഗ്ഗാത്മക-ക്രിയാത്മകതയിൽ ചൂടും ചൂരുമുള്ള സമവാക്യങ്ങൾ ആട്ടത്തിന്റെ പൂർണതയിൽ മുറുകുകയാണ്.



# ഭ്രൂണങ്ങൾ തേങ്ങുമ്പോൾ

**JIHAS. T**
ലൈബ്രറി സയൻസ്

'അഞ്ഞൂറു രൂപ മുടക്കൂ അഞ്ചലക്ഷം ലാഭിക്കൂ' കഴിഞ്ഞ നൂറ്റാണ്ടിലെ അവസാനത്തിൽ മുംബെയിലെ പ്രശസ്തമായൊരാതുരാലയത്തിന്റെ മുന്നിൽ ഉയർന്ന ഫലകം മേലൊന്ന പ്രകാരം വായിക്കപ്പെടുന്നു. ലിംഗനിർണ്ണയം നടത്തി പെൺകുഞ്ഞാണ് ജനിക്കാൻ പോകുന്നതെങ്കിൽ പ്രസവത്തിനു മുമ്പുതന്നെ തട്ടികളയാനുള്ള ആഹ്വാനവുമായാണ് ഈ ബോർഡ് പ്രത്യക്ഷപ്പെടുന്നത്.

ദ്രുതഗതിയിൽ തന്നെ ഇത്തരം പ്രവണതകൾ സംസ്ക്കാരസമ്പന്നരെന്ന് സ്വയം അഭിമാനിക്കുന്ന കേരളീയ സമൂഹത്തിന്റെ ഇടയിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. കേരളത്തിൽ ദിനംപ്രതി ആയിരത്തോളം ഗർഭഛിദ്രങ്ങൾ നടക്കുന്നതായി ഔദ്യോഗിക കണക്കുകൾ ചൂണ്ടികാണിക്കുന്നു. ഗ്രാമങ്ങളിലെ ക്ലിനിക്കുകൾ തൊട്ട് നഗരത്തിലെ വൻ പഞ്ചനക്ഷത്ര ഹോസ്പിറ്റലുകളിൽവരെ ഇതിൽ നിന്ന് മുക്തമല്ല. ഇങ്ങനെ ആധുനിക രീതിയിലൂടെ എടുത്ത കൊച്ചുശരീരങ്ങൾ എത്തുന്നതാകട്ടെ നമ്മുടെ ശരീരവർണ്ണം നിലനിർത്തുന്ന ലേപനങ്ങളിലും.

വിവാഹപൂർവ്വ ബന്ധങ്ങളിൽ ഉണ്ടാവുന്ന കുട്ടികളെ മഷി കഴുകികളയുന്ന ലാഘവത്തോടെ അബോർഷൻ ചെയ്യുന്ന സമ്പ്രദായം അതിക്രമിച്ചു വരികയാണ്. ഒന്നരകോടിയോളം അബോർഷൻ ലോകത്തിൽ വർഷം തോറും നടത്തപ്പെടുന്നു. ഇതിൽ ഒരു കോടിയോളം നടക്കുന്നത് ഇന്ത്യയിലാണെന്ന് ചില പഠനങ്ങൾ വ്യക്തമാക്കുന്നു. ഗർഭഛിദ്രങ്ങളുടെ ഈ പെരുപ്പമാണ് ഫാർമസ്യൂട്ടിക്കൽ മാഫിയയുടെ നിലനിൽപ്പിന്നാധാരം

അത്യാവശ്യ സന്ദർഭങ്ങളിൽ ഗർഭഛിദ്രം നടത്താമെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു. 1972ലാണ് ഇതു സംബന്ധിച്ച നിയമം പാസാക്കിയത്. ഇതിനെയാണ് വൈദ്യശാസ്ത്രം മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗനൻസ് (M.T.P)എന്നു വിളിക്കുന്നത്. 1972നു മുമ്പ് കുറ്റകൃത്യമായി കണ്ടിരുന്ന ഗർഭഛിദ്രത്തിനു ലഭിച്ചിരുന്ന ശിക്ഷ 3 വർഷം തടവും 5001 രൂപ പിഴയും ആയിരുന്നു. ഇന്ന് ഇതൊരു കുറ്റകൃത്യമല്ല. മാതാവിനോ കുഞ്ഞിനോ ഹാനികരമെന്ന് കണ്ടാലോ അവിവാഹിതർക്ക് ബലാൽസംഗം മുലമുണ്ടായാലോ ഗർഭം അലസിപ്പിക്കൽ നിയമം വ്യവസ്ഥചെയ്യുന്നുണ്ട്. പ്രത്യേക ലൈസൻസോടുകൂടിയ 2 ഡോക്ടർമാരെങ്കിലും സർട്ടിഫൈ ചെയ്യണമെന്നും നിയമം അനുശാസിക്കുന്നു. ഇവയെല്ലാം ലംഘിച്ചുകൊണ്ടാണ് നമ്മുടെ നാട്ടിലെ ആതുരാലയങ്ങൾ അവരുടെ കീശ വീർപ്പിക്കുന്നത്.

വിവാഹപൂർവ്വ ബന്ധങ്ങളിൽ ഉണ്ടാവുന്ന കുട്ടികളെ മഷി കഴുകികളയുന്ന ലാഘവത്തോടെ അബേർഷൻ ചെയ്യുന്ന സമ്പ്രദായം അതിക്രമിച്ചു വരികയാണ്. ഒന്നരകോടിയോളം അബോർഷൻ ലോകത്തിൽ വർഷം തോറും നടത്തപ്പെടുന്നു. ഇതിൽ ഒരു കോടിയോളം നടക്കുന്നത് ഇന്ത്യയിലാണെന്ന് ചില പഠനങ്ങൾ വ്യക്തമാക്കുന്നു. ഗർഭഛിദ്രങ്ങളുടെ ഈ പെരുപ്പമാണ് ഫാർമസ്യൂട്ടിക്കൽ മാഫിയയുടെ നിലനിൽപ്പിന്നാധാരം 'ജീവനെ ഹനിക്കുന്നതിനോ ഗർഭം അലസിപ്പിക്കുന്നതിനോ താൻ യാതൊന്നും ചെയ്യുകയില്ല' എന്നങ്ങേയറ്റം ആത്മാർത്ഥതയോടെ പ്രതിജ്ഞ ചെയ്തിറങ്ങുന്ന വൈദ്യശാസ്ത്ര ബിരുദധാരികളാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത് എന്നോർക്കണം.......

ഓസ്ട്രിയയിൽ നിന്നിറങ്ങുന്ന ഇക്കാറസ് എന്ന മാസികയിൽ കോസ്തമെറ്റിക് കമ്പനികളുടെ പിന്നാമ്പുറം സന്ദർശിച്ച ഒരു ലേഖകൻ വിവരിച്ചത് ഭീതിയോടെ ഓർത്തുപോവുകയാണ്.

പിഞ്ചുകുഞ്ഞുങ്ങളുടെ ശരീരം ഒരു ഉപകരണത്തിൽവെച്ച് അരച്ചെടുക്കുന്നു. പിന്നീടത് അരിക്കാനായി ബക്കറ്റും ഫിൽറ്ററും കൊണ്ടുവരുന്നു. ബക്കറ്റിൽ നിറയെ ചെളിക്കുണ്ടായിരുന്നു. അവയെല്ലാം വലിക്കപ്പെട്ട പിഞ്ചുകുഞ്ഞുങ്ങളുടെ ജഡമായിരുന്നു. കയ്യിലൊരു തവിയുമായി എന്തോ ഒന്ന് പ്രത്യേകം തിരഞ്ഞെടുക്കാനായി ഒരാൾ പരതുന്നുണ്ടായിരുന്നു. അവിടെ നിന്നനുഭവപ്പെട്ട ഗന്ധം പിശാചിന്റെ ഗന്ധമായി തനിക്കനുഭവപ്പെട്ടു എന്ന് ലേഖകൻ തുടർന്ന് വിവരിക്കുന്നു. അമൂല്യമെന്ന് കരുതുന്ന ജീവന്റെ കണങ്ങളെ വേർപ്പെടുത്തിയശേഷം അതെവിടേക്കൊഴുകുന്നുവെന്ന് വ്യക്തമാക്കുന്ന ലേഖനമായിരുന്നു അത്.

ഗർഭസ്ഥശിശുവിന്റെ ശരീരത്തിൽ കാണുന്ന ഫിറ്റൽ എബ്രിയോണിക് ട്രിഷ്യൂം വ്യാപകമായി അറിയപ്പെടുന്നത് ടൈപ്പ് 3 കൊളാജിൻ എന്ന പേരിലാണ്. ഇത് ഫീറ്റൽ കൊളാ


ജിൻ എന്നും അറിയപ്പെടുന്നു. ഇതിൽനിന്നും വേർത്തിരിച്ചെടുക്കുന്ന കൊളാജിനാണ് സൗന്ദര്യവർദ്ധക വസ്തുക്കളിലെ ആവശ്യഘടകമെന്ന് മനസിലാകുമ്പോഴാണ് ഗർഭഛിദ്രങ്ങളുടെ വൻ രഹസ്യം മറനീക്കി പുറത്തുവരുന്നത്. ത്വക്കിന്റെ സന്നിഗ്ദ്ധത കൂട്ടാനും ചുളിവുകൾ ഇല്ലാതാക്കാനും ഏറെ സഹായകരമായ രാസവസ്തുവാണ് കൊളാജിൻ. ഇത് മാർക്കറ്റിൽ ലഭ്യമായ എല്ലാ സൗന്ദര്യ വർദ്ധകവസ്തുക്കളുടെയും പിന്നിൽ രഹസ്യവും പരസ്യവുമായ ചിലമരുന്നുകൂട്ടുകൾ ഉണ്ട്. ഇവയെല്ലാം തന്നെ ഇതിന്റെ പുറംചട്ടയിൽ രേഖപ്പെടുത്തിയിരിക്കും എന്നാൽ പുറംചട്ടയിൽ മഷിയിട്ട് നോക്കിയാൽ പോലും കാണാത്ത ഒന്നുണ്ട്-കൊളാജിൻ. ഒരു ലേപനത്തിന്റെ ബേസ് എന്നത് മറ്റു രാസവസ്തുക്കൾ കലർത്തുമ്പോൾ അവയുമായി പ്രതിപ്രവർത്തിക്കാതാവണം. അതിന് ഏറ്റവും മികച്ചതും നിഷ്പ്രയാസം ലഭ്യമാവുന്നതുമാണത്രെ കൊളാജിൻ.

ഈ കൊളാജിൻ എന്ന ഒരൊറ്റ വസ്തുവിന് വേണ്ടിയാണ് ഇന്ന് മിക്ക ഗർഭഛിദ്രങ്ങളും നടത്തുന്നത്. ജീവൻ കവർന്ന ഒരു ഭ്രൂണത്തിന് അന്താരാഷ്ട്രവിപണിയിൽ 60,000 രൂപ മുതൽ 100000 രൂപവരെ വില കിട്ടുമത്രെ.

കാശ്മീർ താഴ്‌വരയിൽ അതിർത്തി രേഖക്കടുത്ത് ഒരു പട്ടിയെ വെടിവെച്ചിട്ടതിനു പോലും കേന്ദ്ര പ്രതിരോധമന്ത്രിയോട് വിശദീകരണം തേടിയ മറ്റൊരു മൃഗസ്നേഹിയായ മന്ത്രിവാഴുന്ന നാടായിരുന്നു ഭാരതം. എന്നാൽ ഗോവധത്തിനെതിരെ ഉറഞ്ഞുതുള്ളാനും മൃസംരക്ഷണ പദ്ധതികൾ നടപ്പിലാക്കാനും മുമ്പിൽ നിൽക്കുന്നവർപോലും ഈ ശിശുവധങ്ങൾ കാണാതെ പോവുകയാണ്.

ജനസംഖ്യാ നിയന്ത്രണത്തിനുള്ള ഫലപ്രദമാർഗമായി മിക്കരാജ്യങ്ങളും അംഗീകരി





ക്കുന്ന ഒന്നാണ് ഗർഭഛിദ്രം. പക്ഷേ ഗർഭഛിദ്രം ചെയ്തെടുക്കുന്ന ഭ്രൂണത്തിന് കമ്പോളത്തിൽ ആയിരങ്ങൾ വിലമതിക്കുമ്പോഴും ജീവിതനിലവാരം ഉറപ്പാക്കാനുള്ള ഗവൺമെന്റിന്റെ ജനസംഖ്യാ നിയന്ത്രണമെന്ന പദ്ധതിക്കുമുകളിൽ വരെ സംശയത്തിന്റെ നിഴലുകൾ വീണിരിക്കുന്നു.

നൂറ്റാണ്ടുകൾക്കുമുമ്പ് ലോകത്ത് നിലനിന്നിരുന്ന ഒരു സമ്പ്രദായമുണ്ടായിരുന്നുവെത്രെ. പ്രസവിച്ചത് പെൺകുഞ്ഞാണെങ്കിൽ ജീവനോടെ കുഴിച്ചുമൂടുക എന്നാൽ സമ്പൂർണ്ണനായ സാക്ഷര മലയാളി ഇതിനു കണ്ടുപിടിച്ച മാർഗ്ഗം പെൺകുഞ്ഞാണെങ്കിൽ ഗർഭത്തിലെ നശിപ്പിക്കുക എന്നതത്രെ.

'അമ്മയോ കുഞ്ഞോ ഏതെങ്കിലും ഒന്ന് മാത്രമേ രക്ഷപ്പെടൂ' അതുകൊണ്ട് നമുക്ക് അമ്മമതി എന്ന് പറഞ്ഞതുകൊണ്ട് ഗർഭഛിദ്രം നടത്തുന്നത് വൻതട്ടിപ്പാണ്. പൂർണ്ണ ആരോഗ്യമുള്ള 99.9% കുഞ്ഞുങ്ങളെയാണ് അത്യപൂർവ്വ അതിര് കടന്ന് സാധ്യതകൾ പറഞ്ഞ് കൊന്നുകളയുന്നത്. നാലും അഞ്ചും മാസങ്ങൾ വളർച്ചയെത്തിയ മനുഷ്യരൂപങ്ങൾ വരെ വളർച്ചയില്ലെന്നും മാംസപിണ്ഡങ്ങളാണെന്നും തെറ്റിദ്ധരിപ്പിക്കുന്ന ഡോക്ടർമാർ പിശാചിനേക്കാൾ നികൃഷ്ഠരാണെന്നതിൽ സംശയമില്ല. പൈശാചികമായ രീതിയിൽ പിഞ്ചുശരീരങ്ങളെ കീറിയും പിളർന്നും തലയോട് തകർത്തും വധിക്കുന്ന രീതികൾ ഇന്ന് നിലവിലുണ്ട്.

സൃഷ്ടികളിൽ വെച്ച് ഏറ്റവും ഉൽകൃഷ്ടനായ സൃഷ്ടിയാണ് മനുഷ്യൻ. അവൻ ഈ ഭൂമിയിലെ മഹാത്ഭുതമാണ്. സദ്ഗുണ സമ്പൂർണ്ണനായ ഈ മനുഷ്യന്റെ ജീവനും അമ്മയുടെ വയറ്റിൽ തുടിക്കുന്ന ജീവനും വില ഒന്നാണ്. ഭ്രൂണഹത്യയിലൂടെ ജനിക്കാതെ പോകുന്ന കുഞ്ഞുങ്ങളുടെ നിശബ്ദമായ നിലവിളിക്ക് ഉത്തരം നൽകാനുള്ള ബാധ്യത ഓരോ വ്യക്തിയിലും അർപ്പിതമാണ്. വേണ്ടതിനും വേണ്ടാത്തതിനും ഒരുപോല കുരച്ച് ചാടുന്ന നമ്മുടെ മീഡിയകൾപോലും ഈ വിഷയത്തിൽ നിശബ്ദത പാലിക്കുകയാണ്. സൂര്യവെളിച്ചം കാണുന്നതിനുമുമ്പേ ജീവിതം അവസാനിപ്പിക്കേണ്ടിവരുന്ന ഈ കുരുന്ന് ജീവനുകൾക്ക് കഴിയുന്ന രീതിയിൽ പ്രതികരിക്കുക.



# പുതിയ ലോകം, പുതിയ ഭാവം

**സനു അദീബ. വി**
ബി.എസ്.സി.കെമിസ്ട്രി

സുഹൃത്തുക്കളെ, സുദീർഘമായ ഒരു പ്രസംഗം നടത്താനൊന്നും ഞാനുദ്ദേശിക്കുന്നില്ല. എന്റെ ഒരോയൊരു ചോദ്യത്തിനുള്ള ഉത്തരം നിങ്ങൾ പറഞ്ഞുതന്നാൽ മതി. ശരിക്കുപറഞ്ഞാൻ അതൊരു ചോദ്യമല്ല; ചെറിയൊരു സംശയമാണ്.


എന്റെ ചോദ്യത്തിലേക്ക് കടക്കും മുമ്പ്, അതിന്റെ ആത്മാവിനെ ഒന്ന് വിശകലനം ചെയ്യാൻ ദയവായി എന്നെ അനുവദിക്കണം. ഒരു സംശയം തീർക്കാൻ ഇങ്ങനെ വളഞ്ഞു മൂക്കുപിടിക്കണോയെന്ന് നിങ്ങളിൽ ചിലരെങ്കിലും ചിന്തിക്കുന്നുണ്ടാകും. എന്നാൽ ഞാൻ പറയട്ടേ, ഇങ്ങനെ തന്നെ മൂക്കുപ്പിക്കേണ്ടിവരും -വിവരമില്ലാത്ത കാര്യത്തെപ്പറ്റി ചിന്തിച്ചാൽ ആവശ്യമില്ലാത്ത കാര്യങ്ങളിൽ തലയിട്ടാൽ. ഉദാഹരണത്തിന് ചിലരൊക്കെപറയുന്നു


ഇത് മോഡേൺ യുഗമാണെന്ന് ആണോ? എനിക്കു ചെറിയൊരു സംശയം ഇല്ലാതില്ല. പറഞ്ഞവർ ചില തെളിവുകളൊക്കെ ചൂണ്ടിക്കാണിക്കുന്നുണ്ട്. അതായത്, പണ്ടത്തെ കൺട്രി ഫെല്ലോസ് ആയ കേരളീയർ മലയാളമായിരുന്നത്ര സംസാരിച്ചിരുന്നത്. ഇപ്പോ അതുമാറി 'മലയാല'മായല്ലോ. ഈ മോഡേൺ യുഗത്തിന്റെ ആൾക്കാർ പറയുന്നത്. ഇന്നത്തെ കാലത്ത് ശ്രദ്ധിക്കപ്പെടണമെങ്കിൽ ഈ രീതിയിലൊക്കെ സംസാരിക്കണമെന്നാണ്. എനിക്കു വീണ്ടും സംശയം: ശ്രദ്ധിക്കപ്പെടാൻ നാം എന്തൊക്കെയാണ് ചെയ്യേണ്ടത്? ഇതിനുത്തരമായി എനിക്കു കിട്ടിയ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:-

1. ഇംഗ്ലീഷ് പച്ചവെള്ളം പോലെ അറിയുന്നവർ മലയാളം ചവറ്റുകുട്ടയിലെറിഞ്ഞേക്കണം. ഇനി ഇംഗ്ലീഷ് ശരിക്കു വശമില്ലാത്തവരാണങ്കിലോ? വിഷമിക്കേണ്ട. സംസാരത്തിൽ ഇടയ്ക്കിടെ അറിയാവുന്ന ഇഗ്ലീഷ് വാക്കുകൾ ഫിറ്റഉചെയ്തു കൊയുത്താൽ മതി. മലയാളം നന്നായി അറിയുമെയങ്കിലും ശരിക്കറിയാവുന്നവരായി ഭാവീക്കുകയോ ചെയ്യരുത്. മോശമാണ്. എന്നാലോ തീരെ മലയാളം അറിയില്ല എന്നും പറഞ്ഞേക്കരുതു്. ഉപയോഗിക്കുന്നഓരോ മലയാളം വാക്കും തെറ്റിച്ച് ഉച്ചരിക്കണം. ഭാഷയം കൊല്ലാക്കൊല ചെയ്യണം കേൾക്കുന്നവർക്ക് ഓന്നും മനസ്സിലാവാതിരിക്കുകയാണ് നമ്മുടെ ലക്ഷ്യം. മേമ്പൊടിയായി അന്യഭാഷാസിലിമകളും ഗാനങ്ങളും അഗാതമായി പ്രണയിക്കുന്നതായി അഭിനയിക്കൽ. ഇതൊന്നും അറിയാത്തവരെ നന്നായി കളിയാക്കുകയും വേണം. ചുരുക്കി പറഞ്ഞാൽ ഒറിജിലൻ മലയാളം വർജിക്കുക. ഇത്രയുമായാൽ തന്നെ നമ്മൾ അൻപതു ശതമാനം മോഡേണായി.

2. ആര് എന്തു ചോദിച്ചാലും അറിയില്ല എന്ന് ഉത്തരം പറയണം

ഉദാ: വീട് തൂത്തുവാരാൻ അറിയില്ല ചപ്പാത്തി,പരത്താൻ അറിയില്ല, ചായ ഉണ്ടാവാൻ തീരെ അറിയില്ല. പാത്രം കഴുകാൻ അറിയില്ല. അടുപ്പു കത്തിക്കാൻ അറിയില്ല. മലയാളം എഴുതാനും വായിക്കാനും ശരിക്കാറില്ല. മലയാളികളായ എഴുത്തുകാരെ അറിയില്ല. .............. (ഇത് കൂടുതൽ പ്രയോജനപ്പെടുത്തുന്നത് പെണ്ണുങ്ങൾക്കാണ്). വീട്ടിലെ എല്ലാ പണിയുമെടുത്ത് നടുവൊടിഞ്ഞിരിക്കുന്നവർ പോലും ഇതേ പറയാവൂ. (എല്ലാടത്തും ഈ





'അറിയില്ല' കയറിയങ്ങ് പ്രയോഗിക്കരുത്. ആളെ അൽപം സൂക്ഷിക്കണം. ഫോർ എക്സാമ്പിൾ, പാരന്റിന്റെ പേര് ആരെങ്കിലും ചോദിച്ചാൽ ഈ ഉത്തരം പറഞ്ഞേക്കരുത്, കളി മാറും.)

3. 'അറിയില്ല' എന്ന പദം പ്രയോഗിക്കാൻ ബുദ്ധിമപടിടുള്ളവർക്കാണ് ഇനി പറയുന്ന ഉപദേശം. അത്തരക്കാർ 'ഇഷ്ടമല്ല' എന്ന വാക്കു പഠിച്ചുവെച്ചാൽ മതി. ഇതുപ്രയോഗിക്കുമ്പോൾ സൂക്ഷിക്കേണ്ട ഒരുവാക്കാണ്. ഉദാ: കഞ്ഞി, ചോറ്, മോര്, പിന്നെ മത്തി, അയല, തുടങ്ങിയ വിലകുറഞ്ഞ മീൻ ഐറ്റംസ്., വീട്ടിലുണ്ടാക്കുന്ന ഭക്ഷണങ്ങൾ.... ഇതൊല്ലാം ഇഷ്ടമല്ല എന്നാണു പ്രയോഗിക്കേണ്ടത്; കിട്ടുമ്പോളെല്ലാം വെട്ടിവിഴുങ്ങുമെങ്കിൽ പോലും. ഇനി ബർഗർ, പിസ, ഫാലൂദ, ഐസ്ക്രീം, മിൽക്ക് ഷെയ്ക്ക്, സാൻ വിച്ച് മുതലായ കിടിലൻ പേരുള്ള വിഭവങ്ങൾ കരിമീൻ, ചെമ്മീൻ, നെയ്മീൻ തുടങ്ങിയ പണക്കാരായ മീനുകൾ.. ഇതൊല്ലാം ഇഷ്ടമാണെന്ന് പറഞ്ഞാൽ പോരാ., ജീവനാണെന്ന് പറയണം. (ഇതിൽ ചിലത് കണ്ടിട്ടില്ലായിരിക്കാം, എന്നാലും മറ്റുള്ളവരോട് പറയേണ്ടത് റസ്റ്റോറന്റിലും കൂൾബാറിലുമൊക്കെ കയറി ഈ വക സാധനങ്ങൾ  കഴിക്കാറുണ്ട് എന്നാണ്.

## ഇത്രയുമായാൽ നമ്മൾ എഴുപത്തഞ്ചു ശതമാനം മോഡേൺ ആയി

വേഷവിധാനങ്ങൾ തെരഞ്ഞെടുക്കൽ: ധരിച്ചു കഴിഞ്ഞാൻ ആണാണോ പെണ്ണാണോ എന്നു തിരിച്ചറിയാത്തരൂപം ധരിക്കുന്നവനു കിട്ടണം. അതാണ് പ്രധാനലക്ഷ്യം നാണം മറയ്ക്കലൊക്കെ പിന്നെ. അതുകൊണ്ട് തന്നെ വസ്ത്രം അവിടെയും ഇവിയെയുമൊക്കെ കീറിയതാണെങ്കിലും തരക്കേടില്ല. വയസ്സായ ആളുകൾ ചിലപ്പേൾ വിവരമില്ലാതെ എന്തെങ്കിലും ചോദിച്ചേക്കും. ഈ കാണിക്കുന്നതൊക്കെ കോമാളിത്തമാണെന്നു പറഞ്ഞേക്കും അവരെ ഉപദേശിക്കാൻ നിൽക്കേണ്ട. ക്രൃമായ പ്രയോജനമൊന്നും ഉണ്ടാകില്ല . ചെയ്യേണ്ടത് ഇത്രമാത്രം. ജസ്റ്റ് സേ "ഇതാണ് ഇപ്പോഴത്തെ ട്രെൻഡ്"

വേഷത്തിനൊപ്പം ഹെയർസ്റ്റൈൽ, ഓർണ്ണമെൻസ്, നടത്തത്തിന്റെ സ്റ്റൈൽ


ഇതൊക്കെ ശ്രദ്ധിക്കണം,. മുഖത്തിന്റെ ഷെയ്പ്പ്, മാറ്റിയാൽ കൂടുതൽ നന്നായിരിക്കും. (മിക്കവാറും അത് മറ്റുള്ളവർ തന്നെ സൗജന്യമായി ചെയ്തു തന്നോളും.)

5. എപ്പോഴും കൂൾബാറിലും ഇന്റർനെറ്റ് കഫേയിലുമൊക്കെ ചുമ്മാതെ പോയിരിക്കുക. അതേക്കുറിച്ചെല്ലാം വാതോരാതെ സംസാരിച്ചുകൊണ്ടിരിക്കുക. പ്ലസ് എന്തിനോടും ഒരു പുച്ഛഭാവം കാണിക്കുക. ഇത്രയും ആയാൽ തൊണ്ണൂറ്റഞ്ചു ശതമാനം മൊഡേൺ ആയി.

6. ഇനി നൂറിലേക്ക് കടക്കാൻ ഓരോമേഖലയിലും പാശ്ചാത്യരെ അന്തമായി അനുകരിക്കുക. ഇന്ത്യൻ സംസ്കാരം കാറ്റിൽ പറത്തുക. ഇത്രയും മതി മൊഡേൺ ആകാൻ എന്നാണ് എനിക്കു കിട്ടിയ അറിവ് എന്തൊരു എളുപ്പം, അല്ലെ?

ഇനി ഞാൻ എന്റെ സംശയത്തിലേക്കു കടക്കാൻ എന്തിനാണു മൊഡേൺ ആകുന്നത്? ഇപ്പറഞ്ഞതൊക്കെ ചെയ്താൽ മൊഡേൺ ആകുമെന്ന് എന്താണ് ഉറപ്പ്? ഇനി ആയാൽ തന്നെ എന്തൊങ്കിലും പ്രയോജനം? ഒക്കെ പോട്ടെ. ഈ മൊഡേണാവുക എന്നതുകൊണ്ട് ചിലരൊക്കെ എന്താണുദ്ദേശിക്കുന്നത്? ... വടിയെടുക്കല്ലേ.. ഇത് എന്റെ ശീലമായിപ്പോയി. രാമായണം പത്ത് പ്രാവശിയം കേട്ടാലും ഞാൻ ചോഗിച്ചുപോകും രാമന്റെ ആരാണ് സീത എന്ന്. ഓ... നമ്മുടെ കളിമണ്ണു തലച്ചോറിൽ ഇതു വല്ലതും കേറഉമോ, അല്ലേ? പുവർ കൺട്രിഫെല്ലോ... അതുകൊണ്ടാണ് ഞാൻ ആദ്യമേ പറഞ്ഞത്.വിവരമില്ലാത്ത കാര്യങ്ങളിൽ ഇടപ്പെട്ടാൽ ഇങ്ങിനെയൊക്കെ സംഭവിക്കുമെന്ന് അതുകൊണ്ട് എന്റെ ചോദ്യം ഞാൻ പൂർണ്ണമായും നിങ്ങൾക്ക് വിട്ടുതരുന്നു.

**നന്ദി.**





**അ**ലക്ഷ്യമായി
പിന്നിട്ട ഇടവഴിയിൽ നിന്നും
കേട്ട സമരമുറകൾ
അധികാരത്തിന് കൊടിനാട്ടിയ
നീതിയ്ക്ക്
അതിന്റെ അപഗ്രഥനത്തിൽ
താളം തെറ്റിയ ജനതയ്ക്ക്
കയ്യിലെടുത്ത് കൊടുക്കാൻ
ഈ വർണ്ണക്കൊടിമാത്രമേ എന്റെ കയ്യിലുള്ളൂ
ഓരോ അഹ്വാനം മുഴുങ്ങുമ്പോഴും
നീ ഓർക്കുക
അതിന്റെ തുമ്പിലൂടെ ഇറ്റിവീണ
എന്റെ ചോരതുള്ളികളായിരുന്നു
ഇത്
അവബോധത്തിൽ നിന്നും ഉരിതിരിഞ്ഞ് വന്ന്
നീതിയ്ക്ക് മറകെട്ടാതിരിക്കാൻ മാത്രം



നിഷ്പക്ഷ രാഷ്ട്രീയത്തിന്റെ
കിരാതമുഖങ്ങൾ പൂഴ്ത്തിവെക്കുന്ന
കലാലയ വിദ്യാർത്ഥികൾ
നിങ്ങൾ...




# മാറ്റത്തിന് കാതോർക്കുന്ന ജനാധിപത്യം.

**SHARAFUNNISA.M**
3rd SEM BA.SOCIOLOGY

*"WE THE PEOPLE OF INDIA< HAVING SOLEMNLY RESOLVED TO CONSTITUTE INDIA INTO A SOVERIGY SOCIALIST SECOLAR DEMOCRATIC REPUBLIC AND TO SECURE TO ALL IT'S CITIZEN'S; JOSTICE LIBERTY, EQUALITY AND FRETERNITY"*

**ലോ**കത്തിലെ ഏറ്റവും വലിയ എഴുതപ്പെട്ട ഒരു ഭരണഘടനയുടെ ആമുഖം ഇപ്രകാരമാണ്. ആരംഭത്തിൽ തന്നെ ജനങ്ങളുടെ പരമാധികാരത്തിന്റെയും ഭരണഘടനയുടെ ഉറവിടമായ ജനഹിതത്തിന്റെയും പ്രാധാന്യം എടുത്തുപറയുന്നു.

ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമാണ് ഇന്ത്യ. ജനങ്ങളുടെ പരമാധികാരമാണ് ജനാധിപത്യത്തിന്റെ ആണികല്ല്. തെരഞ്ഞെടുപ്പാണ് ജനങ്ങളുടെ അധികാരത്തെ പ്രതിനിധീകരിക്കുന്ന ഘടകം. അതിനാൽ ജനാധിപത്യത്തിന്റെ കാതലായി തെരഞ്ഞെടുപ്പ് സംവിധാനം നിലകൊള്ളുന്നു. നമ്മുടെ ഭരണഘടനയിൽ തെരഞ്ഞെടുപ്പുകളെപ്പറ്റി ഒരു പ്രത്യേക അദ്ധ്യായം തന്നെ ഉണ്ട്. മറ്റു ഭരണഘടനയിൽ നിന്നും ഇന്ത്യൻ ഭരണഘടനയെ വേർതിരിക്കുന്ന പ്രധാന സവിശേഷതയാണിത്. ജനാധിപത്യ രാഷ്ട്രത്തിലെ ജനങ്ങളുടെ പരമാധികാരം തെരഞ്ഞെടുപ്പുകളിലൂടെയാണ് യാഥാർത്ഥ്യമാക്കുന്നത്. സ്വതന്ത്രവും നീതിപൂർണ്ണവുമായ തെരഞ്ഞെടുപ്പ് ഉണ്ടായിരിക്കുക എന്നത് ഏതൊരു പൗരന്റെയും അവകാശമാണ്.


# ലാംബ്രട്ട...

ഓരോ ജനാധിപത്യ സമൂഹവും തെരഞ്ഞെടുപ്പ് പ്രക്രിയ തെരഞ്ഞെടുപ്പ് സ്വതന്ത്രവും നീതിപൂർണ്ണവുമാക്കാൻ ചില സംവിധാനങ്ങൾ വികസിപ്പിക്കേണടതുണ്ട്. പ്രായപൂർത്തി വോട്ടവകാശം, മത്സരിക്കാനുള്ള   സ്വാതന്ത്ര്യം നിഷ്പക്ഷമായ ഇലക്ഷൻ കമ്മീഷൻ എന്നിവ ഉറപ്പ് വരുത്താൻ ഇന്ത്യ പരമാവധി ശ്രമിച്ചിട്ടുണ്ട്. എനിരുന്നാലും സ്വതന്ത്ര ഇന്ത്യയുടെ 57 വർഷത്തെ തെരഞ്ഞെടുപ്പ് അനുഭവങ്ങൾ ഇന്ത്യൻ തെരഞ്ഞെടുപ്പ് സംവിധാനത്തിൽ കാതലായ മാറ്റങ്ങൾ ആവശ്യപ്പെടുന്നുണ്ട്. പണത്തിന്റെയും കായികബലത്തിന്റെയും സ്വാധീന വലയത്തിൽ നിന്ന് ഇന്ത്യൻ  ജനാധിപത്യം ഇനിയും മുക്തമായിട്ടില്ല. എന്നതാണ്. വാസ്തവം. ഓരോ തെരഞ്ഞെടുപ്പും ഇന്ത്യൻ ജനാധിപത്യത്തെ ശക്തിപ്പെടുത്തുമ്പോൾ ഒരു പുഴുക്കുത്തായി നിലനിൽക്കുന്ന യാഥാർത്ഥ്യമാണ് പണാധിപത്യം,. പാവപ്പെട്ട് ജനങ്ങളുടെ അഞ്ജതയും ദാരിദ്ര്യവും ചൂഷണം ചെയ്ത് പണവും സ്ഥാനമാനവുങ്ങളും അതിന്റെ ഉച്ചസ്ഥായിലേക്ക് നീങ്ങികൊണ്ടിരിക്കുന്നു എന്ന പരമസത്യം ഓരൊ ഇന്ത്യക്കാരനും മനസ്സിലാക്കേണ്ടതുണ്ട്. ജനങ്ങളുടെ അതികാരത്തേക്കാളുപരി പണത്തിന് കൂടുതൽ പ്രാധാന്യം നൽകുന്ന പ്രവണത നമ്മുടെ ഓരോ തെരഞ്ഞെടുപ്പു പ്രക്രിയയിലും ഉണ്ട്. അതിന്റെ ഫലമായി പാർലമെന്റിൽ കോടിപതിയടെയും ക്രിമിനലുകളുടെയും എണ്ണം നാൾക്കുനാൾ വർദ്ധിച്ചു വരുന്നു. ഇത് പൊതുജന താത്പര്യത്തിനെതിരായ നിയമനിർമാണത്തിനും നയരൂപീകരണത്തിനും കാരണമാകുന്നു. പിന്നെ പൊതു ജനത്തെ അര് മാനിക്കും?

> രാഷ്ട്രപതിയുടെ മൂക്കിന് താഴെ നടക്കുന്ന ഈ അഴിമതി കഥകൾ ചോദ്യം ചെയ്യാൻ ജനങ്ങൾ മാത്രമാണുള്ളത്. റബ്ബർ പന്ത് ആഞ്ഞെറിയുമ്പോൾ ഉയരങ്ങളിലേക്ക് പൊങ്ങും പോലെയാണ് അഴിമതിക്കാര്യത്തിൽ രാഷ്ട്രപതിയുടെയും പ്രധാനമന്ത്രിയുടെയും മൗനം എന്നാണ് അഴിമതിയെന്ന് പ്രസ്താവനയിറക്കി ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതിലും ജനം അഴിമതികൾക്ക് സാക്ഷികളാണ്. അഴിമതി തൂത്തെറിയാൻ എന്തു ചെയ്യുമെന്നാണറിയേണ്ടത്.

ജനങ്ങൾക്കിടയിൽ നിന്ന് ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട് സ്വന്തം നേട്ടത്തിനും ഉയർച്ചക്കും മാത്രം പ്രവർത്തിക്കുന്ന അഴിമതി വീരൻമാർക്കിടയിലാണ് നാമിന്ന് ജീവിക്കുന്നത്. രാജ്യത്തിന്റെ നന്മയേയും കെട്ടുറപ്പിനെയും കാർന്നുതിന്നുന്ന ഈ മഹാന്മാർ പടർന്നുപടർന്നു അങ്ങ് ഭരണാധിപരിൽ എത്തിനിൽക്കുന്നു. രൂപയുടെ മൂല്യത്തകർച്ചയും പെട്രോളിയം ഉത്പന്നങ്ങളുടെ വിലവർദ്ധനയും എല്ലാത്തിനും മീതെ അഴിമതിയും ജനജീവിതം നാൾക്കുനാൾ ദുസ്സഹമാക്കിതീർക്കുന്നു.  തെരഞ്ഞെടുപ്പു കോലാഹലം അവസാനിച്ചാൽ പിന്നെ ധവൺമെന്റിന്റെ ആധിപത്യത്തിൽ പിടിയിലമർന്ന ജനം അവരെന്തുകൽപ്പിച്ചാലും അനുസരിക്കണം ഗാലറിയിൻ നിന്ന് അവരുടെ പരാജയങ്ങൾ കണ്ടും കേട്ടും സഹിക്കണം. രാജ്യം കണ്ട ഏറ്റവും വലിയ അഴിമതിക്കാരായ 2 സ്പെക്ടറും വിഷയത്തിൽ ഇനിയും ഒരുപാട് രാജാക്കൻമ്മാർ തീഹാർ ജയിലഴി എണ്ണേണ്ടത് ഓരോ പൗരന്റെയും ആവശ്യകതയാണ്. ഇതിൽ പ്രധാനമന്ത്രിയുടെയും മറ്റു ഉത്തരവാദപ്പെട്ടവരുടെയും മൗനം കുറ്റസമ്മതമായി നാം കാണേണ്ടിയിരിക്കുന്നു. ഇങ്ങനെ പോയാൽ ജയിലുകൾ മന്ത്രിസഭകളായി തീരുന്ന അവസ്ഥ നമ്മിൽ നിന്നും വളരെ അകലെയല്ല.

രാഷ്ട്രപതിയുടെ മൂക്കിന് താഴെ നടക്കുന്ന ഈ അഴിമതി കഥകൾ ചോദ്യം ചെയ്യാൻ



ജനങ്ങൾ മാത്രമാണുള്ളത്. റബ്ബർ പന്ത് ആഞ്ഞെറിയുമ്പോൾ ഉയരങ്ങളിലേക്ക് പൊങ്ങും പോലെയാണ് അഴിമതിക്കാര്യത്തിൽ രാഷ്ട്രപതിയുടെയും പ്രധാനമന്ത്രിയുടെയും മൗനം എന്നാണ് അഴിമതിയെന്ന് പ്രസ്താവനയിറക്കി ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതിലും ജനം അഴിമതികൾക്ക് സാക്ഷികളാണ്. അഴിമതി തൂത്തെറിയാൻ എന്തു ചെയ്യുമെന്നാണറിയേണ്ടത്. പ്രതിഷേധിക്കുന്ന ജനത്തെ അടിച്ചമർത്തുന്നതിനുള്ള ആവേശം അഴിമതി രാജാക്കന്മാരുടെ സിംഹാസനത്തിന്റെ കരുത്ത്കൂട്ടുകയാണെന്ന പരമയാഥാർത്ഥ്യം ആരാണ് മനസ്സിലാക്കേണ്ടത്?

നിഷപക്ഷബുദ്ധിയോടുകൂടി സ്വാതന്ത്ര്യവും നീതിപൂർണ്ണവുമായ തെരഞ്ഞെടുപ്പുകൾ നടത്തുന്നതിൽ ഇലക്ഷൻ കമ്മീഷൻ വിജയിച്ചിട്ടുണ്ട്.

എങ്കിലും രാഷ്ട്രീയ പാർട്ടികളുടെ സ്വാധീനം കുറയ്ക്കാൻ കമ്മീഷന് സാധിച്ചിട്ടുണ്ടോ? ഈയിടെ നടന്ന (2009-ൽ) 15ാം ലോകസഭാതെരഞ്ഞെടുപ്പുകൾ വലിയ പണച്ചെലവുകൾക്ക് വഴിയൊരുക്കുമ്പോൾ ദൈനദിന ആവശ്യങ്ങൾ നിറവേറ്റാൻ പോലും പെടാപാടുപെടുന്ന ലക്ഷകണക്കായ ഇന്ത്യൻ ദരിദ്രജനങ്ങളുടെ കണ്ണീരൊപ്പാൻ ആ പണം കൊണ്ട് സാധിക്കുമെന്ന് എത്രപേർക്കറിയാം? തെരഞ്ഞെടുപ്പിന്റെ ഭാഗമായി നിലവിൽ വരുന്ന മാതൃകാ പെരുമാറ്റചട്ടം ഗവൺമെന്റിന്റെ ഭാഗത്ത് നിന്നു നൽകേണ്ട ക്ഷേമ പ്രവർത്തനങ്ങൾ, നിയമ നിർമ്മാണം എന്നിവ നിറുത്തിവെക്കുന്നത് പൊതുജനങ്ങൾക്ക് വലിയ നഷ്ടമാണ്. എന്നാൽ ഇതിലൂടെ ഗവൺമെന്റ് തെരഞ്ഞെടുപ്പ് മുന്നിൽ കണ്ട് ജനങ്ങളെ കൈവശത്താക്കുന്നതും അനുവദിച്ചുകൂടാ.

# ചാംബ്രേട്ട്...

നിത്യവും രാഷ്ട്രീയകാര്യങ്ങളിൽ ഇടപ്പെടുക എന്നത് പൊതുജനങ്ങൾക്ക് അസാധ്യമാണ്. അതിനാൽ ജനങ്ങൾക്കുവേണ്ടിജനങ്ങളോടപ്പം വിവിധതരം സന്നദ്ധസംഘടനകളും സ്ഥാപനങ്ങളുംജനാധിപത്യത്തിന്റെ കാവലാളായി വളർന്നുവരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

തെരഞ്ഞെടുപ്പ് സംവിധാനത്തിന്റെയും ഇലക്ഷൻ കമ്മീഷന്റെയും നിയന്ത്രണങ്ങൾക്ക് യാതൊരു വിലയും കൽപ്പിക്കാതെയാണ് ഇന്ന് പണമൊഴുക്കുന്നത്. എന്നാൽ 1952-ലെ ആദ്യ തെരഞ്ഞെടുപ്പ് തിർച്ചയായും ഒരു ചരിത്ര സംഭവമായിരുന്നു. ലോക ജനശ്രദ്ധ പിടിച്ചു പറ്റിയ ഒരു തെരഞ്ഞെടുപ്പ്! കാരണം അന്ന് ഭാരത ജനതയിലെ ഭൂരിഭാഗമാളുകളും നിരക്ഷരരും ദരിദ്രരുമായിരുന്നു! ഈ തെരഞ്ഞെടുപ്പിൽ ഏതാണ്ട് 15 ഓളം കോടി രൂപ ചെലവായതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഗവൺമെന്റ് ചെലവഴിച്ച തുകയും പാർട്ടിയുടെ പ്രചാരണചെലവും അടക്കമായിരുന്നു ഇത്. എന്നാൽ 15-ാം പോക് സഭാതെരഞ്ഞെടുപ്പിൽ 10,000 കോടി രൂപയിലധികം ചെലവഴിച്ചു. ഇതിൽ കള്ളപ്പണവും ധാരാളം ഒഴിക്കിയിട്ടുണ്ട്. വളരെ സങ്കീർണ്ണമായ ഒരു സംവിധാനത്തിന്റെ ആധീകാരികത ഇവിടെ ചോദ്യം ചെയ്യപ്പെടുകയാണ്. തീർച്ചയായും ജനാധിപത്യ വ്യവസ്ഥിതി എന്നത് വെറും നിയമപരമായ ചട്ടകൂടുകളിൽ ഒതുങ്ങി നിൽക്കേണ്ടതല്ല. മറിച്ച് അത് ജനങ്ങൾക്കിടയിൽ കുറ്റമറ്റരീതിയിൽ പ്രാവർത്തികമാക്കുകയാണ് വേണ്ടത്. ഇതിൽ ജനങ്ങളുടെയും അവർ അധീകാരത്തിലെത്തിച്ച ഭരണാധികാരികളുടെയും പങ്ക് വിലപ്പെട്ടതാണ്. പ്രസംഗത്തിൽ ഹീറോയും പ്രലർത്തനത്തിൽ സീറോയുമായ ഒരൊറ്റ നേതാവിനെപോലും അധികാര സിംഹാസനത്തിൽ ഇരുത്തിക്കൂടാ. തന്റെ വിലപ്പെട്ട വോട്ടവകാശം നിഷ്പക്ഷബുദ്ധിയോടുകൂടി രേഖപ്പെടുത്തുക എന്ന പൗരധർമ്മം നിറവേറ്റാൻ നാം ശ്രമിക്കണം.

സുസ്ഥിരവും നീതിപൂർണ്ണവുമായ തെരഞ്ഞെടുപ്പ് കാഴ്ച്ചവെയ്ക്കാൻ പണത്തിന്റയും ക്രിമിനലുകളുടെയും പങ്കുകൾ ശക്തമായി നിയന്ത്രിക്കുക, അഴിമതിക്കും സ്വജനപക്ഷപാതത്തിനുമെതിരായി പോരാടുക, നിയമങ്ങൾ കൊണ്ടുവരുക, എന്നിവയിൽ ഗവൺമെന്റും ജുഡീഷ്യറിയും ഇലക്ഷൻകമ്മീഷനും സത്യസന്ധമായി പ്രവർത്തിക്കേണ്ടതുണ്ട്. നിയമവശങ്ങളോടൊപ്പം ജനാധിപത്യം ജനങ്ങളുടെ സംരക്ഷണം ഉറപ്പ് വരുത്തുന്നുണ്ടോ എന്ന് പരിശോധിക്കാൻ ജനങ്ങൾ തയ്യാറാവണം. അതുപോലെ രാഷ്ട്രീയ കാര്യങ്ങളിൽ അതീവ താത്പര്യത്തോടെ ഇടപെടാൻ ശ്രമിക്കണം. പക്ഷെ നിത്യവും രാഷ്ട്രീയകാര്യങ്ങളിൽ ഇടപ്പെടുക എന്നത് പൊതുജനങ്ങൾക്ക് അസാധ്യമാണ്. അതിനാൽ ജനങ്ങൾക്കുവേണ്ടിജനങ്ങളോട പ്പം വിവിധതരം സന്നദ്ധസംഘടനകളും സ്ഥാപനങ്ങളുംജനാധിപത്യത്തിന്റെ കാവലാളായി വളർന്നുവരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.



മുഴക്കിയാണ് ഫാഷിസ്റ്റുകൾ ഇന്ത്യയിൽ ക്രിക്കറ്റിനെ അടയാളപ്പെടുത്തുന്നത്. ദേശദ്രോഹിയായ മുസ്ലിമിന്റെ കഥ മുഖ്യധാരാ ചലച്ചിത്രങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. വിഷലിപ്തമായ ഈ ഭൂമികയിലാണ് സംഘപരിവാർ വിദ്വേഷത്തിന്റെ രാഷ്ട്രീയം വികസിപ്പിച്ചെടുക്കുന്നത്. ഇന്ത്യവിഭജനത്തിന്റെ പാപഭാരം പേറേണ്ടി വന്നവർ മുസ്ലീംകളായിരുന്നു. ഇന്ത്യയോടുള്ള സ്നേഹം അവർ തെളിയിക്കണമെന്ന് 'മതേതര'പൊതുമണ്ഡലം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. തെളിയിക്കപ്പെടാത്ത കാലത്തോളം അവർ ദേശവിരോധികളാണ്. അതുകൊണ്ടാണ് ഓരോ ഇന്ത്യാ-പാക് ക്രിക്കറ്റ് മത്സരം നടക്കുമ്പോഴും ഇന്ത്യയിലെ മുസ്ലിംസമൂഹം പാക്കിസ്ഥാനെ പിന്തുണയ്ക്കുന്നു എന്ന് പഴികേൾക്കേണ്ടി വരുന്നത്.

മൊഹാലിയിലെ ഇന്ത്യാ-പാക് ലോകകപ്പ് സെമിഫൈനൽ മത്സരത്തെ ഗംഭീരമായി ആഘോഷിച്ചു മാധ്യമങ്ങൾ 'മെഹാലിയിലെ പോർക്കളം ഇന്ത്യാ-പാക് ക്രിക്കറ്റ് യുദ്ധത്തിന് ഒരുങ്ങിക്കഴിഞ്ഞിരിക്കുന്നു' എന്നായിരുന്നു ഹിന്ദുസ്ഥാൻടാംസിന്റെ തലവാചകം. യുദ്ധത്തിന്റെ പ്രതീതി സൃഷ്ടിക്കുകയായിരുന്നു. അവർ ക്രിക്കറ്റ് താരങ്ങളുടെ ഹെയർസ്റ്റൈൽ മുതൽ വീട്ടുവിശേഷങ്ങൾ വരെ മാധ്യമലോകം വാർത്തയാക്കിയിരുന്നു. ക്രിക്കറ്റ് സംപ്രേഷണം ചെയ്ത ചാനലുകളാവട്ടെ പരസ്യ'മോഹ'ങ്ങളിലൂടെ ഇന്ത്യൻ ജനതയുടെ വാങ്ങൽ ശേഷിയെ കമ്പോളത്തിൽ വിൽക്കുകയാണുണ്ടായത്. യഥാർത്ഥത്തിൽ '121 കോടി നന്ദി' (ഇന്ത്യ 2011 ലോകകപ്പ് നേടിയപ്പോൾ മലയാളമനോരമയിലെ തലക്കെട്ട്) ആശിക്കുകയല്ല, കോളകൾക്കും മറ്റും കോളുപിടിച്ചുകൊടുക്കുന്ന വിപണനതന്ത്രത്തിന് കൂട്ടുകിടക്കുകയാണ് ഇന്ത്യൻ മാധ്യമങ്ങൾ ചെയ്യുന്നത്.


തൊണ്ണൂറുകളിലെ നവലിബറൽ സാമ്പത്തിക നയങ്ങളുടെ തുടർച്ചയായി ഇന്ത്യയിലേക്ക് ബഹുരാഷ്ട്രകമ്പിനികളുടെ കുത്തൊഴുക്കായിരുന്നു. കോർപറേറ്റുകളെ സംബന്ധിച്ചിടത്തോളം ഇന്ത്യൻ സമൂഹത്തിലേക്കുള്ള പ്രവേശനം എളുപ്പമാക്കാൻ ഇടനിലക്കാരെ ആവശ്യമായിരുന്നു. സച്ചിനും, ഗാംഗുലിയമടക്കമുള്ള ക്രിക്കറ്റ് കളിക്കാരെയുംബോളിവുഡ്

താരങ്ങളെയും ഉപയോഗപ്പെടുത്തിയിരുന്നു. അവർ ഇത് സാധിച്ചെടുത്തത്. നവ കൊളോണിയലിസത്തിന്റെ ആയുധങ്ങളിലൊന്നായിരുന്നു ക്രിക്കറ്റ്. ക്രിക്കറ്റ് സജീവമായ കോമൺവെൽത്ത് രാജ്യങ്ങളിൽ ദേശീയസ്വാത്വത്തെ നിന്തരം നിർമ്മിച്ചെടുക്കാനുള്ള പരിശ്രമങ്ങൾ ബഹുരാഷ്ട്രകുത്തകകൾ നടത്തിയിട്ടുണ്ട്. ആഗോള കച്ചവടഭീമന്മരായ പെപ്സിയടക്കം ചെയ്യുന്നതിനു പിന്നിൽ മൂലധന താല്പര്യങ്ങളാണ്.

ക്രിക്കറ്റ് വേദികളിൽ /വേഷങ്ങളിൽ പ്രത്യക്ഷപ്പെടുന്നവർക്കെല്ലാം ദേശത്തിന്റെ ഇതിഹാസങ്ങളെന്ന് മംഗളപത്രം ലഭിക്കുമെന്ന സാമൂഹിക മനഃശാസ്ത്രം തിരിച്ചറിഞ്ഞിട്ടുണ്ട് ഇന്ത്യൻ രാഷ്ട്രീയം ജനങ്ങളെ കൈയിലെടുക്കാനും അനർഹമായത് സ്വന്തമാക്കാനുമുള്ള സ്റ്റേജ്ഷോകളാണ് അവർക്ക് ക്രിക്കറ്റ്. ശരത്ത്പവാറും രാഹുൽഗാന്ധിയമടക്കം രാഷ്ട്രീയക്കാരുടെ ഐക്യ

ക്രിക്കറ്റ് വേദികളിൽ /വേഷങ്ങളിൽ പ്രത്യക്ഷപ്പെടുന്നവർക്കെല്ലാം ദേശത്തിന്റെ ഇതിഹാസങ്ങളെന്ന് മംഗളപത്രം ലഭിക്കുമെന്ന സാമൂഹിക മനഃശാസ്ത്രം തിരിച്ചറിഞ്ഞിട്ടുണ്ട് ഇന്ത്യൻ രാഷ്ട്രീയം ജനങ്ങളെ കൈയിലെടുക്കാനും അനർഹമായത് സ്വന്തമാക്കാനുമുള്ള സ്റ്റേജ്ഷോകളാണ് അവർക്ക് ക്രിക്കറ്റ്. ശരത്ത്പവാറും രാഹുൽഗാന്ധിയമടക്കം രാഷ്ട്രീയക്കാരുടെ ഐക്യജാഥ മൊഹാലിയിൽ കളികാണാനെത്തിയിരുന്നു.

ജാഥ മൊഹാലിയിൽ കളികാണാനെത്തിയിരുന്നു. അടിയന്തരാവസ്ഥയുടെ കരാശനാളുകളിൽ ഇന്ദിരാഗാന്ധി വിതരണം ചെയ്ത ലഘുലേഖകളിൽ ക്രിക്കറ്റ് വേഷം ധരിച്ച ഇന്ദിരയെ കാണാമായിരുന്നുവെന്ന് ചരിത്രകാരൻ രാമചന്ദ്രഗുഹ പറയുന്നുണ്ട്. നരേന്ദ്ര മോഡി മുതൽ ലളിത് മോഡി വരെ 'മോഡിഫിക്കേഷനു'വേണ്ടി ക്രിക്കറ്റ് മുഖമൂടികൾ എടുത്തണിയമ്പോൾ നമ്മുടെ ഓർമ്മകൾ പലതും ക്ലീൻബാൾഡാവുകയാണ്. ആക്ഷൻ സിനിമയെ വെല്ലുന്ന ഐ.പി. എല്ലിന്റെ (ഇന്ത്യൻ പ്രീമിയർ ലീഗ്) അകത്തളങ്ങളിലും രാഷ്ട്രീയക്കാരും ബിസിനസ്സുകാരുംചേർന്ന 'മൂല്യ'വാദികളാണ് പ്രവർത്തിക്കുന്നത്. നമ്മുടെ കാഴ്ചകളുംകൈയടികളും ക്രിക്കറ്റ് എക്കണോമിയുടെ പരസ്യ ബോർഡുകളാണെന്ന വസ്തുത വിസ്മരക്കപ്പെടരുത്.



# കണ്ണില്ലാത്ത ക്രൂരതയുടെ ഒരു കണ്ണുനീർ ചിത്രം

**അശ്വതി. സി**
Ist BSc com Science

**ഹൃ**ദയത്തെ തൊട്ടുണർത്തുന്ന സംഗീതം നിശ്ശബ്ദതയിൽ നിന്നാണ് ഉതിരുക. നിശ്ശബ്ദതയുടെ ഈ സംഗീതത്തിന് പ്രസക്തി വർദ്ധിക്കുകയാണ് ഇന്ന്. അർത്ഥശൂന്യങ്ങളായ വാക്യങ്ങൾ, പരസ്പരം പോരടിക്കുന്ന മനുഷ്യാധമർ ഉയർത്തുന്ന അസഭ്യവർഷങ്ങൾ ഇങ്ങനെ കലുഷമായ ഒരു അന്തരീക്ഷത്തിലാണ് നാം വസിക്കുന്നത്. മനുഷ്യകണങ്ങളാണെന്ന് സാമാന്യബോധം പോലുമില്ലാതെ സ്വപ്നത്തിൽ ജീവിക്കുന്നവരാണ് നമ്മുടെ ചുറ്റുമുള്ളവർ. ഇന്ന് ഭൂമുഖത്ത് ദുഷ്കർമ്മികൾ കൂരിരുൾ പരത്തുന്നു. വ്രണിതഹൃദയർ നിലെപൊത്തികിടന്ന് നിലവിളിക്കുന്നു. ധർമ്മസംരക്ഷകരാകേണ്ടവർ ആട്ടിൻതോൽ ധരിച്ച ചെന്നായ്ക്കളാകുന്നു. സുരക്ഷിതരായി കിടന്നുറങ്ങാനോ യാത്രചെയ്യാനോ സാധിക്കാത്ത സാഹചര്യങ്ങൾ.  ഇത്തരത്തിൽ കൊലയാളികളേയും സുഹൃത്തുക്കളെയും തിരിച്ചറിയാനാവാത്ത സ്ഥിതിയിലേക്കാണ് നമ്മുടെ കേരളം മാറിപ്പോവുന്നത്.

"ദൈവത്തിന്റെ സ്വന്തം നാടെന്ന്" മുദ്രകുത്തപ്പെട്ട നമ്മുടെ കൊച്ചുകേരളത്തിലാണ് ഇത്രയുമധികം അസഭ്യങ്ങൾ നടക്കുന്നത്. അതും തിരുവനന്തപുരമെന്ന തലസ്ഥാനനഗരിയിലാണത്രെ ഇതിനുദാഹരണങ്ങൾ പെരുകുന്നതും. ഈയടുത്തകാലത്ത് നാടിനെ നടു

ക്കിയ ഷൊർണൂർ പാസഞ്ചറിലെ യാത്രക്കിടയിൽ ദാരുണമായി കൊല്ലപ്പെട്ട മഞ്ഞക്കാട് മുല്ലയ്ക്കൽ വീട്ടിലെ സൗമ്യ കേസ് ഇതിൽ അവസാനമായി നിൽക്കുന്ന തെളിവാണ്. യാത്രയിൽ പീഡനത്തിനിരയായി ക്രൂരമായ മരണത്തിന് സാക്ഷിയായ ഈ വാർത്തയെ അത്രപെട്ടന്നാരും മറന്നുകാണില്ലല്ലോ. ഇല്ല മനുഷ്യന്റെ മുദ്രകുത്തപ്പെട്ട ഒരു സഹൃദയർക്കും അത് മറക്കാനുമൊക്കില്ല. തീരാത്തനോവായ് സൗമ്യ വിടവാങ്ങി. സമൂഹത്തിൽ ആർത്തരുടെ ഇടയിൽ നിന്നും ഒടുവിൽ വേദനകളില്ലാത്ത ലോകത്തേക്കു വിടയായി. ഒന്നിളവേൽക്കാൻപോലുമാകാത്ത ശരീരത്തെ ഒരു പിടിചാരത്തിനു സ്വന്തമാക്കുകയാണ് അവസാനം. ഇവിടെ സമൂഹത്തിന്റെയും നിയമത്തിന്റെയും അധികൃതരുടെയും അനാസ്ഥമൂലം സ്ത്രീകളുടെ അളവ് ഗണ്യമായി കുറയ്ക്കാൻ സാക്ഷരതാമിഷന് ഇങ്ങിനെ സാധിക്കുന്നു എന്നാണ് നമ്മൾ കണ്ടെത്തുന്നത്. ഇപ്രകാരം സ്ത്രീസമൂഹത്തെ ആക്ഷേപിക്കുന്ന സമൂഹമാണ് നമുക്കിന്നുള്ളത്. സൗമ്യയ്ക്ക് നാടിന്റെ കണ്ണീരിൽ കുതിർന്ന പ്രാർത്ഥനകൾ വിഫലം. നാട്ടിൽ സ്ത്രീകളുടെ  അരക്ഷിതാവസ്ഥയുടെ രക്തസാക്ഷിയായി സൗമ്യ വിടവാങ്ങുകയും ചെയ്തു. അതിനെല്ലാം പരോപകാരമായി നോട്ടുകെട്ടുകൾ വെച്ച് നീട്ടുന്ന സമൂഹവും. അത് നൽകുന്നവരറിയുന്നില്ല തങ്ങളുടെ അനാസ്ഥമൂലം തങ്ങളടയ്കുന്ന പിഴയാണ്, ഒരു സ്ത്രീയുടെ വിലയാണ്, അതെന്ന്. ജീവനറ്റ ആ സ്ത്രീത്വത്തിന്റെ കണ്ണീരിനുപകരം വിലപേശിയ സ്ഥാപനമേധാവികൾ ഒരിത്തിരി കരുണയുടെ നോട്ടംപോലുമില്ലാതെ നിലവിളികളിൽ പകരം വെയ്ക്കാൻ പണം മാർഗമാക്കുന്ന ഇവിടെ നമുക്കും നാളെ ഒരു വില വീതം നിശ്ചയിക്കപ്പെട്ടിട്ടുണ്ടെന്ന് ഊഹിക്കാം.

കണ്ണില്ലാത്ത ഈ ക്രൂരതയുടെ ഇരയായ സൗമ്യയ്ക്ക് ജീവിക്കാനുള്ള ജീവനുവേണ്ടി ഒരവസരം കേണപേക്ഷിക്കാൻ പോലും വയ്യാത്തവിധത്തിൽ, പിച്ചിചീന്തി മൃഗീയമായാണ്





കൊന്നതെന്ന് സംഭവത്തെ സാക്ഷ്യപ്പെടുത്തുന്നു. ഇതിൽ കുറ്റവാളിയായത് ഒരു മനുഷ്യൻ തന്നെയല്ലേ. നിയമത്തിന്റെ കൊടും അനാസ്ഥമൂലമല്ലേ ആ യുവാവ് ഇന്നും ജീവിച്ചിരിക്കുന്നത്. സ്വന്തം ബന്ധങ്ങളെന്നോ ചോരയെന്നോ വകതിരിവില്ലാതെ അക്രമങ്ങൾ ചെയ്തുകൂട്ടി സമൂഹത്തിൽ മാന്യവേഷം കെട്ടുന്ന ഇവരെ മനുഷ്യനാണെന്ന് പറയാൻ പോലും നാവിനും അറപ്പുവരുകയാണ്. നിയമത്തലപ്പത്തിരിക്കുന്നവരുടെ ചോരയ്ക്കു തന്നെ ഇത്തരം ഗതിവന്നിട്ടുണ്ടായിരുന്നെങ്കിൽ നിയമത്തിന്റെ അപാകതകൾ ഇവിടെ തുടച്ചുമാറ്റുകയും"ശിക്ഷ"യുടെ അളവ് വർദ്ധിക്കുകയും ചെയ്യുമായിരുന്നു. സാധാരണക്കാരന്റെ സ്വപ്നങ്ങൾക്കും ചങ്ങലവീഴുകയാണ്. നാടിന്റെ ഗതിക്കനുസരിച്ച് ചിന്തകളെയും അവർ വഴിതിരിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്.

തെറ്റ്ചെയ്തവരായി ആരും തന്നെ ജനിക്കുന്നില്ല. പിന്നിട്ട് ചെയ്യുന്ന തെറ്റുകളെ പശ്ചാത്താപത്തിൽ നിന്ന് നോക്കികാണാനുള്ള ഹൃദയവും അവർക്കുണ്ടായിരിക്കും. ഇത്തരം പശ്ചാത്തപകർക്ക് മാപ്പർഹിക്കുന്ന നീതികൊണ്ടുനടന്ന ചരിത്രമാണ് നമ്മുടേത്. എന്നാൽ ഇത്തരത്തിൽ ഉള്ള ക്രൂരതകൾ ചെയ്തുകഴിഞ്ഞാൽ ദൈവത്തിനുപേലും മാപ്പ് നൽകാൻ പറ്റില്ലെന്ന് ഓരോ വിശ്വാസികൾക്കും ഉറപ്പിച്ച് പറയാം ഇതിൽ നമ്മളോരോരു

ത്തരും ഗൾഫ് രാജ്യങ്ങളെ മാനിക്കണം. അവിടെ നടപ്പിലാക്കുന്ന നിയമവാഴ്ചയെ നാം ബഹുമാനിക്കണം. ഇത്തരം ക്രൂരതയ്ക്ക് അതുതന്നെയാണ് ശരിയായ മാർഗം. തലയ്ക്ക് തലയെടുക്കുന്ന രീതി. ഗോവിന്ദചാമിയ്ക്കും ലഭിക്കാൻ നമുക്ക് പ്രാർത്ഥിക്കാം. ഇന്ത്യൻ നിയമത്തിന്റെ അളവുകോലുകൾക്ക് സമാനമല്ലാത്ത ക്രൂരതകളാണ് ഇവിടെ ഇപ്പോൾ നടമാടി കൊണ്ടിരിക്കുന്നത്. അതിനാൽ ജനാധിപത്യരാജ്യമായ ഇന്ത്യൻ ഉടമ്പടികൾ നമ്മൾ മാറ്റിയെഴുതേണ്ടതുണ്ട്. അതിൽ ശിക്ഷകിട്ടുന്നവരെ ഓർത്ത് കണ്ണീരൊഴുക്കാൻ ഒരു കണ്ണുകൾപോലും ഉണ്ടാവില്ല. പൊക്കിൾക്കൊടി ബന്ധംതന്ന അമ്മയ്ക്കുപോലും കാർക്കിച്ചുതുപ്പാനേ കഴിയൂ.

അരക്ഷിതാവസ്ഥതുടരുന്ന കേരളത്തിൽ 'സുരക്ഷിതത്വം'വാക്കിൽ മാത്രമൊതുങ്ങുന്ന ചടങ്ങായ് മാറിയിരിക്കുകയാണ്. നമ്മുടെ നടപടികളിൽ അഴിഞ്ഞാട്ടത്തിന്റെ കരവിരുതുകൊണ്ട് അവകാശങ്ങൾക്കുമുമ്പിൽ താണ്ഡവമാടുന്ന രാഷ്ട്രീയനേതാക്കളും നിയമപാലകന്മാരും ഇവരുടെയെല്ലാം കണ്ണിന് ബാധിച്ചിരിക്കുന്ന തിമിരത്തെ എടുത്തുമാറ്റേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. എത്രയെത്ര ഉദാഹരണങ്ങൾ കണ്ടിട്ടും കേട്ടിട്ടും അവർ അതിനു മുന്നോട്ടേയ്ക്ക് വരാത്തത് അവരുടെ കരങ്ങളും ആ ക്രമക്കേടിൽ പങ്കുകൊള്ളുന്നത് കൊണ്ടല്ലേ എന്ന് ചിന്തിക്കേണ്ടിവരുകയാണ്.


ഇങ്ങനെ അധഃപതിച്ചലോകത്തിൽ ഒരു മനുഷ്യപുഴുവായ് ജീവിക്കാൻ അറപ്പും വെറുപ്പും തോന്നുകയാണ്. അതിലേറെ ദുരഭിമാനവും ഇന്ത്യക്കാരനെന്ന്, കേരളീയനെന്ന് അഭിമാനത്തോടെ വിളിച്ചു പറഞ്ഞിരുന്ന കാലത്തിനെ കല്ലെടുത്ത് എറിയുകയാണ് ഇന്നത്തെ സമൂഹം. സത്യത്തെ മൂടിവെച്ചുകൊണ്ട് അധർമ്മത്തെ ദൈവമായി കരുതുന്ന ഓരോരുത്തർക്കും ശിഷ്ടകാലത്തിൽ മോക്ഷമായൊരു ജീവിതം ആഗ്രഹിക്കാനില്ല.

ഇങ്ങനെ അധഃപതിച്ചലോകത്തിൽ ഒരു മനുഷ്യപുഴുവായ് ജീവിക്കാൻ അറപ്പും വെറുപ്പും തോന്നുകയാണ്. അതിലേറെ ദുരഭിമാനവും ഇന്ത്യക്കാരനെന്ന്, കേരളീയനെന്ന് അഭിമാനത്തോടെ വിളിച്ചു പറഞ്ഞിരുന്ന കാലത്തിനെ കല്ലെടുത്ത് എറിയുകയാണ് ഇന്നത്തെ സമൂഹം. സത്യത്തെ മൂടിവെച്ചുകൊണ്ട് അധർമ്മത്തെ ദൈവമായി കരുതുന്ന ഓരോരുത്തർക്കും ശിഷ്ടകാലത്തിൽ മോക്ഷമായൊരു ജീവിതം ആഗ്രഹിക്കാനില്ല. ഒന്നും അറിയാത്ത കൂപമണ്ഡുകമായിരുന്ന പുരാണ കേരളത്തിന് പുതിയ സംഹിതകൾ ആധുനിക കേരളം എഴുതികൊണ്ടിരിക്കുകയാണ്. പീഢനം, ബാലവേല, കൊലപാതകം, ആത്മഹത്യ.... എന്നു തുടങ്ങി അനവധിയാണ് ഉപവിഷയങ്ങൾ. അതിലൊന്നും മാന്യമായ ശിക്ഷ ഉച്ചിഷ്ടം തിന്നുന്ന വിധത്തിലുള്ള നിയമപാലകർ ഇതൊക്കെയാണ് ഇവിടുത്തെ അവസ്ഥ. പക്ഷേ നീതികാണിക്കുന്ന ചില പുണ്യനക്ഷത്രങ്ങൾ ഇതിൽ ഇല്ലെന്ന് പറയാനൊക്കില്ല. എന്നിരുന്നാലും ഭൂരിഭാഗവും കൊലപാതകിയെ തിരിച്ചറിഞ്ഞയുടനെ നമ്മുടെ നിയമം കൊലമരത്തിൽ കയറ്റുമായിരുന്നു. ഇതുവരെ അനവധി കേസിലെ പ്രതിയും തട്ടിപ്പുകാരനുമായ അയാളെങ്ങിനെ ഒരു മോചിത



നായി ഇതുവരെ ജീവിച്ചു. ഈ ധാരുണമായ സംഭവത്തെ തുടർന്ന് കടുത്തശിക്ഷ അയാൾക്ക് വിധിക്കാത്തതെന്തേ നമ്മുടെ കോടതി. ഉത്തരം കിട്ടാത്ത ചോദ്യങ്ങളുമായ് ഒരു നിലവിളിയിൽ ഒരുങ്ങിതീർന്ന ജീവിതത്തിന് ഇനി വിട. ചേച്ചിയെ അഗ്നിനാളങ്ങൾ ആർത്തു വിഴുങ്ങുമ്പോൾ പൊട്ടിക്കരയുന്ന അനുജനും, ജീവൻ നൽകിയ പെറ്റമ്മയ്ക്കും കുറേ നൊമ്പരങ്ങൾ മാത്രം ബാക്കിയായ്. നിറകണ്ണുകളുമായ് അമ്മമാർ ഓരോ ദിക്കിൽ നിന്നും ഈ ദുരിതത്തെ ഉറ്റുനോക്കുകയായിരുന്നു. സൂചിവീണാൽ പോലും കേൾക്കുന്ന നിശബ്ദതയിലേക്കാണ് ഓരോരുത്തരും ചെന്നെത്തിയത്. ആംബുലൻസ് വരുന്നതും കാത്ത് നീർകണ്ണുകൾ തേങ്ങി. പിന്നെയതൊരു കണ്ണീർക്കനമുള്ള കാഴ്ചയുടെ അകമ്പടി യായി.

മരണങ്ങളൊത്തിരി കണ്ട മെഡിക്കൽ കോളേജുപോലും ആ മരണത്തിനുമുമ്പിൽ തരിച്ചു തലതാഴ്ത്തിയെങ്കിൽ എത്ര ഭീകരമായിരുന്നു ആ സംഭവം എന്നു പറ യാൻപോലും കഴിയില്ലായിരുന്നു. അതിന്റെ ഭാഗമായി ഹർത്താൽ ആഹ്വാനം ചെയ്തി ട്ടോ, നിയമത്തിൽ നിന്നും നോട്ടുകൾ ഇറക്കിവെച്ചിട്ടോ അല്ല നമ്മൾ പ്രതികരിക്കേണ്ടത്.




പവിത്രമായ ഭൂമിയിൽ ഇത്തരം പ്രശ്നങ്ങൾ ഉടലെടുക്കാതിരിക്കാൻ നിയമത്തിന്റെ ചേഷ്ടകളെ ഉപയോഗിച്ച് നാട് നന്നാക്കുകയും അക്രമികളെയും, കുറ്റവാളികളെയും തുരത്തിയോടിക്കുകയുമാണ് വേണ്ടത്. നാവിനെല്ലില്ലാത്ത സമൂഹത്തിൽ ഒരു മനുഷ്യനായ് ജീവിക്കുന്നതിൽ ഒരർത്ഥവുമില്ല. അതിനേക്കാൾ എത്രയോ സുന്ദരമാണ് മരണം. നിശ്ശബ്ദതയിലേക്ക് ആരുടേയും അരൾച്ചയില്ലാതെ ഒന്നുമറിയാതെ യാത്രയാവുകയാണ് നല്ലതെന്ന് തോന്നുന്നുണ്ടെങ്കിൽ മനുഷ്യനാണെന്ന് നമുക്ക് സ്വയം വിലയിരുത്തത്താം.

ഇവിടെ അനിവാര്യമായ വാഴ്ചകളെ നമുക്ക് പ്രതീക്ഷിക്കാം. ഇന്ന് സൗമ്യ നാളെ നമ്മളിലൊരാൾ എന്ന പ്രതിധ്വനിയുണർത്തുന്ന കാലത്തിനെതിരെ ഓരോ കരങ്ങളും അണിചേർക്കാം. പതിവില്ലാതെ യാത്ര പറഞ്ഞു പാതിവഴിയിൽ അടർന്നുപോയ കൂട്ടുകാരിക്ക് നിത്യശാന്തിനേർന്നുകൊണ്ട് നമുക്ക് ഒരുമിച്ചുണരാം, പുതുയുഗത്തിന്റെ സംഹാരത്താണ്ഡവത്തിനെതിരെ. തീപിടിച്ച ഹൃദയവുമായി നിളയുടെ കരയിൽ ഒത്തുകൂടിയവർ നെഞ്ചുരുകി കേണത് ഈശ്വരൻ കേൾക്കണമേ എന്ന പ്രതീക്ഷയുമായ് ഇനി വിടവാങ്ങാം.

*നിഷ്ഠൂരതയുടെ കരങ്ങൾ കശക്കിയെറിഞ്ഞ*
*നിർമലപുഷ്പമോ, നിന്റെ സ്മൃതികൾക്കുമുന്നിൽ*
*അർപ്പിക്കുന്ന ഹൃദയാഞ്ജലി.*




# ലോക്പാൽ ബിൽ: ഒരവലോകനം

**ഇ**ന്ത്യയെ വിശേഷിച്ച് ഡൽഹിയെ സംബന്ധിച്ചിടത്തോളം സമരങ്ങൾ പുത്തരിയല്ല.. പലതരത്തിലുള്ള സമരപരീക്ഷണങ്ങൾ ഡൽഹി ദർശിച്ചിട്ടുണ്ട്. സമരങ്ങളെ നിർവികാരതയോടും, നിസ്സംഗതയോടും അഭിമുകരിക്കുകയെന്നതാണ് വൈവിധ്യത്താൽ തനതു സംസ്കാരംപോലും നഷ്ടപ്പെട്ട ഇന്ദ്രപ്രസ്ഥത്തിലെ ജനകൂട്ടത്തിന്റെ ശൈലി. സ്വന്തം ജീവിതത്തിലും, താല്പര്യത്തിലും അഭിരമിച്ച് ഒഴുകുന്ന ജനകൂട്ടമാണത്.. ഇവരിലേക്കാണ് അണ്ണാഹലാരെയെന്ന വയോധികൻ കടന്നു വരുന്നത്. സമൂഹ്യപ്രതിബന്ധയോ, സത്യബോധമോ ഇല്ലാത്ത സമൂഹത്തെ ഉൾപ്പെടുത്തിക്കൊണ്ടുള്ള അതിശക്തമായ ജനകീയ വിപ്ലവമാണ് ഹസാരെ നയിക്കുന്നത്. നിരാഹാരമെന്ന ഗാന്ധിയൻ സമരമാർഗത്തെ പുനരുജ്ജീവിച്ച ഹസാരെ ഇത് 'രണ്ടാം സ്വാതന്ത്ര്യസമരം'മെന്ന് പ്രഖ്യാപിച്ചു. ആന്തരിക ബാഹ്യഉദ്ദേശലക്ഷ്യങ്ങൾ പലരും ഇന്നും നിഗൂഢമാണെന്നതെത്ര സത്യം. അണ്ണാഹസാരെയുടെ സമരത്തിന് വമ്പിച്ച ജനപ്രീതി ലഭിക്കാനുണ്ടായ കാരണങ്ങൾ ചർച്ചചെയ്യപ്പെടേണ്ടവയാണ്.

**അഴിമതിഭൂതം..**

ദേശീയ-പ്രാദേശിക ഭരണകേന്ദ്രങ്ങൾ സാർവ്വത്രികമായ അഴിമതിരംഗങ്ങൾ അരങ്ങേറി (മുമ്പ് നടന്നവ പലതും ഇന്നും ഇരുട്ടിലാണ്..)യതും, പ്രശംസനീയമാം വിധം ദൃശ്യമാധ്യമങ്ങളും, മറ്റു അന്വേഷണാത്മക പത്രപ്രവർത്തനം വഴി പൊതുജനത്തിന് മുന്നിൽ അഴിമതിയുടെ നാറുന്ന വിഴുപ്പുഭാണ്ഡത്തിന്റെ കെട്ടഴിച്ചതും അഴിമതിയെന്ന ദുർഭൂതത്തിന്റെ ഭീബത്സത ജനങ്ങൾക്ക് ബോധ്യപെടാൻ കാരണമായി.

അഴിമതിയുടെ കറുത്തകോട്ടയണിഞ്ഞ നീതിന്യായ പീഠത്തിന്റെയും ഭരണ**കേന്ദ്രത്തിന്റെയും വിശ്വാസ്യതയും, സൽപ്പേരും തിരിച്ച് കൊണ്ട് വരാൻ ഇളകിയാടുന്ന ഗവൺമെന്റിന് സാധിച്ചതുമില്ല. ഇങ്ങനെ പ്രക്ഷുബ്ധമായൊരന്തരീക്ഷത്തിന്റെ സാനിധ്യമാണ് അഴിമതിവിരുദ്ധ നിരാഹാരത്തിന്റെ പ്രചാരത്തിനും ജനപങ്കാളിത്തത്തിനും നിദാനമായത്.


## മാധ്യമങ്ങൾ ലോകപാലിന്റെ പ്രചാരകൻ

'അഴിമതിവിരുദ്ധപ്ലാറ്റ്ഫോം' എന്ന പരിവേഷം ഹസാരെയുടെ നിരാഹാരത്തിന് നൽകി എന്നതിലപ്പുറം ജനപിന്തുണയും ശ്രദ്ധയും പ്രസ്തുത സമരത്തിന് നൽകിതന്നതിൽ യഥാർത്ഥ ക്രഡിറ്റ് മീഡിയക്ക് അവകാശപ്പെട്ടതാണ്. വാസ്തവത്തിൽ മാധ്യമലോകമാണിതിനെ വിജയിപ്പിച്ചത് തന്നെ. അഴിമതി വിരുദ്ധ സമരത്തെ ദൃശ്യമാധ്യമങ്ങൾ നന്നായി ആഘോഷിച്ചു. സാമൂഹ്യപ്രതിബന്ധതയെന്ന പേരിൽ ചാനലുകൾ തമ്മിൽ സംപ്രക്ഷണം മത്സരമായിരുന്നു നടത്തിയത്.

ആഘോഷത്തിന്റെയും ഭാവനാത്മകതയുടെയും ജീവിതത്തിൽ ഒതുങ്ങിയിരുന്ന കോളേജ് വിദ്യാർത്ഥികളും ഈ വിഷയത്തെ ഗൗരവപൂർവ്വം, ആവേശകരമ്മായി സമീപിക്കുന്നതിനു പ്രധാന കാരണം എസ്. എം. എപ്പ് സോഷ്യൽ നെറ്റ്‌വർക്കിങ് സൈറ്റുകളാണ്. സമരം തീവ്രമാകുമ്പോഴേക്കും എസ്.എം എസ്സുകളും, ട്വീറ്റുകളും ഫേസ്ബുക്ക് പേജുകളും, കമ്മ്യൂണിറ്റികളും അതേറ്റെടുത്തു. ഇത് വിഷയം പ്രസക്തമാണെന്ന ചിന്താഗതിയിലേക്ക് യുവസമൂഹത്തെ എത്തിക്കാൻ കാരണമായി അണ്ണാഹസാരെയുടെ വാക്യങ്ങൾ അഭിപ്രയായ വിമർശന പ്രകടനങ്ങളും പൊതുസമൂഹത്തെ അതിഭ്രതം മാധ്യമങ്ങൾ അറിയിച്ചു കൊണ്ടിരിക്കുന്നു.

സംഘാടകർ ദേശീയ പ്രദേശിക മാധ്യമ പിന്തുണ നേടുകയാണ് ആദ്യമേ ചെയ്തത്. തുടർന്ന് ഇന്റർനെറ്റിനെ ഫലപ്രദമായി വിനിയോഗികകുകയും ചെയ്തു.

വിവരസാങ്കേതികവിദ്യാവിപ്ലവാനന്തരം മാധ്യമങ്ങൾ ഏറ്റവും ശക്തമായി സ്വാധീനിച്ചത് മാധ്യമവർഗ്ഗത്തെയാണ്. ഇംഗ്ലീഷ് ചാനലുകളായ 'ടൈംസ് നൗ', എൻ.ഡി. ടി.വി, സി.എൻ.എൻ, തുടങ്ങിയ മുഖ്യധാരാമാധ്യമങ്ങൾ മറ്റെല്ലാവാർത്തകളെക്കാളും പ്രധാന്യം നൽകിയത് ഹസാരെയുടെ സമരത്തിനായിരുന്നു. ഇത് നിലനിൽപ്പിനുവേണ്ടി പിൻപറ്റുകയാണ് പ്രദേശിക ചാനലുകളും, പത്രങ്ങളും ചെയ്തത്. ഇത് ഭൂരിഭാഗം വരുന്ന മാധ്യമവർഗത്തിന്റെ മനോഭാവത്തിൽ അനുരണങ്ങൾ സൃഷ്ടിച്ചു. തുടർന്ന് യൂടൂബിലും മറ്റും ഇതിന് വിപ്ലവപരി




വേഷം നൽകിയത് ദൃശ്യമാധ്യമങ്ങളായിരുന്നു.എന്നാൽ രണ്ടോ മൂന്നോ മുഖ്യധാരാ മാധ്യമങ്ങൾ വിചാരിച്ചാൽ അജണ്ട തീരുമാനിക്കാവുന്നതേയുള്ളൂവെന്ന അപായകരമായ അവസ്ഥയുടെ സാനിധ്യം ഈ വിഷടത്തിലുണ്ട്.

ഭരണകൂടത്തിന്റെ കേട്ടഴുത്തുക്കാർ മാത്രമായി മീഡിയ മാറികൊണ്ടിരിക്കുന്നു. കാശ്മീരിലെ മാനുഷ്യാവകാശധ്യംസനകളും  ഇറോം ശർമിളയെന്ന മണിപ്പൂരിലെ ധീരവനിതയുടെ നിരാഹാരവും മീഡിയ വേണ്ടത്ര ജനശ്രദ്ധയാകർഷിക്കാൻ ഉപയോഗിച്ചിട്ടില്ല. എന്നതിവിടെ ശ്രദ്ദേയമാണ്.

മാധ്യമധർമ്മം സാമ്പത്തികമോഹങ്ങൾക്ക് മുന്നിൽ അഴിച്ചുവെക്കുന്ന മാധ്യമങ്ങളുടെ ഗുണപരമായ ഇടപ്പെടലുകളിലൊന്നായിരുന്ന ഹസാരെയുടെ നുരാഹാര സമരമെന്നത് ആശ്വാസകരം തന്നെ.

ഹസാരെയുടെ സമരം പ്രശസ്തിയാർജ്ജിച്ചപ്പോൾ ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിനി കൗകുകം. എന്ന വിഭാഗത്തിൽപ്പെട്ടവർ തള്ളിക്കയറി സമരപന്തലിലിരുന്നു. വക്കീലന്മാർ, രാഷ്ട്രീയക്കാർ വിവിധ ഉദ്യോഗസ്ഥർ തുടങ്ങിയവരെല്ലാം യുണിഫോമിൽ വന്നു. തങ്ങളെ അഴിമതിവിമുക്തരാണെന്ന നാട്യപ്രകടനമായിരുന്നു ലക്ഷ്യം. തുടർന്ന് ബി.ജെ.പിയും സംഘപരിവാറും തങ്ങ

ളുടെ പരിപാടിയാക്കാൻ ശ്രമിച്ചപ്പോഴേക്കും അരവിന്ദ് ഗജരിവാളിന്റെ നേതൃത്വത്തിലുള്ള സംഘാടകർ ഉമാഭാരതിയെപ്പോലുള്ള രാഷ്ട്രീയക്കാരെ പുറത്ത് നിർത്തി രാഷ്ട്രീയേതര മുഖം സമരത്തിന് നൽകി.



എന്നാൽ ശ്രീ രവിശങ്കർ എന്ന വിപണന കലയുടെ  ഉപജ്ഞാതാവിന്റെ അനുയായികൾ നിർബോധം വേദിയിൽ വിലസി തന്റെ സമരത്തിന് ഹസാരെ ആദ്യം പിന്തുണ ചോദിച്ചത് ബി.ജെ.പിയോടായിരുന്നു. ഇങ്ങനെ ചിലരുടെയെല്ലാം പാവയായി. ഹസാരെയും ഒരു രാഷ്ട്രീയ നാടകമായി സമരവും മാറി എന്നത് ദുഃഖകരം തന്നെ. എങ്കിലും അഴിമതിയോട് നിസ്സംഗത പുലർത്തുന്ന സർക്കാറിനെതിരെയുള്ള ശക്തമായ താക്കീതായി അത് പരിണമിച്ചത് ശുഭകരമാണ്. ഇതിനിടയിൽ മൂന്നാംമുന്നണി സ്വപനം കാണുന്ന ബി.ജെ.പിയും അഴിമതിയുടെ വെട്ടിൽ വീണത് അവർ പരിഹാസ്യരാകാൻ കാരണമായി. പാവപ്പെട്ടവരും ചൂഷിതരുമായവർക്കായി പിറവിയെടുത്ത ഇടതുപക്ഷപാർട്ടികളും അഴിമതിയെന്ന അപ്പകഷ്ണത്തിന് പിടിവലികൂടിയതും അഴിമതിയിൽ നീതികരിക്കാനാവാത്ത വസ്തുതയാണ്. ഇവരെല്ലാം പിന്നീട് ഇന്ത്യയെ അഴിമതിവിമുക്തമാക്കാനും ഇന്ത്യയെ രക്ഷിക്കാനും വേഷപകർച്ച പൂണ്ടത് തികച്ചും രാഷ്ട്രീയ നാടകം തന്നെ.

## ലോക്പാൽ ബിൽ ഭൂതവും, ഭാവിയും

ജനങ്ങളുടെ സംരക്ഷകൻ' എന്നവർഥം വരുന്ന ലോകപാൽ ബിൽ 1968 ൽ നാലാമത് ലോക്സഭയിലാണ് ആദ്യമായി അവതരിക്കപ്പെട്ടത്. തുടർന്ന്, 197,1977,1985,1989, 1996, 1998,

2001,2005, 2008 എന്നീ വർഷങ്ങളിലും അവഗണിക്കപ്പെട്ടു കയാണുണ്ടായത്. നാല് പതിറ്റാണ്ട് നിയമനാക്കപ്പെടുന്നതിൽ നിന്നും ലോകക്പാൽബിൽ തട്ടഴപ്പെട്ടത് അഴിമതിയുടെ അദൃശ്യകരങ്ങളായിരുന്നു.

2004 സെപ്ത. മാസത്തിൽ പ്രധാനമന്ത്രി മൻമോഹൻസിങ് അതിശക്തമായ ലോകപൽ നിയമം നടപ്പിലാക്കാൻ ശ്രമിക്കുമെന്നഭിപ്രായപ്പെട്ടങ്കിലും ചില രാഷ്ട്രീയലോബികൾ ആ ഉദ്യാമം അട്ടിമറിക്കയാണുണ്ടായത്.

ലോക്പാൽ ബില്ലിനെക്കുറിച്ച് തന്നെ അതിശക്തമായി വിമർശിക്കുന്നവരും, അനുകൂലിക്കുന്നവരുമുണ്ട്. മുൻ ഡൽഹി ഹൈക്കോടതി ജഡ്ജിയും അവകാശസമിതിയംഗവുമായ രാജീന്ദർ സച്ചാർ അഭിപ്രായപ്പെടുന്നു.

"നിന്ദ്യകരമാംവിധം പല്ലില്ലാത്തതും, സർക്കാർ അഴിമതിക്കെതിരെ ശക്തമായി യുദ്ധം ചെയുന്നുണ്ടെന്ന് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന ഒരു നിയമം മാത്രമായിരിക്കും "ലോക്പാൽ ബിൽ"


പ്രധാനമന്ത്രിയെ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണമെന്നതാണ് ചൂടുപിടിപ്പിച്ച ചർച്ച. പ്രധാനമന്ത്രിയെ ഉൾപ്പെടുത്തുന്നത് ഭരണഘടനയുടെ സ്വാഭാവിക ഘടനക്കും നിലനിൽപിനും ഭീഷണിയാണെന്നാണ് ഒരു വാദം ബില്ലിന്റെ പൂർണതക്കും സ്വതന്ത്രപ്രവർത്തനത്തിനും അത് കൂടിയേ തീരൂ എന്നതാണ് മറുപക്ഷം.





കലാശം

**താ**ളമേളങ്ങൾക്ക് അവസാനം കുറിച്ച്കൊണ്ട് അരങ്ങിൽ വാദ്യോപകരണങ്ങളും വേഷങ്ങളും വിടപറയുകയായി. കലാലയ സാനുവിൽ നിറഞ്ഞാടിയ യുവത്വത്തിന്റെ മിനുക്ക് ഇനി അഴിച്ചു കളയാം. ആടിത്തീർന്ന വഴികളിലിറ്റുവീണ വിയർപ്പു കണങ്ങൾ തുടച്ചു മാറ്റാം. വേഷങ്ങൾ ഒന്നുകൂടി ദൃഢപ്പെടുത്തി അടുത്ത അരങ്ങേറ്റത്തിനായി കാത്തിരിക്കാം... പേനയിൽ നിന്നും വഴുതിവീണ അക്ഷരക്കൂട്ടങ്ങൾ മിഴിവാർന്ന സർഗവിരുന്നുകളായിരിക്കും. ഇനി വിശ്രമം.......



# സംസ്കാരം ചവച്ചു തുപ്പുന്ന ക്യാമ്പസ്

'Campus' എന്ന വാക്ക് നമ്മിൽ സൃഷ്ടിച്ചെടുക്കുന്ന ഒരു ചിത്രമുണ്ട്. റാഗിംങ്. കുറെ മുദ്രാവാക്യ ധ്വനികൾ മുഴങ്ങുന്ന അന്തരീക്ഷയും പ്രണയത്തിൽ ജീവിതം നശിച്ചവരുടെ കഥ പറയുന്ന സൃഹൃത്തുക്കളും അക്രമത്തിന്റെ പേരിൽ ചോരക്കളം പുരണ്ട മതിൽകെട്ടുകളും ,'ഫ്രീക്കാക്കി' വരുന്ന കുറെ. ഫ്രീക്കന്മരും ഫ്രീക്കികളും.....

സത്യത്തിൽ അറിവിന്റെ അക്ഷരയവനികയായി. കേരളത്തിലുടനീളം തിലകക്കുറി ചാർത്തുന്ന ക്യാമ്പസുകൾ തരം താഴുകയാണോ? ക്യാമ്പസ് എന്നാൽ എന്തോ ഒരു ജാടയാണെന്ന് നടിച്ച് എന്ത് വൃത്തികേടും ചെയ്യുന്ന ഒരു ചന്തപ്പുറായി മാറുകയാണ്.

അനുദിനം വാർത്താമാധ്യമങ്ങളിലൂടെയും മാഗസിനുകളുടെയും ആധുനിക കോളേജ് ക്യാമ്പസിന്റെ അവസ്ഥാ പുറം ലോകം അറിഞ്ഞിരിക്കുകയാണ്. തീർത്തും സംസ്കാരിക മൂല്യത്തെ ചവച്ച് തുപ്പുന്ന കാഴ്ചകളാണ് ക്യാമ്പസിൻ നടക്കുന്നത് സംസ്കാരമെന്ന മഹിതമായ ആഴത്തിനേക്ക് വിദ്യാർത്ഥികളെ കൈപിടിച്ച് കൊണ്ടുപോകേണ്ട കലാലയങ്ങൾ ഇത്തരം തോന്നിവാസങ്ങളുടെ കവലകളായി മാറിയില്ലേ? സാമൂഹിക ബാധ്യതകളും രാഷ്ട്രീയ കാഴ്ച്ചപ്പാടുകളും മാനുഷികബന്ധങ്ങളും വിത്ത് പൊട്ടി സമൂഹത്തിൽ വെളിച്ചം കാണാൻ വേദിയാകേണ്ട ക്യാമ്പസുകൾ സമൂഹത്തെ വഞ്ചിക്കുകയല്ലേ ചെയ്യുന്നത്. അനുദിനം ചുരുളഴിയുന്ന ക്യാമ്പസ് രഹസ്യങ്ങൾ വൻ വീഴ്ചകൾക്ക് വഴിയൊരുക്കുന്നു. പെണ്ണിനും പണത്തിനും. ലോകമാന്യത്തിനും. വേണ്ടി സംസ്കാരത്തെ വിലപേശുന്ന ഒരു കൂട്ടം അവർക്കെപ്പം നിൽക്കുന്ന ചില അധ്യാപകന്മാരും രാഷ്ട്രീയപാർട്ടിടകളും.

തന്റെ കടമകളെയും അവകാശങ്ങളെയും തന്റെ വ്യക്തിത്വത്തിന്റെയും പ്രസക്തി വിളി

ച്ചോതേണ്ട ക്യാമ്പസ് സമരമുഖങ്ങളുടെയും അഴിമതിയുടെയും കാപട്യത്തിന്റെയും കറപുരണ്ട സതംഭങ്ങളായി മാറിയിരിക്കുന്നു. ഇത് തീർച്ചയായും നാളെയുടെ അപകടത്തെ നോക്കി അട്ടഹസിക്കുന്ന സ്തംഭങ്ങളാണ്. അതുകൊണ്ട് തന്നെ ഒരു പുനഃവിചിന്തനം അത്യാവശ്യമാണ്.

## എന്തിനീ റാഗിംങ്?

ഒരു താല്കാലിക ആനന്ദത്തിന് വേണ്ടി ക്യാമ്പസിൽ പുതുതായി എന്തുന്ന തന്റെ അനിയത്തിമാരെ മാനസിക- ശാരീരികമായി പീഡിപ്പിക്കുന്ന ഏർപ്പാടത്രെ റാഗിംങ്. ക്യാമ്പസിൽ നവാഗതർക്ക് താങ്ങും തണലും അത്താണിയും വഴിക്കാട്ടിയുമാകേണ്ട സീനിയർ വിദ്യാർത്ഥികൾ ഇത്തരം സംസ്കാരശൂന്യമായ പ്രവർത്തികളിൽ ഏർപ്പെട്ടാൽ നാം ഇതിനെ




എന്താ വിളിക്കുക? ഈ കിരാത മുഖം വേട്ടയാടപ്പെട്ടതിന്റെ പേരിൽ ബുദ്ധിസ്ഥിരത നഷ്ടപ്പെട്ടവരെ  ശാരീരിക വൈകല്യങ്ങൾ പിടികൂടിയവരെ, ചാരിത്ര്യം നഷ്ടപ്പെട്ടവരെ മരണത്തിന് കീഴടങ്ങിയവരെ നാം എന്ത് വിളിക്കും?

## ക്യാമ്പസ് പ്രണയം

'പ്രണയം'തെറ്റൊന്നുമല്ല; ഒരു പരിധിവരെ. മിക്കപ്രണയവും ഉദിക്കുന്നതും  ക്യാമ്പസിൽ നിന്നുതന്നെ. എന്തോ ആവട്ടേ..! പ്രണയം ഒരു മുതലെടുപ്പാണോ? ഒരു മനസ്സിന്മറ്റൊന്നിനോടുണ്ടാകുന്ന അനുകമ്പയല്ലോ പ്രണയം. ഇത് സ്വാഭാവികം. പക്ഷേ, പലപ്പോഴും ഈ അനുകമ്പയുടെ ഫലം വിലമതിക്കുന്ന വിദ്യാർത്ഥി ജീവിതം തച്ചുടക്കപ്പെട്ടതിന്റെ ചരിത്രം കൂടിയാണ്. സത്യത്തിൽ ഫാഷനായി മാറിയിരിക്കുന്ന പ്രണയം ക്യാമ്പസിൽ  തകർത്താടുകയാണ്. പ്രണയനൈരാശ്യം മൂത്ത് വിദ്യാർത്ഥികൾ സ്വന്തം ജീവൻ ബലികൊടുക്കുന്ന വാർത്തകണ്ട് സമൂഹം ലജ്ജിക്കുകയാണ്.  ക്യാമ്പസോ? വാ പൊളിക്കുകയാണ്.

**കലാലയ രാഷ്ട്രീയം.**



സാമൂഹികമായി ചിന്തിക്കുന്ന ഏതു മനുഷ്യനും രാഷ്ട്രീയമുണ്ട്. അത് ക്യാമ്പസിലെ വിദ്യാർത്ഥിമനസ്സിലുണ്ട്. നാളെയുടെ ഭരണചക്രം സാമൂഹത്തിന്റെ ഗുണപരമായ മാറ്റത്തെ ലക്ഷ്യം വെച്ച് കാണേണ്ട ഇന്നത്തെ ക്യാമ്പസിലെ രാഷ്ട്രീയക്കാർ. എന്നാൽ ആ മഹിതമായ ലക്ഷ്യവും പ്രതീക്ഷയും തകർക്കുന്നവിധത്തിലാണ് ഇന്നത്തെ ക്യാമ്പസ് രാഷ്ട്രീയം. തന്റെ നേതാവിന്റെ താന്തോന്നിത്തത്തിന് സ്ന്ദാബാദ് വിളിക്കാനും, തന്റെ സ്വാർത്ഥ താല്പര്യത്തിന് വേണ്ടിയുള്ള കേവല ഉപാധികളായി ഇന്ന് അത് മറിയിരിക്കുന്നു.

**ഇതെന്താ ഫാഷൻ ഷോ?**

ആധുനിക ഫാഷൻ ഭ്രാന്ത് വിലസുകയാണ്. തന്റെ ശരീരത്തിലെ നഗ്നത വെളിവാക്കുന്ന വസ്ത്രം പോലും ഫാഷനാണെത്ര. തന്റെ അടിവസ്ത്രം അന്യനുമുമ്പിൽ വെളിവാക്കുന്നത് മറ്റൊരു ഫാഷനാണത്ര. ആഗോളവത്കരണത്തിന്റെ പരിണിത ഫലമെന്നോണം വിദേശ മോഡലുകളുടെ കുത്തൊഴുക്കിൽ നമ്മുടെ പൈതൃകങ്ങൾ ഒഴുക്കികളയുകയാണൊ? അതോ ധാർമ്മിക മൂല്യങ്ങളുടെ നിർവചനങ്ങൾ മാറിമറിയുന്നുവോ? എല്ലാം നിസ്സാരവൽക്കരിക്കലാണ് സമൂഹത്തിന് താൽപര്യം...

**ലഹരിയിൽ മുഴുകുന്ന ക്യാമ്പസ്**

ഒരു'മണവാട്ടി' അടിച്ച് ക്ലാസിലേക്ക് മണവാട്ടിയെപോലെവരുന്നവനും സൂചികൊണ്ട് തന്റെ ശരീരത്തിലേക്ക് മയക്കുമരുന്ന് കയറ്റി അതിൽ സുഖം കണ്ടെത്തുവാനും ചുണ്ടുകൾക്കിയിൽ ഒരു 'ചെനീ കൈനി' വെച്ച് വരുന്നവനും വായിലൂടെ പുക കയറ്റി മൂക്കിലൂടെ വിടുകയും ചെയ്യുന്നവർ ഇന്ന് ക്യാമ്പസിൽ കൂടി വരികയാണ്. ഇവർ തന്റെ ശരീരത്തെ മരണത്തിലേക്ക് അടുപ്പിക്കുകയാണ്. ഇത് ഫാഷന്റെ മറ്റും പേരിൽ സുഹൃത്തുക്കളും അനുകരിക്കുന്നു. ഇതൊണോ മഹനീയ വിദ്യാഭ്യാസം? അധികാരികളും, കോളേജധ്യാപകരും നിഷ്ക്രിയരും, പ്രതിബദ്ധതയറ്റവരായി മാറുന്നുവെന്നത് ദുഃഖകരം തന്നെ. വിദ്യാസമ്പന്നരെന്ന് നടിക്കാതെ നന്നായി പരിശ്രമിച്ചാൻ, പ്രതിക്കരിച്ചാൽ നാളെയുടെ ഭാവി ശോഭനവും, യുവത്വം ഭദ്രവുമായിരിക്കും...

രാഷ്ട്രീയം നിന്റെ ന്യായമായ അവകാശങ്ങൾ നേടിയെ ടുക്കാനും നേടിയെടുക്കുന്നവരെ സംരംയക്ഷിക്കാനും തന്റെ സാമൂഹിക പ്രതിബന്ധത നിറവേറ്റാനുള്ള ഒരുപക രണമായും ഉപയോഗപ്പെടുത്താനും നമുക്ക് സാധിക്ക ട്ടെ....കൊടിയുടെ നിറം നമ്മുടെ വ്യക്തിബന്ധങ്ങൾക്ക് തടസ്സമാകാതിരിക്കട്ടെ ...രാഷ്ട്രീയവൈരാഗ്യത്തിന്റെ പേരിൽ തന്റെ കയ്യിലെ കഠാര തന്റെ സുഹൃത്തിന്റെ ശരീര ത്തിൽ പതിക്കാതിരിക്കട്ടേ......

**വേണം നമ്മുക്കൊരു സുന്ദര ക്യാമ്പസ്.**

അധർമ്മത്തെ ധർമ്മമെന്ന പരിചകൊണ്ട് തടുക്കുന്ന ഒരു ക്യാമ്പസ് ഉയരട്ടേ.... തന്റെ ക്യാമ്പസിലെ നവാകതനെ തന്റെ സ്വന്തം അനിയനായി കാണാൻ നിനക്ക് സാധിക്കട്ടെ.... അവന്റെ വീട്ടിലെ ഇല്ലായ്മയും വല്ലായിമയും മനസ്സിലാക്കി തന്റെ കരങ്ങളിൽ നാളെ അവന്റെ അഭിവൃദ്ധിയിലേക്ക് താങ്ങും തണലുമാവട്ടെ.....

പ്രണയം കേവലമൊരു 'ടൈംപാസിന്' ഉപയോഗപ്പെടുത്തി തന്റെവിദ്യാർത്ഥിത്വകാല ഘട്ടം നീ വലിച്ചെറിയല്ലേ..... തന്റെ ക്യാമ്പസിലെ ഒരുവളെ എന്റെ സഹോദരിയായി കാണാന് നിനക്ക് സാധിക്കട്ടെ..... പ്രണയ നൈരാശ്യം ബാധിച്ച് മരണത്തെ ശരണം പ്രാപി ക്കുന്നവരെ സൃഷ്ടിക്കല്ലേ....

രാഷ്ട്രീയം നിന്റെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കാനും നേടിയെടു ക്കുന്നവരെ സംരംയക്ഷിക്കാനും തന്റെ സാമൂഹിക പ്രതിബന്ധത നിറവേറ്റാനുള്ള ഒരുപകര ണമായും ഉപയോഗപ്പെടുത്താനും നമ്മുക്ക് സാധിക്കട്ടെ....കൊടിയുടെ നിറം നമ്മുടെ വ്യക്തിബന്ധങ്ങൾക്ക് തടസ്സമാകാതിരിക്കട്ടെ ...രാഷ്ട്രീയവൈരാഗ്യത്തിന്റെ പേരിൽ തന്റെ കയ്യിലെ കഠാര തന്റെ സുഹൃത്തിന്റെ ശരീരത്തിൽ പതിക്കാതിരിക്കട്ടേ......

തന്റെ മഹിത സംസ്കാരത്തെ സമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കാനുള്ള വേദി യായി ഈ ക്യാമ്പസുകൾ മാറട്ടേ.... കള്ളും, കഞ്ചാവും, സിഗരറ്റും,പാൻ മസാലയും നമ്മിലെ ശത്രുവായി മാറട്ടേ...

ഇത്തരത്തിൽ'ശത്രുവിന്' മാന്യനാക്കാനല്ല മനുഷ്യനാക്കാനാണ് വിദ്യാഭ്യാസമെന്ന ആ പതവാക്യം ശരിവെക്കും വിധം വിദ്യാഭ്യാസത്തിന്റെ അക്ഷരഗോപുരമായി ക്യാമ്പസുകൾ മാറട്ടേ.....

**പ്രാർത്ഥനയോടെ..**

**മുഹമ്മദ് അസ്‌ലം**




# കൂട്ടത്തിൽ പെടാത്തവൻ

**അപർണ എ. ആർ**

**"അ**തിങ്ങെടുത്തേ.... അതല്ല അതിന്റെ മുകളിലത്തെ"

കോളേജിന്റെ വസന്തങ്ങൾ ഷോപ്പിങ്ങെന്ന പേരിൽ മിഠായിത്തെരുവിൽ മേയുന്നതിനിടയിലാണ് ഞാനെന്റെ പഴയ കൂട്ടുകാരിയെ കണ്ടത്. വസന്തമെന്നുദ്ദേശിച്ച ഞാനുൾപ്പെടുന്ന സംഘത്തെ ഒരു ടെക്സറ്റയിൽ ഷോപ്പിൽ സ്വീകരിച്ചത് നജ്ദ. എനിക്കൊപ്പം മത്സരിച്ചുപഠിച്ച പത്താംക്ലാസിലെ പഴയ അസൂയക്കാരി. നിറഞ്ഞചിരിയുമായി അവൾ ഞങ്ങളെ സ്വീകരിച്ചപ്പോൾ അതൊരു ആചാരത്തിന്റെ ഭാഗം മാത്രമാണെന്ന് തിരിച്ചറിയാൻ വൈകി. കോളേജ് പിള്ളരുടെ ബഹളവുമായി കടന്നുവന്ന എനിക്കു മുന്നിൽ അവളുടെ ജാള്യം സ്വയം പഴിക്കുമെന്നോർത്ത് ഒരു പരിചയപ്പെടുത്തലിനു മുതിർന്നില്ല.

എന്റെയാ കൂട്ടുകാരിക്കൊപ്പം ഒരുപാട് മുഖങ്ങൾ പുതിയകാലത്തിന്റെ ട്രെന്റിനും പുത്തൻ വസ്ത്രങ്ങളുടെ ഡിസ്പ്ലേകൾക്കും പിറകിൽ ഒളിഞ്ഞു കിടക്കുന്നത്. യംഗ് ജനറേഷനായും വിദ്യാർത്ഥി-സമൂഹമെന്ന വമ്പൻ ഭൂരിപക്ഷമായും നമ്മൾ അരങ്ങു വാഴുമ്പോൾ നജ്ദ എന്ന പെൺക്കുട്ടിയെ ഏത് അരികുകളിലാണ് നാം സ്ഥാപിച്ചു വെക്കുന്നത്. അതുപോലെ കാണാതെപോകുന്ന മറ്റ് നിറങ്ങളെയും.

പിന്നെ മറ്റൊരു കൂട്ടുകാരൻ, സൂരജ്. സ്കൂളിൽ സമരം ആർത്ത് വിളിക്കുന്നതിനിടയിൽ ബെല്ല് കൈവശപ്പെടുത്തി, ആഞ്ഞടിക്കുന്നത് അവനായിരുന്നു. ഇൻക്വിലാബും ചെകുവേരയും അന്നവന്റെ മുദ്രാവാക്യങ്ങളിൽ നിറഞ്ഞുനിന്നു. മിഠായ്ത്തെരുവിലെ കോർട്ട് റോഡിൽ ഒരു കടയിൽ അവനെ കണ്ടപ്പോൾ "സഖാവേ, തൊഴിലാളിയാണല്ലേ....." എന്ന് "കുട്ടി സഖാവി"നെ ഓർത്ത് ഞാൻ ചോദിച്ചു.

"ഉണ്ട"

"തൊഴിലാളീന്റെ മൂട്. രണ്ട് രണ്ടര കൊല്ലമായ് വന്നിട്ട്. ഞ്ഞനിതുവരെ കണ്ടിട്ടില്ല

# ലാംബ്രട്ട...



സംഘടനക്കാരെ, നമുക്കൊരാവശ്യത്തിന്. 18 കഴിയാതെ ഞങ്ങൾ യുവജനമല്ല, പഠിക്കാത്തോണ്ട് ഒട്ട് വിദ്യാർത്ഥി സംഘടനയും വരില്ല! എവിടെ തിരുകിക്കേറ്റാനാ...."

"അല്ലേലും കിട്ടുന്ന നക്കാപ്പിച്ച വാങ്ങിച്ചു കുടുംബം നോക്കാംന്നല്ലാതെ"

അമ്പരന്നുപോയ എന്റെ നേരെ അവനധികനേരം നോക്കിയില്ല. സൂരജിനെപ്പോലെ ഒരുപാട് കൂട്ടുകാർ എനിക്കുണ്ടായിരുന്നു. ഒരുപാട് കൂട്ടുകാർ വിവിധനാട്ടിലായ്......

പലപ്പോഴും വഴിയോരക്കച്ചവടക്കാരായും തുണിക്കടകളിലും ബസിലുംമറ്റുമായി അദ്ധ്യാപകർക്ക് തന്റെ ഒരു വലിയ വിഭാഗം വിദ്യാർത്ഥികളെ കണ്ടെത്താം.

മലബാറിന്റെ സ്ഥിതി മറ്റുള്ളവയിൽ നിന്ന് വ്യത്യസ്ഥമാണ്. ഹയർസെക്കണ്ടറി സ്കൂളുകളുടെയും ആർട്സ് & സയൻസ് കോളേജുകളുടേയും എണ്ണത്തിൽ പുറകോട്ടുള്ള ഈ ജില്ലകളിൽ പക്ഷേ, പത്താം ക്ലാസ് കടമ്പ കടക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് കാണാനില്ല. ഗ്രെയ്സുകൾ വാരികൂട്ടുന്ന ഈ വിദ്യാർത്ഥികൾ അവസരമില്ലെങ്കിൽ എവിടെയാണ് എത്തിപ്പെടുക? എത്രപേർക്ക് സ്വകാര്യ സ്ഥാപനങ്ങൾ അഭയമാകുന്നു? ശേഷിക്കുന്നവർ മറ്റെവിടെ പോകാൻ? ഇത്തരം സ്ഥാപനങ്ങളല്ലാതെ.

സൂരജിന്റെ വിപ്ലവബോധം മുതലെടുത്ത് അയാളുടെ കൂലിയെക്കുറിച്ചന്വേഷിച്ചപ്പോൾ മിനിമം കൂലിയുടെ ഗ്രാഫ് ഇവിടെയൊത്തിരി താഴെയാണെന്ന പകൽ സത്യം അവനെന്നോട് രഹസ്യമായ് പറഞ്ഞു. യാത്രയും ഭക്ഷണവും കഴിഞ്ഞ് മൊബൈൽ ഫോണിന്റെ വയറ് നിറയ്ക്കാൻ പോലും ആ കാശ് തികയില്ല. മിനിമം കൂലി അവകാശമാണെന്നോ സമയദൈർഷ്യത്തെക്കുറിച്ചോ ആനുകൂല്യങ്ങളെക്കുറിച്ചോ ഇവർക്കറിയില്ല. പെൺകുട്ടികളുടെ സ്ഥിതി ഇതിനേക്കാൾ മോശമാണ്. ഭക്ഷണം കൊണ്ടുവന്ന് കഴിക്കുന്ന ഇവർക്ക് പണിക്കിടയിൽ പുറത്തിറങ്ങേണ്ട ആവശ്യമില്ല (മൂത്രമൊഴിക്കേണ്ടതിന്റെയും) 80 രൂപക്കടുത്ത് കൂലി കിട്ടുന്നവർ, പക്ഷേ കൃത്യമായ് കാശ് വീട്ടിലെത്തിക്കുന്നുവെന്നത് യാഥാർത്ഥ്യം.

കൂട്ടിവായിക്കേണ്ടത് നമ്മുടെ കാര്യമാണ്. കൂൾ ബാറിലും റസ്റ്റോറന്റിലും അറ്റന്റൻസ് ഷോർട്ടേജ് വരുത്താത്ത ഒട്ടുമുക്കാൽ നല്ല പിള്ളേരും പഠിക്കുന്ന നമ്മുടെ കോളേജ്. ഒട്ടധികം വിഷമത്തോടെ ഇന്നലത്തെ ക്രൗൺ തിയറ്ററിലെ നൂൺഷോക്ക് ഞാനെടുത്ത ടിക്കറ്റിനെ കുറിച്ചും- എന്റെ സമപ്രായക്കാരായ പലരുടേയും ഒരു ദിവസത്തെ അധ്വാനഫലം.

സ്വന്തം കാര്യങ്ങൾക്ക് ആരെയും ആശ്രയിക്കണ്ട എന്നിവർ പറയുമെങ്കിലും നാളെയും ഈ പണി കാണുമെന്ന കാര്യത്തിൽ അവർക്കുറപ്പില്ല. ക്യാമ്പസും കൂൾബാറും ഹോസ്റ്റലും ചേർന്ന് നമ്മുടെ വിഹാരഭൂമിയിൽ പറന്നു നടക്കുമ്പോൾ പൊട്ടക്കിണറിൽ വീണ ആ ജന്മങ്ങളെ ഇടക്കൊന്ന് ഓർക്കാം.... അതോ ഈ പൊട്ടക്കിണറിലിരുന്നാണോ നമ്മളവരെ ഓർക്കുന്നത്?



# കരയുന്ന കോമാളി

റഫ്സൽ ബാബു സി. വി.

കരയും മനുഷ്യരെ
ചിരിപ്പിക്കാനായ്
വേഷമണിഞ്ഞൊരു
കോമാളിയാണുഞാൻ
പകൽമുഴുവൻ
അലയുന്നു തിരയുന്നു
ദിക്കറിയാതെ ഈ
ലോകത്തിൽ
രാത്രിയിൽ ഏതോ ഒരു
തിണ്ണയിൽ അവളെക്കാത്തു
ഞാനിരുന്നു
കോരിച്ചൊരിയുന്ന
പേമാരിയിൽ
ചടുലമാം കാറ്റിനെപോലെ
അവൾ എന്നിലേക്കടുത്തു.

മഴയിൽ കുളിച്ച
മരങ്ങൾ സാക്ഷിയായി
കെട്ടിപ്പുണർന്നവൾ
പൊട്ടിക്കരഞ്ഞു.
കരയാതിരുന്നാൽ
എന്തുതോന്നുമെന്നോർത്തു
ഞാൻ കൂടെക്കരഞ്ഞു
കരയും മനുഷ്യരെ
എന്നും ചിരിപ്പിച്ച
ഞാനെന്ന കോമാളി
ഇന്നും കരയുന്നു
ഇപ്പോൾ ഒരു ചോദ്യം ബാക്കി
ചിരിക്കും മുഖത്തെ കരയിച്ച
അവൾ ആരാണ്?

# ഹേ, കർണാ നീയുണ്ടായിരുന്നെങ്കിൽ

ശ്രുതി. ടി
ഒന്നാം വർഷ മലയാള ബിരുദം

ഹേ, കർണ്ണാ
നിന്നെ ഞാനെങ്ങനെ വിശേഷിപ്പിക്കും
സൂര്യപുത്രൻ, സൂതപുത്രൻ
രാധേയ്യൻ, കുന്തേയ്യൻ
അംഗരാജാവ്, ക്ഷത്രിയൻ....
ഹേ, നിനക്കിനിയും വിശേഷണങ്ങൾ ചേർത്തുവാനുണ്ടെന്നറിയാം
പക്ഷേ പറയുവാനേറെയുണ്ടെനിക്ക്
ദുശ്ശാസനൻ പാഞ്ചാലിയുടെ വസ്ത്രം ഉരിയുമ്പോൾ
കാണുവാൻ കഴിയാതെ സഭവിട്ടിറങ്ങിപ്പോയ
നീ അറിയുന്നുവോ?
സൂര്യനെല്ലിയിലും കിളിരൂരിലും
തന്റെമാനത്തിനായി കന്യകകൾ യാചിക്കുന്നത്
ക്യാമറകണ്ണുകൾ അവളുടെ ബാത്ത്റൂമിൽപ്പോലും കടന്നുചെല്ലുന്നത്
സൗമ്യയും ശാരിയും
പാഞ്ചാലിയുടെ പിൻമുറക്കാരായി വരുന്നത്.
കവചകുണ്ഡലം ദാനം ചെയ്ത് പ്രജകളെ സ്നേഹിച്ച
നീ അറിയുന്നുവോ?
ഭരണത്തലവന്മാർതന്നെ അഴിമതി നടത്തുന്നത്
എസ്. ബാൻഡും, സ്പെക്ട്രവും അദർശ്ഫ്ളാറ്റും മാറിമാറിവരുന്നത്
പെറ്റമ്മയേയും പോറ്റമ്മയേയും
ഒരുപോലെ ആരാധിച്ച നീ കാണുന്നുവോ?
മഴക്കൂണുകൾപോലെ പൊന്തിവരുന്ന വൃദ്ധസദനങ്ങൾ
എണ്ണം കൂടുന്ന അമ്മതൊട്ടിലുകൾ
അവസാനനിമിഷംവരെയും കുരുക്ഷേത്രയുദ്ധം
ഒഴിവാക്കുവാൻ ശ്രമിച്ച നിനക്ക് സഹിക്കാൻ കഴിയുമോ?
പരസ്പരം മാറ് എന്നുപറഞ്ഞ് ആട്ടി
ഇവിടെ മാറാടും ഗുജറാത്തും സൃഷ്ടിക്കുന്നത്.
അന്ന് നീ ഇന്ദ്രന് കവചം ഊരിക്കൊടുത്തപ്പോഴുള്ള
നിന്നേക്കാൾ വിരൂപരാണ്
ഇന്നിവിടെ എൻഡോസൾഫാൻ മുലനുണയുന്നവർ
അന്ന് നീ ഗുരുദക്ഷിണ നൽകിയത്
നിന്റെ തുടയിലെ ഓരോ തുള്ളിചോരയുമായിരുന്നു
പക്ഷേ, ഇന്ന് കർണ്ണാ
അദ്ധ്യാപകന്റെ കൈവെട്ടി ഗുരുദക്ഷിണ നൽകുന്നു.
വയ്യ കർണാ പറയുവാൻ
എന്റെ തൂലികയിലെ അഗ്നി അണഞ്ഞിരിക്കുന്നു.

# സൗമ്യ


**Safeena A. K**
M. A. Arabic II year

**ആ** പൂമൊട്ട് വിരിയും
മുമ്പ്, കാറ്റടിച്ചു തകർത്ത
ആ പച്ചിലകൾ, നാളെയുടെ
വസന്തമാവേണ്ടവൾ
ഇന്നിന്റെ ക്രൂരതയ്ക്ക്
മുന്നിൽ, എല്ലാം അവസാനിച്ചപ്പോൾ
കാട്ടാളൻ, ക്രൂരൻ
ഒരു അമ്മയുടെ സ്വപ്നത്തെ
തകർത്തവൻ....
ആരു നൽകും ആ അമ്മയുടെ
കണ്ണുനീരിന് പകരം
അറിയില്ലേ മനുഷ്യാ
ഒരു അമ്മയുടെ സ്വപ്നങ്ങളെ?
വളർന്നു പന്തലിക്കുന്ന
മരം മുറിച്ചു മാറ്റിയാൽ
തണലിടാൻ എന്തുണ്ടിവിടെ
സ്ത്രീ ജന്മം നിന്റെ ക്രൂരതയ്ക്കുള്ളതല്ല
ഓർക്കുക വീണ്ടും വീണ്ടും
പൂവണിയാനുള്ള വസന്തമാണെന്ന്.

**Prajna**
M A English

# വിൽക്കാനുണ്ട്

ഒരു പിടി സ്വപ്നങ്ങൾ
കണ്ണീരും കിനാവും
ചാലിച്ചെഴുതിയ
ഒരു പാഴ്സ്വപ്നം
'നീർകുമിളയുടെ
ആയുസാണത്രെ
മോഹങ്ങൾക്ക്'
ആശകൾക്കൊടുവിൽ
നിരാശയുടെ
വേലിയേറ്റം..
വിൽക്കുന്നു ഞാൻ
വ്യർത്ഥമായ്
പോയെൻ കനവുകൾ
ആയുസില്ലാത്ത
സ്വപ്നങ്ങൾക്കെന്തർത്ഥം?
അകാലത്തിൽ
പൊലിഞ്ഞുപോയ
സ്വപ്നങ്ങൾക്കു
നേരട്ടെ ഞാൻ
ആത്മശാന്തി....



# 'എന്ന് സ്വന്തം പരേതൻ'

പോസ്റ്റ്മോർട്ടം ടേബിളിൽ
ഞാൻ വിറങ്ങലിച്ചു കിടന്നു
എന്റെ ശരീരത്തെ
നിങ്ങൾ കീറി മുറിച്ചു
വേദനയില്ലാതെ
തുന്നിക്കെട്ടാൻ
നിങ്ങൾക്കറിയില്ലല്ലോ.....?
പരിശോധനയ്ക്കൊടുവിൽ
അസ്വഭാവികതയില്ലാത്ത
ഇൻക്വസ്റ്റ് റിപ്പോർട്ട്
പോലീസിനു സമാധാനമാകട്ടെ
പിന്നെ, ഫ്രീസറിലെ
തണുപ്പിലേക്ക്.....
എനിക്ക് വല്ലാതെ കുളിരുന്നു
ആരും വരാനില്ലാത്ത
എനിക്കു കൂട്ടിനു
വേറെയും അജ്ഞാതർ
കാത്തിരിപ്പെന്ന
പ്രഹസനത്തിനൊടുക്കം
നാളെ ഏതോ
വൈദ്യുതശ്മശാനത്തിലേക്ക്
ആറടിമണ്ണും എനിക്കി-
ല്ലെന്ന് ഞാനറിഞ്ഞിരുന്നില്ല......
ഇരുട്ടിനെ എനിക്കുഭയമാണ്
പിശാചുക്കൾ മറഞ്ഞിരിക്കു-
മെന്ന് മുത്തശ്ശി പറഞ്ഞിരുന്നു
ഇരുട്ടിനെ ഭയന്ന്
വെളിച്ചത്തിന്റെ കൂടെ നടന്നു
പക്ഷേ,
വെളിച്ചത്തിൽ
ദംഷ്ട്രകൾ കാണാത്ത
പച്ചച്ചിരിചിരിച്ചെന്നെ
ഇഞ്ചിഞ്ചുകൊല്ലുന്ന
പൊയ്മുഖങ്ങളേക്കാൾ
പിശാചുക്കൾ നല്ലതെന്ന്
ഞാനറിയുന്നു
ചിരിച്ചു ചതിക്കാൻ
അവർക്കറിയില്ല,
ഞാനിരുട്ടിനെ, സ്നേഹിക്കാൻ
തുടങ്ങിയിരിക്കുന്നു......

അനു ഇ.
II year BA English
(4th Semster)

# ഒരു കഥ

അന്നൊരിക്കൽ നിലാവുള്ള ഒരു രാത്രിയിൽ ഞാൻ കഥയെഴുതാനിരുന്നു. ഒരു പാടു നേരം ആലോചിച്ചിരുന്നെങ്കിലും ഒന്നും എഴുതാൻ പറ്റിയില്ല. അപ്പോഴാണോർത്തത് കഥയെഴുതാൻ വാക്കുകളില്ലല്ലോ. പഴയ അലമാരയിൽ അടുക്കിവെച്ച പൊടിപിടിച്ച പുസ്തകതാളുകളിലോരോന്നിലും പരതിയപ്പോൾ അവിടവിടെയായി അടുക്കിവച്ചിരുന്ന ഏതാനും വാക്കുകൾ കിട്ടി. പക്ഷെ അവ വിരലിലെണ്ണാവുന്നവ മാത്രമായിരുന്നു. അവസാനം തീരുമാനിച്ചു, കിട്ടിയ വാക്കുകൾ കൂട്ടിപ്പെറുക്കി വിറ്റ് ഒരു പുതിയ 'റെഡിമെയ്ഡ്' കഥ വാങ്ങാം.

കടലാസുപൊതിയിലെ ഇത്തിരി വാക്കുകൾ കണ്ടപ്പോൾ കടക്കാരനു പുച്ഛം, എങ്കിലും പുഞ്ചിരിച്ചുകൊണ്ടയാൾ അവ തൂക്കി നോക്കി. "പണിക്കൂലി വേറെ വേണം, എങ്കിലൊരു കഥ തരാം" അയാൾ പറഞ്ഞു. മനസ്സിൽ ശപിച്ചുകൊണ്ടെങ്കിലും പണിക്കൂലികൊടുത്ത് ഞാനാ കഥവാങ്ങി. ഒത്തിരി സന്തോഷത്തോടെ ആ കഥ പെട്ടിയിൽ ഭദ്രമായി വച്ച് വീട്ടിലേയ്ക്ക് മടങ്ങി. ഇപ്പോഴിതാ താനും ഒരു കഥാകാരനായി, തനിക്കും സ്വന്തമായൊരു കഥുണ്ട്. അഭിമാനത്തോടെ ഞാൻ ആ കഥ തുറന്നു നോക്കി, അതിലാകെ ആറേഴു വരികൾ; അവയിങ്ങനെയായിരുന്നു.

"മരിച്ചവർ തിരിച്ചു വരാറുണ്ടോ അച്ഛാ?" നിഷ്കളങ്കതയോടെ മടിയിലിരുന്ന് കൊഞ്ചിയ മകളെ ചേർത്തുപിടിച്ച് അയാൾ മറുപടി പറഞ്ഞു, "ഇല്ല മോളേ ഒരിക്കലുമില്ല" "എന്നിട്ട് ഇന്നലെ അച്ഛനോടൊപ്പം കണ്ട ചേച്ചിയാരെന്ന് ചോദിച്ചപ്പോ അച്ഛൻ പറഞ്ഞല്ലോ, അമ്മയാണെന്ന്, എന്റമ്മയല്ലേ അന്നു പുഴയിൽ വീണു മരിച്ചത്? അപ്പോ അതെന്താണച്ഛാ അങ്ങനെ?"


"അമ്മമാർക്ക് മരണമില്ല കുട്ടീ, ഒരിക്കലും മരണമില്ല, ഇനി മോളുറങ്ങൂ നാളെ സ്കൂളില്ലേ?"

ഇതാണോ കഥ, ഇതെന്തൊരു കഥാ! ഇല്ല, ആ കടക്കാരൻ തന്നെ പറ്റിച്ചിരിക്കുന്നു. കടക്കാരനോടുള്ള അമർഷം പിച്ചിച്ചീന്തിയ ആ കടലാസ് തുണ്ടിലുണ്ടായിരുന്നു. അവ അയാളുടെ മുഖത്തേക്ക് വലിച്ചെറിഞ്ഞുകൊണ്ട് ഞാൻ ചോദിച്ചു. "ഇതാണോ നിങ്ങളുടെ കഥ? നിങ്ങളെന്നെ പറ്റിച്ചില്ലേ!"

പൊട്ടിച്ചിരിച്ചുകൊണ്ട് കടക്കാരൻ പറഞ്ഞു. "ഹേ മണ്ടനായ മനുഷ്യാ, നിങ്ങളെന്താണീ ചെയ്തത്?. അതൊരു നല്ല കഥയായിരുന്നു, കഥയില്ലായ്മയുടെ കഥ." തലകുനിച്ച് അവിടെ നിന്നിറങ്ങുമ്പോൾ എന്റെ കഥയില്ലായ്മയെക്കുറിച്ചോർത്ത് ഞാനെന്നെത്തന്നെ ശപിച്ചു.

**Arkkaja. N. P**
(II[nd] Sem) BA Malayalam

# മാന്തളിര്



**അ**തിലോലമായത്, നേർത്തത്, പിന്നെ മെല്ലെ തിളങ്ങുന്നത്. അതായിരുന്നു ചെറുപ്പം. നിറങ്ങൾ അവളെ ഏറെ സുന്ദരിയാക്കി, ചെറിയ വളരെ നേർത്ത ഞെരമ്പുകൾ നാരുപോലെ, അവളിൽ നിറഞ്ഞിരുന്നു. അതാണ് അവൾക്ക് ഓജസ് നൽകിയത്, വയലറ്റ് നിറമുള്ള മേനിയും, നേരിയ ഇളം പച്ച നിറത്തിലുള്ള വരകളും പിന്നീട് മെല്ലെ വളർന്നു, ഇപ്പോൾ അവളെ കണ്ടാൽ മെല്ലെയെടുത്ത് കവിളോട് ചേർക്കാൻ തോന്നും. വളർച്ച നിറത്തിൽ മാറ്റങ്ങൾ വരച്ച് അരികുകൾ പച്ച നിറം നേടി. പിന്നീട് വയലറ്റും ആരെയോ കണ്ടൊളിച്ചു. അവ ആ നിഷ്കളങ്കത്വം എവിടെ പോയിരിക്കാം അറിയില്ല. പുതിയവ എവിടെനിന്നാണ് വരുന്നത് ജീവിതത്തിലെ പുതിയ പാഠങ്ങളിൽ നിന്നാണോ? ആവാം സന്ദർഭങ്ങൾ പല നിറങ്ങൾ തരാറില്ലേ? ചിലപ്പോൾ അവ കടുത്തവയായിരിക്കാം, ചിലപ്പോൾ ഏറെ നിർമലമായതും. കാലങ്ങൾ കാലൊച്ച കേൾപ്പിക്കാതെ നടന്നകന്നു. അവൾ വളർന്നു. പച്ചയുടുപ്പണിഞ്ഞു. മാർദവം പതുക്കെ നഷ്ടപ്പെട്ടു. മാറിമാറി വന്ന മഴയും വെയിലും മഞ്ഞും അവളെ ഒരുപാട് പഠിപ്പിച്ചു. മുഖഭാവം മാറി പരുപരുക്കനായി. അടുക്കളയായ് ഒതുങ്ങി. സൗന്ദര്യത്തെ മറന്നു കർമ്മനിരതയായി. പണ്ട് ഇളം കാറ്റുപോലും അവളെ വല്ലാതെ ചലിപ്പിച്ചിരുന്നു. പക്ഷേ ഇന്ന് അവൾ ദൃഢഗാത്രയാണ്. ചെറുകാറ്റുകൾ അവളെ കുലുക്കാറില്ല. കാലം പടിയിറങ്ങി. നിറം മങ്ങി, ചെടിക്ക് പതിയെ അവളെ വേണ്ടാതായി. ചുളിവുകൾ വന്നു തുടങ്ങി. ഇനി എന്തുപകാരം. സഹവാസികൾക്കിടയിൽ കുശുകുശുപ്പ്. കാലമെത്രയായി, പൊഴിയാറായില്ല. ഒടുവിൽ ആദ്യ ഉണർവിൽ അവളെ പുളകം കൊള്ളിച്ച കാറ്റുതന്നെ അവളെ മണ്ണിലേക്ക് ചേർത്തു. മെല്ലെ കണ്ണടച്ചു. പ്രകൃതിയുടെ, അമ്മയുടെ മടിയിൽ ചേർന്നുകിടക്കുമ്പോൾ വല്ലാത്ത ഒരു സുഖം ഒരു വിർവൃതി അതിലോലമായത് നേർത്തത്.


# തീരെ ചെറിയ ഇനം ചില ഒച്ചകൾ



ബാസിൽ അമാൻ എം. കെ.
M.A. Arabic I(Second Semster)

പലപ്പോഴും കേൾക്കാറുണ്ട്
ഗൗനിക്കാനാരും മുതിരാത്ത
കൂട്ടംതെറ്റിയ ചില ഒച്ചകൾ
ഒച്ചകളുടെ തോടുടയുമ്പോൾ
അധികവും മൗനങ്ങളുടെ
വേലിയേറ്റമാകും
ഉള്ളുപൊള്ളയായ ഒച്ചകൾ
മൗനങ്ങളുടെ മൗനങ്ങൾ
മുറിച്ചു കടക്കുമ്പോഴും
വിടുതി തരാത്ത വേവുകൾ
മൂവന്തിച്ചോപ്പിൽ
ഹൃദയം തപിക്കുമ്പോൾ
കാതരയായ ഓർമ്മകൾ-
ക്കുമീതെ തണൽ നിർത്തുന്നു
അരളിമരച്ചോടുകൾ
നീ മറന്നേച്ചു പോയ വാക്കുകൾക്കും
മീതെ, ഞാനിന്ന് മരണത്തിന്റെ
ഒച്ചകൾക്ക് കാതോർക്കുന്നു.
ചില ഒച്ചകൾക്ക്
ഒച്ചിന്റെ വേഗതയാണ്

താളുകൾ മറിഞ്ഞാലും
മായാത്ത അക്ഷരക്കൂടുകൾ
മുറിഞ്ഞുപോയാലും
മുഖമറിയാത്ത നോവുകൾ
വിഷം പുരട്ടിയ വിശപ്പിന്റെ
ഉൾപ്പെരുക്കങ്ങളിൽ
പൊലിയുന്നവ
വെയിലേറ്റ് വിളറുമ്പോഴും
വാതിലടയ്ക്കില്ലെന്ന മോഹത്തിന്റെ
ഇച്ഛാഭംഗങ്ങൾ
പ്രണയപർവ്വങ്ങൾക്കു മീതെ
പുത്തുലഞ്ഞ
വ്രണിതവാസനയുടെ
നിശാഗന്ധികൾ
പെരുമ്പറയുടെ
മുഴക്കമില്ലെങ്കിലും
അസഹനീയം തന്നെ
തലച്ചോറിൽ കുറുകുന്ന
ഈ ഒച്ചകൾ.....!



**Dilruba. K**
(III B A Economics)

രാത്രിയിൽ
കക്കാനിറങ്ങുന്ന
പകലുറക്കക്കാരൻ
വവ്വാല്,
പകലു മുഴുവൻ
ധ്യാന നിമഗ്നനായ
കള്ളസന്യാസി,
എന്റെ മനസ്സ്
എന്റെ മനസ്സുപോലെ
മിടിച്ച് മിടിച്ച്
നിന്റെ ചൂണ്ടയിലെ
ഇര.
എന്റെ മനസ്സും
നിന്റെ ഇരയും
ഒന്നാണെന്നറിയുന്നിടത്ത്
എങ്ങനെ
വലനെയ്യണമെന്നറിയാതെ
ഞാനെന്ന എട്ടുകാലി!

അശ്വതി.സി
IInd Sem bsc C.S



# ബാക്കിവെച്ചത്

ഇത് ഒരു സ്വപ്നത്തിന്റെ ബാക്കി
ഇവിടെ ഇത്രനേരം കണ്ണോടിച്ചത്
നിന്നിൽ നിന്നടർന്നുവീണ പത്രത്തിന്റെ
ശിഷ്ട ശല്ക്കം പെറുക്കിയെടുത്താണ്.
ഒടുവിൽ
കാണാപുറങ്ങൾ നിങ്ങളിലെത്തുമ്പോൾ
ഞങ്ങളിൽ ആഗ്രഹങ്ങൾ പൂർണ്ണമാവു
ന്നു.
തിരക്കുനിറഞ്ഞ നിമിഷങ്ങളിലും
കണ്ണീർ പൊഴിഞ്ഞ യാതനകളിലും
പുഞ്ചിരി തൂകിയ മുഖങ്ങളിലും
ഈ ചായക്കൂട്ട് വർണ്ണങ്ങളായി.
പിറകെ നിന്ന് കയ്യടിതന്നവരും
താങ്ങ് തന്ന് സഹായിച്ചവരും
ഞങ്ങൾക്ക് തന്നത് അല്പം സംതൃപ്തി
യാണ്.
ഇവിടെ അഹോരാത്രം പണികൊണ്ട മന
സ്സുകളുടെയും
വർണ്ണങ്ങൾ ചാലിച്ചവരുടെയും
സൗഹൃദം പങ്കിട്ടെടുത്തവരുടെയും
മനസ്സിൽ കോറിയിടുന്നു
നന്ദി.
അകം നിറഞ്ഞ് സഹായിച്ചവർക്കും
സ്വപ്നങ്ങൾ പങ്കുവെച്ചവർക്കും
കാണാപുറങ്ങൾ കടന്നുവന്ന
നിങ്ങൾക്കും.
ഒരു വിടപറയലോടെ


# സ്റ്റുഡന്റ്സ് യൂണിയൻ 2010-2011

ചെയർമാൻ




റാശിദ് കുളിവായൽ

ജനറൽ സെക്രട്ടറി



ഹിശാം മുസ്തഫ

ഫൈൻആർട്സ് സെക്രട്ടറി



അഫ്സൽ റഹ്മാൻ

സ്റ്റുഡന്റ്സ് എഡിറ്റർ



അനസ്. എൻ.പി

യു.യു.സി



ഫവാസ് റഹീം

യ.യു.സി



ജുനൈദ്

ജനറൽ ക്യാപ്റ്റൻ



മൻസൂർ

വൈസ് ചെയർമാൻ

സാലിമ

ജോ. സെക്രട്ടറി

അഷിദ. ടി

## ഹാന്റ്ബോൾ ടീം 2010-2011



## യൂണിവേഴ്സിറ്റി ഫുട്ബോൾ ടീമംഗങ്ങൾ 2010-2011



മുനീർ




മൻസൂർ




ഫൈസൽ

# യൂണിവേഴ്സിറ്റി ഹാന്റ്ബോൾ ടീമംഗങ്ങൾ 2010-2011



അൽജോ




ജസീം



അർജുൻ



മുസ്തഫ




സഹദ്



ജവാദ്



മുഹമ്മദ് ഇസ്മായിൽ



## മാഗസിൻ സമിതി 2010 - 2011

*ചീഫ് എഡിറ്റർ*

പ്രൊഫ. ഇ.പി. ഇമ്പിച്ചിക്കോയ (പ്രിൻസിപ്പൽ)

*സ്റ്റാഫ് എഡിറ്റർ*

പ്രൊഫ. എം.എ. സാജിദ. എം.എ

*സ്റ്റുഡന്റ്സ് എഡിറ്റർ*

അനസ്. എൻ.പി

*എഡിറ്റോറിയൽ ബോർഡ്*

വസീം. ആർ.എസ്


ഫർസാന

അശ്വതി ആർ. നായർ

ആമിന സൽമ

ഷംന ഹമീദ്

അമൽ അബ്ദുറഹിമാൻ



കുമ്മായമിട്ട മടമ്പത്ത്മനയുടെ
ചുമരിൽ തൂങ്ങികിടന്നിരുന്ന
ചില്ലിട്ടഫോട്ടോകൾക്കുള്ളിൽ
പണ്ടെന്നോ
ഞാൻ
നഷ്ടപ്പെടുത്തിയ
പ്ലാവില പെറുക്കിനടന്ന
കുട്ടികാലത്തിലെ
ഓർമ്മകളുറങ്ങുന്നുണ്ടായിരുന്നു.





ജീവിതത്തിൽ
യാതൊരു പ്രതികരണവും
ഉണ്ടാക്കാത്ത
തണുത്തുറഞ്ഞ കുറേ
സിദ്ധാന്തങ്ങളുടെ
പ്രകാശകന്മാരാവരുത്!

കലയുടെ, സർഗ്ഗാത്മകതയുടെ
വായനയുടെ, എഴുത്തിന്റെ, ക്രിയാത്മകതയുടെ
ലോകത്ത് നിന്നും
നിങ്ങൾ രാജി വെയ്ക്കരുത്...!

നിങ്ങൾ രക്തസാക്ഷികളാവരുത്...!
സാക്ഷികളാവണം..!

സർഗ്ഗാത്മകതയുടെ ലോകത്ത്
വിചാരണ തിയ്യതി നീട്ടിക്കൊണ്ടേയിരിക്കുന്ന
കേസിലെ
സാക്ഷികൾ...!!

എന്ന്
സ്വന്തം
**സ്റ്റുഡന്റ് എഡിറ്റർ**